കൈരളി

പുസ്തകം ൧൩	൧൧൦൭ മീനം	ലക്കം ൧൨.

ബന്ധനത്തിൽ

(ജിമി)

തിമിരാവൃതമാം തുറുങ്കിലാവാം
ക്ഷമിതാവിന്നമരുന്നതസ്വാതന്ത്ര്യം.
ക്ഷമിയും വ്യഥയിൽശ്ശമിക്കുമാറ്റി-
ക്ഷമിതാനന്ദമതത്രേ ധന്യമല്ല! I

അതു ബന്ധനഗേഹമല്ലിരുട്ടാ-
ണ്ടതുലം മങ്ങിയൊരീനാം തുറുങ്കും
പുതു പൊൽപ്പനിനീരണിഞ്ഞു നിൽക്കും
കുതുകാധായകമാം വസന്തമത്രേ. 2

ദിവമുത്സവമേകുകില്ല ചേതോ-
ധവനില്ലാതെ, തമിസ്ര തന്നെ ചൃറവം.
അവനൊന്നരികത്തുദിക്കിലെന്യേ
ധ്രുവമെൻ ജീവനണഞ്ഞിടുന്നതാമോ? 3

എല്ലാ മഹാർഹ വിഭവങ്ങളുമാന്നു സാര-
മില്ലാത്ത മൺകുടിലിതിങ്ങിനെ നിന്നിടട്ടെ;
വല്ലാത്ത സങ്കടമടക്കി, യടക്കലെന്റെ-
മല്ലാ, വരുന്നുയിരൊടൊത്തു വസിപ്പു ജീവൻ. 4

ജി. ശങ്കരക്കുറുപ്പ്.

മലയാള ഭാഷയുടെ സൌവൎണ്ണദശ

ജനനം, വളൎച്ച, നാശം ഈ അവസ്ഥാത്രയങ്ങൾ മററെല്ലാത്തി
നുമെന്നപോലെ ഭാഷകൾക്കും ഉണ്ട്. പുരാതനകാലങ്ങളിൽ പ്രചാര
ത്തിലിരുന്നു വളരെ അഭിവൃദ്ധിയെ പ്രാപിച്ചശേഷം ക്രമേണ വിസ്മൃത
മായിത്തീൎന്നിരിക്കുന്ന ഭാഷകൾ കാണ്മാനുണ്ടല്ലോ. ഇവയെല്ലാം വിനാശഗൎത്ത
ത്തിൽ വീണു വിസ്മൃതമായിപ്പോയതു് അവയുടെ മഹിമക്കുറവുകൊ
ണ്ടാണെന്നു വിചാരിക്കുവാൻ ന്യായമില്ല. ഭാരതചരിത്രത്തെ സംബ
ന്ധിച്ചിടത്തോളം ഏറെക്കാലം ഒരു രാജഭാഷയായി പരിലസിക്കുവാൻ
സൌഭാഗ്യത്തികവുണ്ടായിരുന്ന പാലിഭാഷ ഇപ്പോൾ, അന്നുണ്ടായിരു
ന്ന വല്ല ശിലാലേഖനങ്ങളിലൊ, "ചെമ്പേടു"കളിലോ, അല്ലെങ്കിൽ ഈ
വക ഭാഷകളുടെ പൂൎവ്വചരിത്രത്തെപ്പററി പൎയ്യവേക്ഷണം ചെയ്യുതൽ
ഫലമായി രാജ്യചരിത്രസംബന്ധമായോ മററൊ വല്ല നൂതനതത്വങ്ങളും
കണ്ടുപിടിക്കുന്നതിൽ ബദ്ധശ്രദ്ധരായിരിക്കുന്ന പൌരസ്ത്യാന്വേഷണകുശല
ന്മാരുടെ അറിവിലൊ, മാത്രമായി അവശേഷിക്കുന്നതായിട്ടാണറിവു്. ഇ
ത്രകണ്ടുതന്നെ ശോച്യാവസ്ഥയിലല്ലെങ്കിലും സംസ്കൃതംമുതലായ മൃതഭാഷ
കളും മുൻപറഞ്ഞ മൂന്നാം ഘട്ടത്തോടു സമീപിച്ചിരിക്കുന്നതായി കാണാം.
അനൎഘതത്വങ്ങളുടെ ആഗാരമായ സംസ്കൃതം ഇതരരാജ്യക്കാരുടെ ശ്രദ്ധ
യെ സാരമായി ആകൎഷിച്ചിട്ടുണ്ടെങ്കിലും അവരെല്ലാം പ്രസ്തുത ഭാഷാകു
സുമത്തിലെ മധു മോഷ്ടിക്കുന്ന വണ്ടുകൾ മാത്രമാണെന്നു കാണാൻ കഴി
യും. മധുപന്മാരായ വണ്ടുകളെപ്പോലെ തങ്ങൾ അറിയാതേയോ അറി
ഞ്ഞോ പരിശ്രമിക്കുന്നതെങ്കിൽ അപ്രകാരം തന്നേയുമോ സംസ്കൃത കു
സുമത്തെ ഫലവത്താക്കുവാൻ ഈ വിദേശീയ ഭൃംഗങ്ങൾ ശക്തങ്ങളല്ല
താനും. തന്മൂലം സംസ്കൃതഭാഷക്കു ശോഭനതരമായ ഭാവിയുണ്ടായേ
ക്കാമെന്നാശിക്കുവാൻ മാൎഗ്ഗം കാണുന്നില്ല.

ഇപ്രകാരം മൂന്നാമത്തെ ഘട്ടത്തിൽ എത്തികഴിഞ്ഞതോ ആ
ദശയെ സമീപിച്ചിരിക്കുന്നതോ ആയ ഭാഷകളുടെയല്ലാതെ മറേറതി
ന്റേയും സൌവൎണ്ണദശയേതെന്നു ഖണ്ഡിതമായിപ്പറയുന്നതിനുള്ള ശ്രമം
അസ്ഥാനത്തിലാണു്. നാൾക്കുനാൾ തുല്യവേഗതയോടെ അഭിവൃദ്ധി
പ്പെട്ടുകൊണ്ടിരിക്കയോ, യാതൊരു വളൎച്ചയുമില്ലാതെ കുറെ നാൾ കഴിക
യോ, ഭാഷാപോഷണാഭിലാഷികളുടെ അഭാവത്താലൊ മററൊ വളൎച്ച
ദശയിൽ തന്നെയുള്ള ഒരു ഘട്ടത്തിലെ അഭിവൃദ്ധി താരതമ്യേന മററൊ
ന്നിനേക്കാൾ സാവധാനത്തിലായിരുന്നിരിക്കയോ ആകാമെന്നല്ലാതെ
ഭാവി, വൎത്തമാനത്തേക്കാൾ ശോച്യമായിത്തീരുക എന്നതു് ഒരു ജീവൽ

ഭാഷയെ സംബന്ധിച്ചിടത്തോളം അസംഭവ്യമാണ്. സൂക്ഷ്മം യാതൊരു നിരൂപണപാടവവും കൂടാതെതന്നെ "ഈ ഭാഷയുടെ നാളിതുവരെയുള്ള ചരിത്രം നോക്കുമ്പോൾ അഭിനവഘട്ടം തന്നെയാണിതിന്റെ ഏററവും മഹനീയ ദശ" എന്നേവനും പറയാവുന്നതും അപ്രകാരം പറയുന്നവൻ അബദ്ധപ്രലപനം ചെയ്തുപോയി എന്നു കുററപ്പെടുത്തപ്പെടുവാൻ ന്യായമില്ലാത്തതുമാകുന്നു. ഈ മഹനീയ ദശയും, സൌവൎണ്ണദശയും ഒന്നല്ലെന്നുള്ളതു സ്മരണീയമാണ്. ഇപ്പോൾ അനിശ്ചിതമായ ഭാവി ഇതിലും മോശമായിരിക്കുമെന്നു ഗണിക്കാമെങ്കിൽ അഭിനവഘട്ടം സൌവൎണ്ണദശയെന്ന് അഭിസംബോധനം ചെയ്യപ്പെടാം. എന്നാൽ ഈ ഗണനം മനുഷ്യശക്തിക്കതീതമത്രേ.

സംഗതികൾ ഇങ്ങനെയെല്ലാമിരിക്കെ മൃതപ്രായമായിത്തീൎന്ന സംസ്കൃതത്തിന്റെ സൌവൎണ്ണ ദശയേതെന്നു ഖണ്ഡിതമായിപ്പറഞ്ഞ സാഹിത്യപടുക്കളെ അനുകരിച്ചായിരിക്കാം, മലയാളഭാഷയുടെ സൌവൎണ്ണദശ കണ്ടുപിടിക്കുന്നതിനുള്ള ശ്രമം സാഹിത്യലോകത്തിൽ കണ്ടുതുടങ്ങി. ഭാഷാഭിവൃദ്ധിക്കായി അനവരതം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നറിയപ്പെടുന്ന 'സാഹിത്യപരിഷത്തു' തുടങ്ങിയ സമിതികളുടേയും, 'കൈരളീവിധേയ'ന്മാരായ വ്യക്തികളുടേയും പരിശ്രമങ്ങൾ അപൎയ്യാപ്തമാണെന്നുള്ള മുറവിളി പ്രസംഗപീഠങ്ങളിൽനിന്നും പത്രപംക്തികളിൽകൂടിയും ഇപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി പുതിയപുതിയ സാഹിത്യപ്രസ്ഥാനങ്ങൾ ഉത്ഭവിക്കയും, പഴയവ പരിഷ്കരിക്കപ്പെടുകയും ചെയ്തുവരുന്നതായിക്കാണുന്നു. ഇതിൽനിന്നെല്ലാമുള്ള അനുമാനം ഭാഷ ഇനിയും മതിയായ വളൎച്ച പ്രാപിച്ചിട്ടില്ലെന്നും അതു ക്രമപ്രവൃദ്ധമായി വളൎന്നുകൊണ്ടിരിക്കുന്നുണ്ടെന്നും അല്ലാതെ മറെറാന്നുമാവാനിടയില്ല. ആ സ്ഥിതിക്കു പ്രസ്തുതപ്രശ്നത്തിന്റെ അനൌചിത്യം ഏറെക്കുറെ സംഭവിച്ചു കഴിയും.

മലയാളഭാഷയെ സംബന്ധിച്ചിടത്തോളം ഈ പ്രശ്നത്തിന്റെ ഔചിത്യാനൌചിത്യങ്ങളെപ്പററി വാദപ്രതിവാദം നടക്കേണ്ടതു് ആവശ്യമാണെന്നും അതു സാഹിത്യവിദ്യാൎത്ഥികൾക്കു വിജ്ഞാനപ്രദമായിരിക്കുമെന്നുമുള്ള അഭിപ്രായമാണു ലേഖകനെ ഇതെഴുതുവാൻ പ്രേരിപ്പിച്ചതു്. ഇതിൽ ലേഖകന്റെ അഭിപ്രായം ഏറെക്കുറെ സമൎത്ഥിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും, ഇതിനെപ്പററി വേണ്ടിടത്തോളം വാദപ്രതിവാദങ്ങൾ കഴിഞ്ഞിട്ടില്ലാത്തതിനാൽ ആയിരിക്കാം എതുകക്ഷിക്കാണു പ്രാബല്യം എന്നു തോന്നുന്നതിനാൽ ആ മതങ്ങളെപ്പററിയും അല്പം ചിലതെഴുതേണ്ടതു് ആവശ്യമെന്നു തോന്നുന്നു.

ഭാഷയുടെ സൌവർണ്ണദശയേതെന്നു 'ഭാഷാചരിത്രസംഗ്രഹ'കാരൻ തന്റെ യുക്തിക്കനുസരണമായി സമർത്ഥിച്ചു കഴിഞ്ഞിട്ടു കാലം കുറേയായെങ്കിലും മററു നിരൂപകന്മാരാരും തന്നെ പ്രസ്തുതപ്രശ്നത്തെപ്പററി പ്രതിവാദിച്ചു കണ്ടിട്ടില്ലാത്തതിനുള്ള കാരണം അതു് അന്നത്തെ പണ്ഡിതന്മാരുടെ പര്യാലോചനയ്ക്കു പാത്രമായിത്തീർന്നില്ലെന്നുള്ളതാകാം. ഒരു ശാസ്ത്രഗ്രന്ഥമായ ഭാഷാചരിത്രം മുഖേന അവതരിപ്പിച്ചിട്ടുള്ള അഭിപ്രായത്തെപ്പററി ചർച്ചചെയ്യാതിരുന്ന പണ്ഡിതന്മാരുടെ ഉദാസീനത അനുകരണയോഗ്യമല്ലെന്നുതന്നെയല്ല അവഹേളനാർഹവുമാണു്. അല്ലെങ്കിൽ അവരെല്ലാം 'ഭാഷാചരിത്രസംഗ്രഹ'കാരന്റെ അഭിപ്രായത്തോടനുകൂലിച്ചെന്നുവരുമോ? സാഹിത്യവിഷയകമായ ഏതൊന്നിനെയുംപററി തങ്ങൾ തങ്ങൾക്കുള്ള അഭിപ്രായങ്ങൾ പൊതുജനസമക്ഷം പ്രകടിപ്പിക്കയല്ലാതെ തദനുകൂല്യ പ്രശ്നത്തിൽ പോലും പ്രശാന്തഗംഭീരന്മാരായി മൌനം ദീക്ഷിച്ചിരിക്കയെന്നുള്ള പതിവില്ലാത്തതിനാലും ഉണ്ടെങ്കിൽ ആശാസ്യമല്ലാത്തതിനാലും വാദവിഷയത്തെ സംബന്ധിച്ചിടത്തോളം മുൻപറഞ്ഞ അഭിപ്രായം (ഉദാസീനരായ പണ്ഡിതന്മാരുടെ ശ്രദ്ധയ്ക്കു പ്രസ്തുതപ്രശ്നം പാത്രീഭവിച്ചില്ലെന്നുള്ളതു) കുറെക്കൂടി യുക്തിയുക്തമെന്നു തോന്നുന്നു.

ഭാഷാചരിത്രസംഗ്രഹകാരന്റെ അഭിപ്രായം മലയാളഭാഷയുടെ 'സൌവർണ്ണദശ', ചമ്പുകാലമാണെന്നാണല്ലോ. ഭാഷാചമ്പുകൾ അനിതരസാധാരണമായ കവിതാരസം ഉൾക്കൊള്ളുന്നവയാണെന്നും, അവ നമ്പിയാർ തുടങ്ങിയ പിൽക്കാലകവികൾക്കു വർണ്ണനാദികളിൽ ആശ്രയസ്ഥാനമായിത്തീർന്നിട്ടുണ്ടെന്നും മററുമുള്ള അഭിപ്രായങ്ങൾ അവിതർക്കിതമത്രെ. പ്രാചീന മലയാളഭാഷയുടെ ചരിത്രത്തിൽ പ്രത്യേകം സ്മർത്തവ്യമായ ഒരു ഘട്ടമാണിതെന്നുള്ളതും അനപലപനീയമാകുന്നു. എന്നാൽ അഭിനവസാഹിത്യപ്രണയികൾക്കു രസിക്കാത്ത ഒരു പ്രതിപാദനരീതിയെ അവ ആവിഷ്കരിച്ചിരിക്കുന്നതു കാണാം. "ഒരു ചെറിയതത്വം ഗ്രഹിക്കുന്നതിന് ഒരു വലിയ ഗ്രന്ഥം മുഴുവൻ പാരായണം ചെയ്യുകയെന്നതു് ഇന്നത്തെ സാഹിത്യരസികന്മാർക്കു രുചിക്കാത്ത സംഗതിയാണു്. ദുഷ്കരമായ സമ്പാദ്യത്തിനു തീവ്രപ്രയത്നം വേണ്ടിവരുന്നുവെങ്കിൽ ആ സമ്പാദ്യം വേണ്ടെന്നുവെയ്ക്കുന്നവരാണു് ആധുനികന്മാർ." ധാരാളം സമ്പാദ്യം കൃച്ഛ്രസാദ്ധ്യമായിത്തീരുകയുംകൂടി ചെയ്താൽ പറയേണ്ടതുമില്ല. "കട്ടവണ്ടികളിലും കെട്ടുവള്ളങ്ങളിലും സഞ്ചരിച്ചിരുന്ന നമ്മുടെ പൂർവികൾക്കും ഒരു പക്ഷേ ഈ വക ഗ്രന്ഥങ്ങളോടു വലിയ വൈമുഖ്യം തോന്നിയിരുന്നില്ലായിരിക്കാം. എന്നാൽ ജീവിതയാത്രതന്നെ വിചാരവേഗത്തിലായിട്ടു

ള്ളുന്നകാലത്തു പടിപടിയായി ഓരോ അടിവെച്ച് അവസാനം കണ്ടുപിടിക്കുവാനുള്ള ഔത്സുക്യവും മനഃസ്ഥിതിയുമില്ലാതെ പോയതിൽ അത്ഭുതപ്പെടുവാനില്ലല്ലോ" ഒരു ചെറിയ തത്വത്തെ പ്രതിപാദിക്കുന്ന സന്ദർഭത്തിൽ അർത്ഥഭംഗിയും ശബ്ദധാടിയും അലങ്കാരവൈചിത്ര്യവും ക്രമത്തിലധികം ഉണ്ടാക്കിത്തീർത്തു ഗ്രന്ഥത്തെ വേണ്ടതിലധികം ദീർഘിപ്പിക്കുക എന്നതു ചമ്പൂകാരന്മാരുടെ പതിവാണ്. തങ്ങളുടെ വർണ്ണനാവൈഭവമാകുന്ന മോടിയേറിയ ശീലത്തരങ്ങളെ പ്രദർശിപ്പിക്കുവാനുള്ള അയഃക്കോലായിട്ടുമാത്രമേ അവർ കഥാഭാഗത്തെ ഉപയോഗിക്കുന്നുള്ളൂ.

പോരെങ്കിൽ രാമായണാദിഗ്രന്ഥഭാഗങ്ങൾ സംസ്കൃതത്തിൽ നിന്നു വിവർത്തനം ചെയ്യാ മറവം ഏററവും ബാല്യദശയിൽതന്നെ ഭാഷയെ അലങ്കരിച്ച നിരണത്തുകവികളുടേയും, ഇവരുടെ കൃതികളിൽ സുലഭമായുള്ള നെടിയ സംസ്കൃതസമാസപദങ്ങളും വിഭക്തിപ്രത്യയാന്തങ്ങളോടുകൂടിയ തനി സംസ്കൃതപദങ്ങളും പരിത്യജിച്ചു ദ്രാവിഡഗോത്രജയായ മലയാളത്തെ സംസ്കൃതത്തോടു ലളിതമാംവണ്ണം യോജിപ്പിച്ചു ബാല്യദശയിൽതന്നെ വേണ്ട പ്രൌഢിവരത്തക്കവണ്ണം ഇദംപ്രഥമായ ഒരു രീതിയിൽ കൃഷ്ണഗാഥ നിർമ്മിച്ച ആ കവിവര്യന്റേയും, സംസ്കൃതവിവാഹം കഴിഞ്ഞുനില്ക്കുന്ന മലയാളഭാഷയുടെ ഒരു പരിവർത്തനസന്ധിയിൽ — വ്യുല്പന്നന്മാരുടെ ലാളനയ്ക്കു വഴിപ്പെട്ടും ചിലപ്പോൾ അവരുടെ കൈവിട്ടും നിലയില്ലാതെ കളിച്ചുമറിയുവാൻ ഭാവിച്ച ഒരു സുഭഗകോമളമായ നിലയിൽ — മലയാളഭാഷാവനിതയെ ശരിയായി കുടിപാർപ്പിച്ച ഒരു നിലയ്ക്കുനിർത്തി മേലാൽ അനേകം പ്രേമസന്താനങ്ങളെ ഉൽപ്പാദിപ്പിക്കുമാറുള്ള ചിരാരോഗ്യവും, അനശ്വരപ്രൌഢിയും വരുത്തിക്കൊടുത്ത അന്വർത്ഥനാമാവായ എഴുത്തച്ഛന്റേയും കാലഘട്ടങ്ങൾ പ്രസ്തുത ചമ്പുകാലത്തോളമോ, അതിൽ കൂടുതലോ, ആയി സ്മരിക്കപ്പെടേണ്ടതായിട്ടുണ്ട്. ചമ്പുകർത്താക്കൾ ധനസ്ഥിതിയുള്ളവരും, സമുദായമേന്മയുണ്ടെന്നു സമ്മതിക്കപ്പെട്ടുപോന്നവരുമായ മലയാളബ്രാഹ്മണരായിരുന്നതിനാൽ അവരുടെ കവിതയിൽ സ്വച്ഛന്ദമായ മനോവൃത്തിയുടെ ബഹിഃസ്ഫുരണലക്ഷണങ്ങൾ സുലഭമായി കാണ്മാൻ കഴിയും. പരിപൂർണ്ണമായ സുഖസമൃദ്ധിയാൽ ഉന്മാദവാന്മാരായിരുന്ന അവർ സാധാരണ ജനങ്ങളുടെയിടയിൽ പ്രചാരത്തിലിരുന്ന ഭാഷാരീതിയേതെന്നോ, സാധാരണജനങ്ങൾക്കു തങ്ങളുടെ കവിതകൾ ആസ്വദിക്കുവാൻ കഴിവുണ്ടോ എന്നോ അന്വേഷിക്കാതിരുന്നതിൽ അതിശയിപ്പാനൊന്നുമില്ല. "സാഹിത്യം ആലോചനാമൃതമായിരിക്കണം, സഹൃദയന്മാർ രസിക്കണം, സാധാരണക്കാർ അഭിനന്ദിച്ചില്ലെങ്കിൽ എന്താണ് "ഹാനി എന്നുള്ള വിധ്യ

തിലായിരുന്നിരിക്കണം അവരുടെ അഭിപ്രായഗതി. ആന്തരമാഹാത്മ്യത്തിനു പുറമെ പ്രാസപ്രചുരിമ തുടങ്ങിയ ബാഹ്യാഡംബരങ്ങളുമുള്ളതിനാൽ ചമ്പുക്കൾ സഹൃദയപാഠകരെ ആകർഷിക്കുന്നതിനു പര്യാപ്തങ്ങളുണ്ട്. എന്നാൽ ഭാഷയിൽ നവംനവങ്ങളായി ഉത്ഭവിച്ചുകൊണ്ടിരുന്നതും ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ മനോഹരമായ പ്രസ്ഥാനങ്ങളിൽ ഒന്നു എന്നുള്ളതിൽ കവിഞ്ഞ ഒരു വൈശിഷ്ട്യം ഇതിൽ ആരോപിക്കുന്നതു് ആലോചിച്ചുതന്നെ വേണ്ടതാണ്.

ഭാഷാചരിത്രസംഗ്രഹത്തിൽ "ആധുനിക മലയാളം" എന്നു സംജ്ഞചെയ്തിരിക്കുന്ന ഘട്ടമാണു് രണ്ടാമത്തെ അഭിപ്രായം. ഭാഷയുടെ നാളിതുവരെയുള്ള ചരിത്രം നോക്കുമ്പോൾ ആധുനികദശതന്നെയാണു ഏറ്റവും മഹിമയേറിയതെന്നു സമ്മതിക്കാം. എന്നാൽ ഭാവിശ്രേയസ്സിനെ പ്രവചിക്കുന്ന ലക്ഷണങ്ങൾ കാണുന്നതുകൊണ്ടു് 'സൌവർണ്ണദശ'യെന്ന സംജ്ഞയെ അർഹിക്കത്തക്കനില 'ആധുനികദശ'ക്കില്ലെന്നു തെളിയുന്നു. ആധുനികദശയിൽ പ്രൌഢമായ ഒരു ഗദ്യസരണിയെ ആർജ്ജിക്കുന്നതിനുള്ള സൌഭാഗ്യമാണു ഭാഷക്കു കൈവന്നിട്ടുള്ളതു്. അതിൽതന്നെ അഭിപ്രായവ്യത്യാസങ്ങളുമില്ലാതില്ല. "ഗദ്യസരസ്വതിയുടെ ജനനം കൊല്ലവർഷം പതിനൊന്നാം ശതകത്തിലെന്നു ആധുനികകാലത്തെ കേരളീയ പണ്ഡിതലോകം ജാതകമെഴുതി. അവരുടെ കാലത്തെയും പാശ്ചാത്യവിദ്യാഭ്യാസത്തെയും പ്രശംസിക്കുന്നതിനുള്ള ഹേതു പ്രാചീനകാലത്തുണ്ടായിരുന്ന രാജകീയ ഗ്രന്ഥപ്പുരകൾതന്നെ അവയുടെ ആഹുതിശാലകളായിത്തീർന്നതുകൊണ്ടാണെ"ന്നാണു് സി. വി. യുടെ മതം. എന്നാൽ പുരാതനകാലത്തു രാജകീയ വിളംബരം മുതലായ ആവശ്യങ്ങൾക്കുമാത്രം ഗദ്യസാഹിത്യം പ്രചാരത്തിലിരുന്നതായി അറിവുള്ളതിനാൽ ഗദ്യസരസ്വതിയുടെ ജനനമല്ലെങ്കിലും വളർച്ച പതിനൊന്നാം ശതകാരംഭത്തോടുകൂടി പ്രചാരത്തിൽവന്ന പാശ്ചാത്യവിദ്യാഭ്യാസഫലമായിട്ടാണുണ്ടായതെന്നു അവർ അഭിമാനിക്കേണ്ടതുതന്നെയാണു്. "സംസ്കൃതത്തിൽ പദ്യകാവ്യം പ്രധാനവും ഗദ്യകാവ്യം അപ്രധാനവും ആയതുകൊണ്ടു രസാത്മകത്വമെന്ന കാവ്യസാമാന്യലക്ഷണം ഗദ്യപദ്യങ്ങളിൽ ഒരുപോലെ വ്യാപിക്കുന്നുണ്ടെന്നുവരികിലും, മലയാളഗദ്യങ്ങളെ സംസ്കൃതരീതിക്കനുസരിച്ചു വകതിരിക്കുന്നതു ദുസ്സാധവും അനാവശ്യവുമാകുന്നു. ചരിത്രം, ആഖ്യായിക, വാങ്മുഖം, ശാസ്ത്രം ഇത്യാദി വിഷയഭേദേന ദിനംപ്രതി വർദ്ധിച്ചുവരുന്ന മലയാള ഗദ്യകൃതികൾക്കു ആയുസ്സറ്റ സംസ്കൃതത്തിൽ എതിരുകാണ്മാൻ പ്രയാസമത്രേ. ഇംഗ്ലീഷിൽ അവകഭേദങ്ങൾ സുലഭവുമാണു്. അങ്ങിനെയിരിക്കെ പഴയതൊക്കെ വർജ്ജ്യമെന്നു

ഭ്രമിച്ചു സംസ്കൃതരീതിയെ സംസ്കരിക്കയില്ലെന്നു മർക്കടമുഷ്ടിപിടിച്ചിട്ടു യാതൊരു പ്രയോജനവും കാണുന്നില്ല. പരിഷ്കൃത സമ്പ്രദായത്തിൽ മലയാളഗദ്യവിഭാഗം ആംഗ്ലേയ രീതിയോടു ഏററവും യോജിച്ചാണിരിക്കുന്നതു്. പ്രഫസർ തിരുമേനിയുടേതായ ഈ അഭിപ്രായം നോക്കുമ്പോൾ ആംഗ്ലേയരീതിയിലുള്ള മലയാളഗദ്യംകൊണ്ടു പെരുമാറിയവരിലഗ്രിമസ്ഥാനത്തിനവകാശിയായ സി. വി. തന്റെ അഭിപ്രായത്തിൽ സ്വന്തം വിനയാതിരേകം പ്രദർശിപ്പിക്കയാണു് ചെയ്തിരിക്കുന്നതു് എന്നുപറഞ്ഞു അപ്രകൃതമായ ഈ ഭാഗം ഇവിടെ നിർത്താം.

കൊല്ലവർഷം 800 ാമാണ്ടു മുതൽ കേരളത്തിൽ പ്രചാരം ആരംഭിച്ച 'പാതിരി മലയാളം' ഗദ്യപരിശീലനത്തിൽ ഇദംപ്രഥമമായ ഘട്ടമായിരുന്നു. എന്നാൽ ഈദൃശഗദ്യരീതി പിൻഗാമികളുടെ ദൃഷ്ടിക്കു വിഷയമാകത്തക്കവിധം ഗ്രന്ഥഗതമായിട്ടുള്ളതു വളരെ ചുരുക്കമായിട്ടു മാത്രമേയുള്ളു. അനന്തരകാലങ്ങളിൽ വാണിജ്യത്തിനായി ഇവിടെവന്ന വർഗ്ഗക്കാരുടെ ഭാഷകളിൽനിന്നെല്ലാം ആവശ്യാനുസരണം വേണ്ടതെല്ലാം സ്വീകരിച്ചുപോന്ന കൈരളി ആംഗലവാണിയുമായി സന്തതസാഹചര്യമനുഷ്ഠിക്കുവാൻ തുടങ്ങിയ 'ആധുനിക'ദശ ഏതായാലും സാഹിത്യചരിത്രത്തിൽ പ്രശംസാർഹമായ ഒരു ഘട്ടമാണു്. ഈ ദശയിൽ ഗദ്യസാഹിത്യത്തിൽതന്നെ വിവിധപ്രസ്ഥാനങ്ങൾ ആവിർഭവിച്ചതായി കാണാൻ കഴിയും. പ്രാസനിഷ്ഠക്കുവേണ്ടിയുള്ള പ്രയത്നഫലമായി സാഹിത്യത്തിൽ കടന്നുകൂടുന്ന വൈലക്ഷ്യങ്ങളെ സരസമായി നിർദ്ദേശിച്ചു പരിഷ്കരിക്കുവാൻ പ്രാചീനകാലത്തുതന്നെ പ്രചാരത്തിലിരുന്ന

"മത്തൻകൂട്ടാൻ കൂട്ടീട്ടും പിത്തം വർദ്ധിച്ചു ഭൂപതേ—ട്ടും." എന്നും മററുമുള്ള പൊടിക്കൈകൾ പദ്യാപ്തങ്ങളായിത്തീർന്നിട്ടുണ്ടെങ്കിലും ഭാഷാഭിമാനികൾക്കു സാഭിമാനം വീക്ഷിക്കാവുന്ന ഒരു നിരൂപണ സരണിയുടെ ആവിർഭാവവും ഈ ഘട്ടത്തിലുണ്ടായി എന്നു സമ്മതിക്കാം. കാഥികമാർഗ്ഗവും പെരുകിവശായിട്ടുള്ളതു ഈ ഘട്ടത്തിലാണു്. എന്നെല്ലാമിരുന്നാലും മററു ഭാഷകളുമായി തട്ടിച്ചുനോക്കുമ്പോൾ ഒരു കൈക്കുഞ്ഞു മാത്രമായി കാണപ്പെടുന്ന മലയാളഭാഷ ഒരു സൌവർണ്ണദശയെ അധിരോഹണം ചെയ്തുകഴിഞ്ഞു എന്നു പറയുന്നതും ആലോചിച്ചു വേണ്ടതാണു്. സാഹിത്യാഭിവൃദ്ധിക്കു സഹായകമായ ചില പദ്ധതികൾ നിർദ്ദേശിച്ചശേഷം "പ്രസ്തുതസംഗതികൾക്കു സാഹിത്യകാരന്മാർ വേണ്ടതുപോലെ പ്രാധാന്യം കല്പിച്ചു പ്രവൃത്തിക്കുന്നപക്ഷം കൈരളിക്കു അചിരേണ ഒരു സുവർണ്ണദശയുണ്ടാവുന്നതാണെന്നു നമുക്കാശിക്കാം. കൈരളിയെ ആ സുവർണ്ണദശയിലേക്കു നയിക്കുന്നതിനു സാഹിത്യകാര

നമുക്കു ഒരു പ്രോത്സാഹനമായി ഈ പരിഷത്തു ഉത്തരോത്തരം വർദ്ധിക്കുമാറാകട്ടെ" എന്നാണു അടുത്തകാലത്തുപോലും സാഹിത്യഭക്തിയുള്ളവർ പ്രസ്താപിക്കുന്നതു. ഇതൊന്നും ഗണ്യമാക്കാതെ നാം ഭാഷ മതിയായ വളർച്ച ചെന്നിട്ടുള്ള ഒന്നായി കാണുന്നുണ്ടെങ്കിൽ അതിനുള്ള കാരണം നമ്മുടെ താരതമ്യ വിവേചനത്തിനുള്ള അജ്ഞതയോ, ഭാവിമേന്മയ്ക്കുള്ള ഔത്സുക്യക്കുറവോ ആകുന്നു.

(പി. എസ്സ്. ഗോപാലപിള്ള ഇടപ്പള്ളി.

ഭാഷാപ്രവേശിക

(ഒരു നിരീക്ഷണം)

ഇതരവിഷയങ്ങളെ അപേക്ഷിച്ചു വ്യാകരണശാസ്ത്രം പഠിക്കുന്നതിൽ വിദ്യാർത്ഥികൾ സാധാരണമായി അനല്പമായ വൈമനസ്യമാണു് കാണിക്കാറുള്ളതെന്നു അനുഭവസ്ഥന്മാരെ അറിയിക്കേണ്ട ആവശ്യമില്ല. സാക്ഷാൽ പ്രൊഫസ്സർ കോയിൽത്തമ്പുരാൻ തിരുമനസ്സുകൊണ്ടുതന്നെ വ്യാകരണപാഠം (കേരളപാണിനീയത്തിന്റെ ആദ്യത്തെ പതിപ്പ്) ക്ലാസ്സിൽ വിവരിക്കുന്ന സന്ദർഭങ്ങളിൽ "ഈ കടുക്കക്കഷായം സേവിക്കുവാൻ ഞങ്ങളാലാവതല്ല"എന്നു അക്കാലത്തെ ചില കോളേജു വിദ്യാർത്ഥികൾ ആവലാതിപ്പെട്ടിരുന്നതായി കേട്ടിട്ടുണ്ടു്. (ഇതു നേരമ്പോക്കോ വാസ്തവമോ എന്നു നിശ്ചയമില്ല!) പണ്ഡിതസാർവ്വഭൗമനും കുശാഗ്രബുദ്ധിയും സർവ്വതന്ത്രസ്വതന്ത്രനുമായിരുന്ന ആ കേരളപാണിനിക്കുകൂടി, വ്യാകരണാദ്ധ്യാപനത്തെ സംബന്ധിച്ചേടത്തോളം ഒരു പക്ഷേ ഇപ്രകാരമായിരുന്നു ചിലപ്പോഴൊക്കെ അനുഭവമെങ്കിൽ പിന്നെ സാധാരണ അദ്ധ്യാപകന്മാരുടെ കഥ പറയാനില്ലല്ലോ.

ഹൈസ്കൂളുകളിൽ, ഇംഗ്ലീഷുവ്യാകരണം പഠിക്കുന്നതിൽ കാണിക്കുന്നതിനേക്കാൾ കൂടുതൽ അശ്രദ്ധയാണു് മലയാള വ്യാകരണപാഠത്തിൽ സാധാരണമായി അദ്ധ്യേതാക്കൾ പ്രകടിപ്പിക്കാറുള്ളതു്. ഇതിനു ചില കാരണങ്ങളും ഉണ്ടു്. ഒന്നാമതു, മലയാളം സ്വന്തഭാഷയല്ലേ. അതു ഉപയോഗിക്കുവാൻ വ്യാകരണവും മററും വേണോ എന്നുള്ള ഒരബദ്ധവിചാരം; രണ്ടാമതു വെറും ശുഷ്കമായ രീതിയിലല്ലാതെ സരസമായ രീതിയിൽ എഴുതിട്ടുള്ള ശാസ്ത്രഗ്രന്ഥങ്ങളുടെ ദൌർല്ലഭ്യം; മൂന്നാമതു, ഭാഷാവ്യാകരണങ്ങളിലുള്ള സാങ്കേതിക സംജ്ഞകൾക്കു ശ്രവണസുഖവും ഐകരൂപ്യവും ഇല്ലായ്മ. ഇതിനെല്ലാററിനും പുറമെ തനിവ്യാകരണനിയമങ്ങൾ കാണാപ്പാഠം പഠിച്ചു ഉരുവിടുന്ന പഴയരീതി നൂതനവിദ്യാഭ്യാസ പദ്ധതിയോടു തീരെ യോജിക്കയില്ലെന്നുള്ള പാശ്ചാത്യചിന്തകന്മാരുടെ അഭി

പ്രായം. ഏവം വിധമുള്ള കാരണങ്ങളാൽ മലയാളവ്യാകരണപാഠം ആകപ്പാടെ വിദ്യാർത്ഥികൾക്കു ഒരു 'തിക്തകം' കഷായം ആയിത്തീർന്നിട്ടുണ്ടെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ലല്ലോ.

എന്നാൽ ഇതുകൊണ്ടുള്ള ദോഷം നമ്മുടെ വിദ്യാർത്ഥികളുടെ ഇടയിൽ കണ്ടുതുടങ്ങിട്ടു കാലം കുറെ അധികമായി. വ്യാകരണത്തെ ഇങ്ങനെ 'പുറമ്പോക്കാ'യി തള്ളിവിട്ടതുകൊണ്ടാണെന്നു തോന്നുന്നു ഇന്നു സ്കൂൾ ഫൈനൽ പാസ്സായി പുറത്തേക്കു വരുന്ന വിദ്യാർത്ഥികളിൽ മിക്കപേരും സാമാന്യം തെറ്റു കൂടാതെ ഒരു ചെറിയ ഉപന്യാസമെങ്കിലും എഴുതുവാൻ അസമർത്ഥന്മാരായി കാണപ്പെടുന്നതു്. അഥവാ മലയാളത്തിലെ ഉപന്യാസരചനകൊണ്ടു കാലക്ഷേപത്തിനു വലിയ മാർഗ്ഗമൊന്നും ലഭിപ്പാനില്ലല്ലോ എന്നായിരിക്കാം ചിലരുടെ വാദം. പക്ഷേ, സ്കൂൾ ഫൈനൽകാരുടെ ഉപന്യാസം മലയാളത്തിലായാലും ഇംഗ്ലീഷിലായാലും ഫലവിഷയത്തിൽ വലിയ വ്യത്യാസമൊന്നുമുണ്ടെന്നു തോന്നുന്നില്ല.

ഈ സംഗതി ഇരിക്കട്ടെ. ഏതായാലും ശുഷ്കങ്ങളായ വെറും നിയമങ്ങളും ഉദാഹരണങ്ങളും മാത്രം അടങ്ങിയ ഒരു വ്യാകരണഗ്രന്ഥത്തിനു ഇന്നത്തെ വിദ്യാർത്ഥികളുടെ ഇടയിൽ സ്വാഗതം ലഭിക്കുമെന്നു വിചാരിപ്പാൻ അവകാശം കാണുന്നില്ല. സ്വതേ സാമാന്യത്തിലധികം കയ്പുള്ള ഒരു സാധനം ഔഷധം തന്നെയാണെങ്കിലും അങ്ങനെ തന്നെ ചവച്ചിറക്കുവാൻ രോഗികൾകൂടി വൈമനസ്യമാണല്ലോ പ്രദർശിപ്പിക്കുന്നതു്. അതു ശർക്കരയിലോ മറ്റോ പൊതിഞ്ഞുകൊടുക്കുന്നതായാൽ അക്കൂട്ടം അത്രതന്നെ മുഷിച്ചിലിനിടയില്ല. വൈയാകരണന്മാർ ഈ തത്വത്തെ വേണ്ടപോലെ അറിഞ്ഞു കഴിയുന്നതും സരസമായ രീതിയിൽ ശാസ്ത്രഗ്രന്ഥം നിർമ്മിക്കുവാൻ ശ്രദ്ധിക്കാഞ്ഞതിനാലായിരിക്കണം 'മലയാളവ്യാകരണം' എന്നു കേൾക്കുമ്പോൾതന്നെ ആധുനികവിദ്യാർത്ഥികൾ നെറ്റി ചുളിക്കുവാൻ തുടങ്ങുന്നതു്.

വ്യാകരണപാഠവിഷയത്തിൽ, ചിരകാലമായി അദ്ധ്യേതാക്കളും അദ്ധ്യാപകന്മാരും ഒരുപോലെ അനുഭവിച്ചു വരുന്ന വിവിധക്ലേശങ്ങളെ നല്ലവണ്ണം അറിഞ്ഞുകൊണ്ടു വിദ്വാൻ മിസ്റ്റർ ജി. ശങ്കരക്കുറുപ്പ് ഇയ്യിടെയായി പുറത്തിറക്കിട്ടുള്ള ഒരു ഉത്തമഗ്രന്ഥമാണ് ഈ ലേഖനത്തിനു വിഷയീഭൂതമായ 'ഭാഷാപ്രവേശിക' എന്ന കൃതി. വാസന, വൈദഗ്ദ്ധ്യം, പരിശ്രമശീലം എന്നീ മൂന്നു ഗുണങ്ങളും ഒരുപോലെ തികഞ്ഞിട്ടുള്ള മലയാളസാഹിത്യകാരന്മാരിൽ ഒരു മാന്യസ്ഥാനത്തെ അർഹിക്കുന്ന കുറുപ്പവർകളുടെ തൂവൽ 'കാവ്യതല്ലജങ്ങൾ' കൊണ്ടെന്നപോലെ ശാസ്ത്ര

ഗ്രന്ഥങ്ങൾകൊണ്ടും കൈരളിയെ അലങ്കരിക്കുവാൻ ഉദ്യുക്തമായിക്കാണുന്നതു് ഭാഷാസ്നേഹികൾക്കു ഏററവും ആശാസപ്രദമായിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ, ഇന്നത്തെ വിദ്യാൎത്ഥികളാണല്ലോ മലയാളം പഠിച്ചു മേലിൽ മാതൃഭാഷയെ പോഷിപ്പിക്കേണ്ടവർ.

ശുഷ്കങ്ങളായ കുറെ നിയമങ്ങളോടുകൂടി എതാനും ഉദാഹരണങ്ങൾ മാത്രം കൂട്ടിച്ചേൎത്തു പുറത്താക്കിയിട്ടുള്ള ഒരു ശാസ്ത്രഗ്രന്ഥമല്ല, 'ഭാഷാപ്രവേശിക'. നേരെമറിച്ചു് ഉപന്യാസരചനാവിഷയത്തിൽ അദ്ധ്യേതാക്കൾ അവശ്യം അറിഞ്ഞിരിക്കേണ്ട നിരവധി സൂക്ഷ്മതത്വങ്ങളെ ഹൃദയംഗമമായ രീതിയിൽ വേണ്ടത്തക്ക ദൃഷ്ടാന്തങ്ങളോടുകൂടി വിവരിച്ചുകൊടുക്കുവാനാണു് ഔചിത്യവേദിയായ ഗ്രന്ഥകൎത്താവു 'പ്രവേശിക' മൂലം ഉദ്ദേശിച്ചിരിക്കുന്നതെന്നുതോന്നുന്നു. വ്യാകരണശാസ്ത്രത്തിലെ സാങ്കേതികസംജ്ഞകളിൽ അത്യാവശ്യമായിട്ടുള്ളവയെമാത്രം സ്വീകരിച്ചു വിവരിക്കുവാൻ തുനിഞ്ഞിരിക്കുന്നതു് ഗ്രന്ഥകാരൻ ഇന്നത്തെ വിദ്യാൎത്ഥികളുടെ മനഃസ്ഥിതി നല്ലവണ്ണം അറിഞ്ഞുംകൊണ്ടു തന്നെയായിരിക്കണം. മാത്രമല്ല, ശുഷ്കമായ് വ്യാകരണസൂത്രം ആദ്യമെഴുതി പിന്നീടു ഉദാഹരണങ്ങൾ കാണിക്കുന്ന പഴയ സമ്പ്രദായം വിട്ടു ഉദാഹരണങ്ങളെ ആദ്യം കാണിച്ചു അതിൽനിന്നും നിയമത്തെ മനസ്സിലാക്കിക്കൊടുക്കുന്ന നവീനരീതി 'പ്രവേശിക'യിൽ സൎവ്വത്ര സ്വീകരിച്ചു കാണുന്നതും യുക്തമായിട്ടുണ്ടു്. ഇതിലെ വ്യാകരണനിയമങ്ങളാകുന്ന 'തിക്തക' ഗുളികകൾ മുഴുവനും ഉദാഹരണവാക്യങ്ങളാകുന്ന ശൎക്കരയുണ്ടകളിൽ നല്ലോണ്ണം പൊതിഞ്ഞിട്ടുള്ളവയാകയാൽ എതു ബാലനും വലിയ കയ്പു കൂടാതെ ആസ്വദിക്കാമെന്നാണു തോന്നുന്നതു്. ആകപ്പാടെ കേരളപാണിനീയത്തിന്റേ, ഇല്ലെങ്കിൽ വേണ്ട, ശബ്ദശോധിനിയുടേയും സാഹിത്യസാഹ്യത്തിന്റേയും ഒരു ഏകദേശജ്ഞാനം 'പ്രവേശിക' ഒന്നുകൊണ്ടു തന്നെ വിദ്യാൎത്ഥികൾക്കു സിദ്ധിക്കുന്നതാണു്. മാത്രമല്ല സാഹിത്യസാഹ്യത്തിൽകൊടുത്തിട്ടുള്ളവയ്ക്കും പുറമെ ഉപന്യാസരചന സാഹായ്യകമായ്ത്തീരാവുന്ന ഭാഷാസംബന്ധമായ മററ ചില നവീനതത്വങ്ങളേയും ഗ്രന്ഥകൎത്താവു 'പ്രവേശിക'യിൽ ക്രോഡീകരിച്ചു കാണിച്ചിരിക്കുന്നതു് അധികം സന്തോഷാവഹമായിരിക്കുന്നു. ഇംഗ്ലീഷിലെ ഇപ്പോഴത്തേ രീതിയനുസരിച്ചു വ്യാകരണനിയമങ്ങളേയും സാഹിത്യനിയമങ്ങളേയും ഒരേ സന്ദൎഭത്തിൽ കൂട്ടിയിണക്കിക്കൊണ്ടു എഴുതിട്ടുള്ള ഭാഷാശാസ്ത്രഗ്രന്ഥങ്ങളിൽ ഇതു ഒന്നാമത്തേതാണെന്നുതന്നെ പറയാം. എതായാലും ഇപ്രകാരം അതീവ ഉപയോഗപ്രദമായ ഒരു ശാസ്ത്രഗ്രന്ഥാവലികൊണ്ടു വിദ്യാൎത്ഥികളേയും തദ്വാരാ കൈരളിയേയും അനുഗ്രഹിക്കുവാൻ പണ്ഡിതവൎയ്യ

നായ മിസ്റ്റർ കുറപ്പ് ഉദ്യുക്തനായതിൽ അദ്ദേഹത്തെ വീണ്ടും അഭിനന്ദിച്ചുകൊള്ളട്ടെ.

മററചില വ്യാകരണങ്ങളെ അപേക്ഷിച്ചു, പ്രസ്തുതഗ്രന്ഥത്തിൽ തൽകർത്താവു വരുത്തിട്ടുള്ള ഭേദഗതികളിൽ ചിലതുമാത്രം സൂചിപ്പിക്കാം. ഭാഷാസൌധത്തിന്റെ അസ്ഥിവാരക്കല്ലു വെപ്പിച്ച കേരളപാണിനിയുടെ വ്യാകരണപാഠാവലിയിൽ, നാമങ്ങളെ പൊതുവിൽ ദ്രവ്യനാമം, ഗുണനാമം, ക്രിയാനാമം എന്നിങ്ങനെ മൂന്നായി വിഭജിച്ചു, ദ്രവ്യനാമത്തിനു മാത്രം സംജ്ഞാനാമം, സാമാന്യനാമം, മേയനാമം, സർവ്വനാമം എന്നിങ്ങനെ നാലു അവാന്തരവിഭാഗങ്ങൾ കല്പിക്കുകയാണ് ചെയ്തിട്ടുള്ളതു്. എന്നാൽ മിസ്റ്റർ കുറപ്പ്, സർവ്വനാമത്തെ ദ്രവ്യനാമത്തിന്റെ ഒരു അവാന്തരവിഭാഗമായി സ്വീകരിച്ചിട്ടില്ല. അദ്ദേഹം നാമങ്ങളെ ആദ്യംതന്നെ ദ്രവ്യനാമം, ഗുണനാമം, ക്രിയാനാമം സർവ്വനാമം എന്നിങ്ങനെ നാലായി വിഭജിച്ചുകൊണ്ടു, ദ്രവ്യനാമത്തിനു സംജ്ഞാനാമം, സാമാന്യനാമം, മേയനാമം എന്നിങ്ങനെ മൂന്നു അവാന്തരവിഭാഗങ്ങൾമാത്രം കല്പിച്ചിരിക്കുന്നു. തന്നിമിത്തം സർവ്വനാമത്തിനു ദ്രവ്യനാമത്തിന്റെ വാലിന്മേൽ കിടന്നു തൂങ്ങാതെ കഴിഞ്ഞു. 'പ്രവേശിക'യിൽ വരുത്തിയിരിക്കുന്ന ഈ വ്യതിയാനത്തിന്റെ അടിസ്ഥാനമെന്തെന്നു ഗ്രന്ഥകർത്താവു സൂചിപ്പിക്കപോലും ചെയ്തിട്ടില്ലെങ്കിലും പ്രസ്തുതപരിഷ്കാരം യുക്തമായിട്ടുണ്ടെന്നുതന്നെയാണ് ഈ ലേഖകനു തോന്നുന്നതു്. എന്തെന്നാൽ, സർവ്വനാമം എല്ലാത്തരം നാമങ്ങൾക്കും പകരം നില്ക്കുന്ന ഒന്നായതുകൊണ്ടു അതിനെ പ്രത്യേകിച്ചൊരു വിഭാഗമായി ഗണിക്കുകയാണല്ലോ ഉത്തമം. മാത്രമല്ല, സർവ്വനാമത്തെ ദ്രവ്യനാമങ്ങളിൽ ഉൾപ്പെടുത്തണമെങ്കിൽ അതു് (സർവ്വനാമം) ഏതെങ്കിലും വസ്തുവിനെ മാത്രമേ കുറിക്കുവാൻ പാടുള്ളു. എന്തുകൊണ്ടെന്നാൽ, "ഒരു വസ്തുവിന്റെ പേരായതു ദ്രവ്യനാമം" എന്നാണല്ലോ ദ്രവ്യനാമത്തിന്റെ ലക്ഷണം. പ്രത്യുത,

"കവിതയുടെ മാധുര്യം അവർണ്ണനീയമാണ്; അതു ആസ്വദിച്ചു തന്നെ അറിയണം."

"വേഷക്കാരന്റെ ആട്ടം കണ്ടുവോ? അതു കാണേണ്ടതായിരുന്നു"

എന്നിവാക്യങ്ങളിലെ 'അതു' എന്ന സർവ്വനാമം ഗുണനാമത്തിനും ക്രിയാനാമത്തിനും ആണല്ലോ പകരം നില്ക്കുന്നതു്. ഇതിൽനിന്നു, സർവ്വനാമം വസ്തുവിനെ മാത്രമല്ല, ഗുണത്തേയും ക്രിയയേയും കൂടി കുറിക്കുന്നുണ്ടെന്നു സ്പഷ്ടമാകുന്നു. ആ സ്ഥിതിക്കു സർവ്വനാമത്തെ, കേവലം വസ്തുസൂചകമായ ദ്രവ്യനാമത്തിന്റെ ഒരു അവാന്തരവിഭാഗം

മാത്രമായി കണക്കാക്കാതെ, നാമത്തിന്റെ ഒരു സാമാന്യവിഭാഗമായി കല്പിച്ചു 'പ്രമോഷൻ' കൊടുത്തിരിക്കുന്നതു് വളരെ യുക്തമായിട്ടുണ്ടെന്നു തോന്നുന്നു. ആംഗല വൈയാകരണന്മാരാണെങ്കിൽ, സർവ്വനാമ (Pronoun)ത്തെ നാമവിഭാഗത്തിൽ പെടുത്തുന്നതിനുകൂടി സമ്മതിക്കാതെ സ്വതന്ത്രമായ ഒരു ശബ്ദവിഭാഗത്തിന്റെ സ്ഥാനം നൽകിയിരുത്തിയിരിക്കയാണല്ലോ.

'പ്രശ്നാർത്ഥകസർവ്വനാമം' എന്നിങ്ങനെ ചില വ്യാകരണങ്ങളിൽ കാണുന്ന സംജ്ഞക്കു പകരം 'ചോദ്യസർവ്വനാമം' എന്നു സ്വീകരിച്ചതു് വിദ്യാർത്ഥികൾക്കു കുറെക്കൂടി ലളിതമായിട്ടുണ്ടു്. കേരളപാണിനിയുടെ മതമനുസരിച്ചു, പ്രഥമാദ്വിതീയാദികൾക്കു പകരം നിർദ്ദേശികാപ്രതിഗ്രാഹികാദി നവീന വിഭക്തി സംജ്ഞകളെ സ്വീകരിച്ചിരിക്കുന്നതു്, ശ്രവണസുഖത്തെ മാത്രം സംബന്ധിച്ചേടത്തോളം വലിയ മെച്ചമായിട്ടില്ലെങ്കിലും, ശാസ്ത്രാനുസൃതമായ ഒരു ഭാഷാവ്യാകരണത്തിനു് അനുപേക്ഷണീയമാണെന്ന സംഗതി സമ്മതിക്കാതെ നിവൃത്തിയില്ല.

കേരളപാണിനീയത്തിൽ Verb എന്നതിനു 'കൃതി' എന്നു സാധാരണമായും 'ക്രിയ' എന്നു ദുർല്ലഭമായും ഇങ്ങനെ രണ്ടു സംജ്ഞ ഉപയോഗിച്ചുകാണുന്നുണ്ടു്. 'ക്രിയ'കൊണ്ടുതന്നെ ആവശ്യം ധാരാളം നടത്താവുന്നതുകൊണ്ടു ഗ്രന്ഥകാരൻ 'പ്രവേശിക'യിൽ 'കൃതി'യെ അത്ര ഗണിക്കാതെ ക്രിയയെയാണു് സ്വീകരിച്ചിരിക്കുന്നതു്. തന്നിമിത്തം വിദ്യാർത്ഥികൾക്കു അത്യാവശ്യമല്ലാത്ത ഒരു സാങ്കേതിക സംജ്ഞ ഓർമ്മവെക്കാതെ കഴിഞ്ഞു. അദ്ധ്യേതാക്കൾക്കു 'കൃതി'യേക്കാൾ എളുപ്പത്തിൽ അർത്ഥബോധം ഉണ്ടാകുന്നതു് 'ക്രിയ'കൊണ്ടാണല്ലോ. (ഈ കൂട്ടത്തിൽ, മുറ്റുവിനക്കും പറ്റുവിനക്കും പകരം പൂർണ്ണക്രിയയും അപൂർണ്ണക്രിയയും അല്ലേ വിദ്യാർത്ഥികൾക്കു അധികം എളുപ്പമായിത്തീരുക എന്നു കൂടി സംശയിക്കുന്നു.) വിശേഷണങ്ങളുടെ ഉൾപ്പിരിവുകളായ സാംഖ്യം, വിഭാവകം, പാരിമാണികം തുടങ്ങിയ സംജ്ഞകളെ പ്രവേശികയിൽ വിട്ടുകളഞ്ഞിരിക്കുന്നതു്, അവകൊണ്ടു ഉപന്യാസരചനക്കു വലിയ ആവശ്യമില്ലെന്നു വെച്ചിട്ടായിരിക്കണം.

വിദ്യാർത്ഥികളുടെ ഭാഷാജ്ഞാനത്തെ എളുപ്പത്തിൽ വർദ്ധിപ്പിക്കുവാൻ ഉതകുന്നതായ ഒരു ഉത്തമശാസ്ത്രഗ്രന്ഥത്തിന്റെ ആവിർഭാവം ഭാഷാസ്നേഹികളാൽ ചിരകാലമായ് സോൽക്കണ്ഠം പ്രതീക്ഷിക്കപ്പെട്ടിട്ടുള്ളതാണു്. പാണ്ഡിത്യവും കവിത്വവും ഒരുപോലെ വിലസുന്ന ഒരു ഭാഷാഭിമാനിയിൽ നിന്നും ഈദൃശമായ ഒരു പുസ്തകാവലി പുറപ്പെട്ടതിൽ, വിചാരിച്ചതിലധികം ആഹ്ലാദവും ഇല്ലെന്നില്ല. പക്ഷേ, നാമകൾ കാ

ണംതോറം ആശ വദ്ധിക്കുന്നതു് ആക്കും സഹജമാണല്ലോ. 'പ്രവേശിക'യുടെ ഒന്നും രണ്ടും ഭാഗങ്ങൾ മാത്രമാണ് ഇപ്പോൾ പുറത്തായി കാണുന്നതു്. ഇനിയും ഉണ്ടോ എന്നു നിശ്ചയമില്ല. ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ളവ തന്നെ ഇനിയൊരു പതിപ്പു വേണ്ടിവരുന്ന പക്ഷം അല്പം ചില ഭേദഗതികൾ വരുത്തി ഒന്നുകൂടി തേച്ചുമിനുക്കിയാൽ വിദ്യാർത്ഥികൾക്കു് അധികം സുഗമമായിത്തീരുകയില്ലയോ എന്നു സംശയിക്കുന്നു. ആദ്യമായി, പ്രവേശികയുടെ ഒന്നാംഭാഗത്തിൽ വരുത്തിയാൽ തരക്കേടില്ലെന്നു തോന്നുന്ന ചില സംഗതികളെപ്പററി പ്രതിപാദിക്കാം. ഈ വക ഭേദഗതികൾ എൻെറ അല്പദൃഷ്ടിയിൽ കണ്ടവയാകകൊണ്ടു് അവയെല്ലാം ഒരുപോലെ ശരിയായിക്കൊള്ളണമെന്നില്ല. ഒരു പക്ഷേ, എൻെറ നിർദ്ദേശങ്ങളിൽ ചിലതെങ്കിലും അനാവശ്യമല്ലെന്നു തോന്നിയാൽ ഗ്രന്ഥകർത്താവിനു് ഇനിയത്തെ പതിപ്പിൽ അവയെ സ്വീകരിക്കുകയും ചെയ്യാമല്ലോ.

ഒന്നാമതായി എനിക്കു പറവാനുള്ളതു്, പ്രവേശികയുടെ (പ്രഥമഭാഗത്തിൻെറയും ദ്വിതീയഭാഗത്തിൻെറയും) ആരംഭത്തിലോ അവസാനത്തിലോ യുക്തംപോലെ, മലയാളവ്യാകരണത്തിലെ സംജ്ഞകൾക്കു തക്കതായ ഇംഗ്ലീഷുസംജ്ഞകൾ കൊടുത്തിട്ടുള്ള ഒരു പട്ടികകൂടി ചേർക്കുന്ന പക്ഷം അതു ഹൈസ്കൂൾ വിദ്യാർത്ഥികൾക്കു് അധികം പ്രയോജനകരമായി ഭവിക്കും എന്നതാണു്. ഉദാഹരണത്തിനു്

സംജ്ഞാനാമം	= Proper Noun.	ഗതി	= Preposition.
ഗുണനാമം	= Abstract Noun.	പ്രത്യയം	= Suffix.
മേയനാമം	= Material Noun.	അർദ്ധവിരാമം	= Semicolon.
പൂർണ്ണക്രിയ	= Finite Verb.	നിർദ്ദേശവാക്യം	= Positive Senterce
സകർമ്മകക്രിയ	= Transitive Verb.	പരാവർത്തനം	= Paraphrase.
ഘടകം	= Conjunction.	വ്യാകരിപ്പ്	= Parsing.
		അപോദ്ധാരം	= Analysis etc.

ഈ രീതിയിൽ, ഗ്രന്ഥത്തിലെ സാങ്കേതികസംജ്ഞകൾക്കു, സാധിക്കാവുന്നേടത്തോളം പകരം ഇംഗ്ലീഷുപദങ്ങൾ എഴുതിട്ടുള്ള ഒരു പട്ടികകൂടി ഉണ്ടെങ്കിൽ ഭാഷാവ്യാകരണാദ്ധ്യയനത്തിനു മാത്രമല്ല, ഇംഗ്ലീഷുവ്യാകരണം പഠിക്കുന്നതിനും അതു് ഒരു സഹായമായിത്തീരുന്നതാണു്. തന്മൂലം വിദ്യാർത്ഥികൾക്കു് ഒരേ സമയത്തുതന്നെ രണ്ടു ഭാഷകളിലെയും സംജ്ഞാർത്ഥങ്ങൾക്കുള്ള സാജാത്യവൈജാത്യങ്ങളെ ഗ്രഹിക്കുന്നതിനും സാധിക്കും. മാത്രമല്ല, മലയാളവ്യാകരണം പഠിപ്പിക്കുന്ന അദ്ധ്യാപകൻ

ഇംഗ്ലീഷു വ്യാകരണത്തിലും വ്യുൽപ്പന്നനാണെങ്കിൽ അദ്ദേഹത്തിന് ഈ രീതി കൂടുതൽ എളുപ്പവുമായിത്തീരും. 'മദ്ധ്യമവ്യാകരണ'ത്തിന്റെ ആരംഭത്തിലും 'സാഹിത്യസാഹ്യ'ത്തിന്റെ അവസാനത്തിലും ചേൎത്തുകാണുന്ന സാങ്കേതികശബ്ദസൂചി ഈ വിഷയത്തിൽ പ്രവേശികാ കൎത്താവിനു മാൎഗ്ഗദൎശിയായിത്തീരുന്നതിനു യോഗ്യമാണ്.

വ്യാകരണഗ്രന്ഥത്തിൽ, ഏതെങ്കിലും ഒരു സാങ്കേതികസംജ്ഞയുടെ ലക്ഷണത്തെ ആദ്യമായി വിവരിക്കുമ്പോൾ ആ സംജ്ഞയുടെ രൂപം എളുപ്പത്തിൽ വിദ്യാൎത്ഥികളുടെ ഹൃദയത്തിൽ പതിയുന്നതിനുവേണ്ടി തടിച്ച ലിപികളാൽ എഴുതുക എന്ന സമ്പ്രദായം ഒന്നാംഭാഗത്തിലെ ചില സ്ഥലങ്ങളിൽ ഗ്രന്ഥകാരനോ, അച്ചുകൂടക്കാരോ വിസ്മരിച്ചുപോയതായി കാണുന്നു. ഉദാഹരണത്തിനുമാത്രം രണ്ടുമൂന്നു വാചകങ്ങൾ താഴെ ചേൎക്കാം.

"അൎത്ഥത്തോടുകൂടിയ ശബ്ദങ്ങൾക്കു **പദങ്ങൾ** എന്നു പേർ."
(പേജ് 1.)

"'.' ഈ അടയാളത്തിനു പൂൎണ്ണവിരാമം എന്നാണു പേര്."
(പേജ് 3.)

"ക്രിയയുടെ ഫലത്തിന് ആശ്രയമായ വസ്തു കൎമ്മമാണ്."
(പേജ് 17.)

"കൎമ്മില്ലാത്ത ക്രിയ അകൎമ്മകം; ഉള്ളതു സകൎമ്മകം."
(പേജ് 17.)

"കുമ്പരാകൾ, വിങ്ങൾ, മിസ്റ്റർ ... ഇവ പൂജകബഹുവചനങ്ങളാകുന്നു."
(പേജ് 64.)

"സ്ത്രീലിംഗശബ്ദവും പുല്ലിംഗശബ്ദവും ചേൎന്നു ബഹുത്വം കാണിക്കുമ്പോൾ ആ ശബ്ദം അലിംഗമാണ്." (പേജ് 64–65.)

മേലെഴുതിയ വാചകങ്ങളിൽ "പദം, പൂൎണ്ണവിരാമം, കൎമ്മം, അകൎമ്മകം, സകൎമ്മകം, പൂജകബഹുവചനം, അലിംഗം" എന്നീ വ്യാകരണസംജ്ഞകൾ ഗ്രന്ഥത്തിൽ ആദ്യമായി വരുന്നവയാകകൊണ്ടു തടിച്ച ലിപികളിൽത്തന്നെ പ്രത്യേകമായി എഴുതിക്കാണിക്കുകയാണ് ഉചിതമെന്നു പറയേണ്ടതില്ലല്ലോ.

പുസ്തകത്തിൽ 'അഭ്യാസ'ങ്ങൾ (Exercises) വേണ്ടുവോളം കൊടുത്തു കാണുന്നതു് അദ്ധ്യേതാക്കൾക്കും അദ്ധ്യാപകന്മാൎക്കും ഒരുപോലെ സഹായമായിത്തീൎന്നിട്ടുണ്ടു്. എന്നാൽ വിദ്യാൎത്ഥികളിൽനിന്നും ഉത്തരം ആവശ്യപ്പെട്ടുകൊണ്ടുള്ള 'അഭ്യാസ'ങ്ങളുടെ മുമ്പിലും ഗ്രന്ഥകൎത്താവി

ന്റെ വിവരണവകുപ്പുകളുടെ മുമ്പിലും ഒരുപോലെ "എ. ബി. സി. ഡി ..." എന്നീ അടയാളലിപികളിട്ടു കാണുന്നതു് അല്പം കുഴപ്പത്തിനിടയാക്കിട്ടുണ്ടോ എന്നു സംശയിക്കുന്നു. വിവരണവകുപ്പുകളേയും അഭ്യാസങ്ങളേയും പ്രഥമദൃഷ്ടിയിൽത്തന്നെ സുവ്യക്തമായി വേർതിരിച്ചു കാണിക്കുന്നതായിരിക്കും നന്നായിരിക്കുക. അതിനു്, അഭ്യാസങ്ങളുടെ മുകളിലൊക്കെ 'അഭ്യാസം 1; അഭ്യാസം 2; അഭ്യാസം 3 ...' ഈ ക്രമത്തിൽ അവസാനംവരെ എഴുതിപ്പോകുന്നതായിരിക്കും അധികം യുക്തമെന്നു തോന്നുന്നു. (പ്രവേശികയുടെ ദ്വിതീയഭാഗത്തിൽ ഈ സമ്പ്രദായം സ്വീകരിച്ചിട്ടുണ്ടെങ്കിലും പ്രഥമഭാഗത്തിൽ കാണുന്നില്ല.)

മിസ്റ്റർ കുറുപ്പിന്റെ സഹജമായ കവിതാവാസനയും ആശയഗാംഭീര്യവും "പ്രവേശിക"യിലെ ഉദാഹരണവാക്യങ്ങളിലൊക്കെ ആദ്യവസാനം വ്യാപിച്ചുകാണുന്നതു വ്യാകരണാദ്ധ്യയനത്തിലുള്ള ശുഷ്കത കഴിയുന്നതും പരിഹരിക്കുവാൻ പര്യാപ്തമായിട്ടുണ്ടു്. സഹൃദയത്വം, വൈദുഷ്യം ഇവ രണ്ടുമുണ്ടെങ്കിൽ ആ ആളുടെ ശാസ്ത്രഗ്രന്ഥത്തിനുണ്ടാകാവുന്ന ഒരു മെച്ചമാണിതു്. മിസ്റ്റർ ശേഷഗിരിപ്രഭുവിന്റെ വ്യാകരണഗ്രന്ഥങ്ങൾക്കുള്ള ഒരു പ്രധാനദൂഷ്യം കവിതാരസത്തിന്റെ കണികപോലും അവയിലെ വാചകങ്ങളിൽ "തൊട്ടുതെറി"പ്പിച്ചിട്ടില്ലെന്നുള്ളതാണു്. പക്ഷേ, പ്രവേശികയിലെ ചില ഗൌണപ്രയോഗങ്ങളുടേയും ടാഗോർപ്രസ്ഥാനത്തെ അനുസരിച്ചു് എഴുതീട്ടുള്ള മററു ചില വാക്യങ്ങളുടേയും സ്വാരസ്യം അഞ്ചും ആറും ക്ലാസ്സുകളിൽ പഠിക്കുന്ന ബാലന്മാരെ പറഞ്ഞു മനസ്സിലാക്കുവാൻ എളുപ്പത്തിൽ സാധിക്കുമോ എന്നാണു സംശയം. ഉദാഹരണത്തിനു പ്രവേശികയുടെ ഒന്നാംഭാഗത്തിൽത്തന്നെ കാണുന്ന ഒന്നുരണ്ടു വാചകങ്ങളെ ഉദ്ധരിക്കാം.

"ശാസ്ത്രത്തിനും ചില അന്ധവിശ്വാസങ്ങളുണ്ടു്! യുക്തിയുടേയും പരീക്ഷണത്തിന്റേയും മുൻപിൽ വരാത്ത സത്യമില്ലെന്നു ചിലപ്പോൾ വിചാരിക്കാറുണ്ടു്."

(പേജ് 66)

"സദനം ഇല്ലാത്തതിനാൽ, അങ്ങയെ ഞാൻ എന്റെ ഹൃദയത്തിൽത്തന്നെ ഇരുത്തുമെന്നു കാട്ടുമുല്ല വെളിച്ചത്തിനോടു പറഞ്ഞു."

(പേജ് 86)

വിദ്യാർത്ഥികളേയും ഭാവിയിൽ കവികളാക്കിക്കൊണ്ടു വരണമെന്നുള്ള ഗ്രന്ഥകാരന്റെ മോഹം സ്തുത്യർഹംതന്നെ. പക്ഷേ, ഇത്തരം പ്രയോഗങ്ങൾ അവരുടെ പിഞ്ചുതലച്ചോറിൽ ദഹിച്ചുചേന്നു, ഹൃദയത്തിൽ വികാരങ്ങളേയോ വിചാരങ്ങളേയോ ജനിപ്പിക്കുമോ എന്നാണു് ആലോചിപ്പാനുള്ളതു്. 'പ്രവേശിക' സഹൃദയന്മാർക്കു വായിച്ചു രസിക്കാനു

ള്ള ഒരു പ്രൌഢകാൎയ്യമൊന്നുമല്ലല്ലോ. എങ്കിലും ഇത്തരം 'മിസ്റ്റിസിസ്സം' അടങ്ങിയ വാചകങ്ങൾ വളരെ അധികമില്ലെന്നു് ഒരു സമാധാനമുണ്ടു്.

ഉദാഹരണവാക്യങ്ങളിൽ കാണുന്ന സംജ്ഞാനാമങ്ങൾ വിദ്യാൎത്ഥികളുടെ ഇടയിൽ ഒന്നുകൂടി സൎവ്വസാധാരണങ്ങളായിരുന്നാൽ അവൎക്കു അൎത്ഥബോധത്തിനു കൂടുതൽ സൌകൎയ്യമുണ്ടെന്നാണു് തോന്നുന്നതു്. ഉദാഹരണത്തിനു് ഒന്നുരണ്ടു വാചകങ്ങൾ ഉദ്ധരിക്കാം.

"ചിത്ര ഒരു രാജകുമാരിയാകുന്നു." (പേജ് 10)
"വനജ ഉറങ്ങുന്നു." (പേജ് 16)
"രജനി ബുദ്ധിമതിയാണു്" (പേജ് 48)

'ചിത്രക്കും വനജക്കും രജനിക്കും' ഭംഗിക്കുറവൊട്ടുമില്ലെങ്കിലും, ഈ വക വാചകങ്ങളിൽ, പട്ടണവാസികളല്ലാത്ത ബാലന്മാൎക്കു കൂടി അധികം പരിചയമുള്ള സീത, ലക്ഷ്മി, ഗൌരി തുടങ്ങിയ സാധാരണ സംജ്ഞകളായിരിക്കും അധികം രുചിക്കുകയെന്നു തോന്നുന്നു.

പ്രവേശികയുടെ 40-ാം ഭാഗത്തിൽ ഇങ്ങനെ കാണുന്നു,

"രാമനു വ്യസനമുണ്ടായിരുന്നു—രാമനു വ്യസനമില്ലാതിരുന്നില്ല. ഈ രണ്ടു വാക്യത്തിന്റെയും രൂപത്തിനല്ലാതെ അൎത്ഥത്തിനു ഭേദമില്ലെന്നു സ്പഷ്ടമാണല്ലോ."

സൂക്ഷ്മമായി പരിശോധിച്ചാൽ, ഈ രണ്ടു വാക്യങ്ങളുടേയും അൎത്ഥങ്ങൾക്കു തമ്മിൽ ചെറുതായൊരു വ്യത്യാസമുണ്ടെന്നു ഗ്രന്ഥകാരനു തന്നെ അറിയാവുന്നതാണല്ലോ. രണ്ടാമത്തെ വാക്യത്തിൽ ആദ്യത്തേതിലുള്ളതിനേക്കാൾ വ്യസനത്തിന്റെ ശക്തി അല്പം കുറഞ്ഞിട്ടുണ്ടു്. അതുകൊണ്ടു മുകളിലെ വിവരണവാചകം "ഈ രണ്ടു വാക്യത്തിന്റെയും അൎത്ഥത്തിനു വലുതായ ഭേദമില്ലെന്നു സ്പഷ്ടമാണല്ലോ" എന്നോ മറ്റോ അല്പമൊന്നു മാറ്റിയാൽ അധികം നന്നായിരിക്കയില്ലയോ എന്നു സംശയിക്കുന്നു. 'പ്രവേശിക' കേവലം വ്യാകരണം എന്ന നിലവിട്ടു, ഉപന്യാസരചനയിൽ ബാലന്മാരെ സഹായിക്കുവാൻ വേണ്ടി എഴുതീട്ടുള്ള ഒരു ഗ്രന്ഥമാകയാൽ തെറ്റിദ്ധാരണയുണ്ടാകാതിരിപ്പാൻ ഈ സംഗതി ചൂണ്ടിക്കാണിച്ചുവെന്നേയുള്ളു.

പ്രവേശികയിൽ കാണുന്ന മറ്റൊരു പരിഷ്കാരം ശബ്ദവിഭാഗക്രമത്തെ സംബന്ധിച്ചുള്ളതാണു്. കേരളപാണിനീയത്തിൽ, ശബ്ദങ്ങളെ വാചകം, ദ്യോതകം ഇങ്ങനെ പൊതുവിൽ രണ്ടിനമായി തരംതിരിച്ചു, വാചകത്തെ നാമം, കൃതി, ഭേദകം എന്നും ദ്യോതകത്തെ നിപാതം, അവ്യയം എന്നും ഇങ്ങനെ അഞ്ചായിട്ടാണു മലയാളപദങ്ങളെ വി

ഭജിച്ചിരിക്കുന്നതു്. എന്നാൽ പ്രവേശികയിലാകട്ടെ, "നാമം, ക്രിയ, വിശേഷണം, ദ്യോതകം" ഈ രീതിയിൽ നാലു വിഭാഗമേ കൊടുത്തിട്ടുള്ളു. 'കൃതി'ക്കു പകരം 'ക്രിയ'യേയും 'ഭേദക'ത്തിനു പകരം 'വിശേഷണ'ത്തേയും സ്വീകരിച്ചിരിക്കുന്നതിൽ അനൌചിത്യമൊന്നുമില്ല. പക്ഷേ, സംസ്കൃതത്തിലും ഭാഷയിലും ഒരുപോലെ പ്രചുരപ്രചാരമുള്ള "നിപാതാവ്യയങ്ങ"ളെ തീരെ വിട്ടുകളഞ്ഞു രണ്ടിനുംകൂടി 'ദ്യോതകം' എന്ന ഒരു സംജ്ഞമാത്രം കൊടുത്തുകാണുന്നതു ശബ്ദവിഭാഗോപാധിക്കു വിരുദ്ധമായിത്തീൎന്നിട്ടില്ലെങ്കിലും, ബാലന്മാൎക്കു് അത്രതന്നെ ശ്രവണസുഖദമായിട്ടുണ്ടോ എന്നു സംശയിക്കുന്നു. "നിപാതം, അവ്യയം" ഇങ്ങനെ വ്യാകരണത്തിൽ രണ്ടു സംജ്ഞകൾ ഉണ്ടെന്നുള്ള വിവരംതന്നെ പ്രവേശികയിലെങ്ങും കാണിച്ചിട്ടില്ല. ഭാഷാപണ്ഡിതന്മാൎക്കെന്നല്ല, വായനക്കാൎക്കുകൂടി ചിരപരിചിതങ്ങളായ്ത്തീൎന്നിരിക്കുന്ന ഈ വ്യാകരണസംജ്ഞകളെ തീരെ തള്ളിക്കളയേണ്ടിയിരുന്നില്ലെന്നു തോന്നുന്നു.

പുസ്തകത്തിന്റെ ഇനിയത്തെ പതിപ്പിൽ, ഈ വക സംഗതികളിൽ സ്വീകാരയോഗ്യങ്ങളായിട്ടുള്ളവ ഗ്രന്ഥകൎത്താവിന്റെ ദൃഷ്ടിയിൽപ്പെട്ടുകാണ്മാൻ ആഗ്രഹിക്കുന്നു. മേൽക്കാണിച്ചിട്ടുള്ളവ, വിദ്യാൎത്ഥികൾക്കു വ്യാകരണപാഠം ഒന്നുകൂടി സുഗമമായിത്തീരുന്നതിനു് എന്റെ അനുഭവത്തിൽ തല്ക്കാലം തോന്നിയ ചില നിൎദ്ദേശങ്ങൾ മാത്രമാണെന്നും, അല്ലാതെ ഗ്രന്ഥത്തിനുള്ള അപകൎഷലേശങ്ങളോ മറ്റോ അല്ലെന്നും വീണ്ടും പറഞ്ഞുകൊള്ളട്ടേ. 'പ്രവേശികാ'ദ്വാരേണ സാഹിത്യക്ഷേത്രത്തിൽ 'പ്രവേശിക്കു'വാനുദ്യമിക്കുന്ന ബാലവിദ്യാൎത്ഥികൾക്കു സാഹിത്യദേവി സ്വയം വശ്യയായിത്തീരുമെന്നതിൽ ഈ ലേഖകനു പക്ഷാന്തരം തന്നെയില്ല.

നമ്പ്യാരുവീട്ടിൽ നാരായണമേനോൻ.

"കല്പന നടക്കട്ടെ."

ഒളിച്ചു ലോകത്തിന്റെ ഭരണം നടത്തിച്ചു
കളിക്കും തൃക്കൈയെന്നോ കുറിച്ചകുറിമാനം
അസ്പഷ്ടാക്ഷരമങ്ങിങ്ങൊട്ടൊട്ടു മിന്നുന്നുണ്ടാ-
മിപ്പാരിലതു കണ്ടു വായിച്ചവിദ്വാനില്ല.
ഏതു ഭാഷയിലാണതെന്തൎത്ഥമെന്താവശ്യ-
മെന്തിലെങ്ങനെയാരുമിന്നോളമറിഞ്ഞീല.
എന്തിനു വായിക്കുന്നതതൊക്കെ വിളയാട്ട-

മന്ത്രിയുമൃഷസ്സുമുണ്ടറിഞ്ഞു നടത്തിപ്പാൻ.
അറിയാതറിഞ്ഞതന്നു നടിച്ചു തല പൊക്കും
നരലോകാഹങ്കാരം ഗൌരവഭാവത്തോടെ
ശരിയല്ലിതൊന്നുമെന്നിങ്ങനെ പലപ്പോഴു-
മുരിയാട്ടമാരണ്ടതവന്നും വിലയില്ല,
"ഉത്സവം നടക്കട്ടെ നിത്യവുമെല്ലാടത്തും"
വാത്സല്യക്കുറിപ്പിന്റെ സാരമിങ്ങനെയാകാം.
അല്ലെങ്കിൽപ്പെരുമ്പറതാക്കുമോ തന്നുല്ലോല
കല്ലോലകരങ്ങളാലിമ്മട്ടു പാരാവാരം?
ദ്യോവിലിങ്ങനെ നിളെ നിരത്തിക്കൊളുത്തുമോ
കൈവിളക്കാരെങ്കിലുമാവശ്യമില്ലെന്നാകിൽ?
ഇല്ലൊരു തിരുവുള്ളം തെളിയാനെന്നാകിലി-
പ്പുല്ലുകൾ പച്ചപ്പട്ടു വിരിച്ചിടുമോ മണ്ണിൽ?
അന്തികൾ പണ്ടു പണ്ടേ കിട്ടിയ തിട്ടൂരത്തിൻ
പൊൻതകിടിടയ്ക്കൊന്നു തുടച്ചു വായിക്കയാം.
ഒന്നു വിസ്തരിച്ചുണ്ടു നാളത്തെക്കണക്കെന്നു
തോന്നുന്നു മഹോദ്യമമോരോന്നു കാണുന്നേരം
എന്തൊരു ബഹളമാണെന്തൊരുൽസാഹമാണി-
തെന്തു വിസ്മയമൊന്നിച്ചിളകുന്നല്ലോ ലോകം
കണ്ടവേലികളെല്ലാം തകർത്തുകളയുന്നു
കണ്ടത്തിൻ വരമ്പെങ്ങും കിളച്ചു മറിക്കുന്നു
കുന്നുകൾ കുഴിക്കുന്നു കുഴികൾ നികത്തുന്നു
നന്നിതു നാളെക്കാണാം നാളത്തെക്കോലാഹലം.
എന്നുമപ്രതിഹതലീലനായ്ജ്ജയിക്കുന്ന
പൊന്നു തമ്പുരാനുടെ കല്പന നടക്കട്ടെ!

കെ. കെ. രാജാ.

വീരത്യാഗം.

ആ ദിവസമാണിന്ന്; അരാവലി പൎവ്വതം തന്റെ ഉന്നതമായ ശിരസ്സു ഒന്നുകൂടി ഉയൎത്തി ഹിമവാനോടു മത്സരിക്കുവാൻ ഒരുങ്ങാറുള്ള ദിവസമാണിന്ന്. രജപുത്രന്മാരുടെ വീരപരാക്രമങ്ങൾ കണ്ടു നൎമ്മദ നിശ്ചേഷ്ടയാകുകയും പച്ചപ്പാടങ്ങൾ കോൾമയിർ കൊള്ളുകയും ചെയ്യുന്ന ആ ദിവസമാണിന്ന്. ഇന്നാണ് അഹേരിയാ! രാജസ്ഥാനത്തി

ന്റെ ജാതകം ദുഷ്ടജന്തുക്കളുടെ ചോരകൊണ്ടു തിരുത്തിയെഴുതാറുള്ള ആ ദിവസം! കേസരികളുടെ സടപിടിച്ചിഴച്ച് അവയുടെ രുധിരംകൊണ്ടു കട്ടപിടിപ്പിച്ച രോമാവലികളോടുകൂടിയ തങ്ങളുടെ വീരനായകന്മാരുടെ വിരിമാർത്തടങ്ങളിൽ തലചാച്ച രജപുത്രാംഗനകൾ നിർവൃതികൊണ്ടിരുന്ന ആ ദിവസമില്ലേ, അതാണിന്ന്. നരികളുടെ നഖം പറിച്ചുകളയുന്ന ബാലധീരന്മാരുടെ തുടുകവിളുകളിൽ ആ ദുഷ്ടജന്തുക്കൾ ഏല്പിച്ച ക്ഷതികളിൽ അവരുടെ വീരജനനികൾ ചുംബനവർഷംകൊണ്ടു വെണ്ണ പുരട്ടാറില്ലേ, ആ ദിവസമാണിന്ന്. ഇന്നാണ് അഹേറിയാ!

എന്നാൽ ഇന്നെന്താണു രാജസ്ഥാനത്തു കാണുന്നത്?—തലചാച്ച അരാവലി! ഉടഞ്ഞ തലകൾ!! അഗ്നികുണ്ഡങ്ങൾ!!! പാടങ്ങൾ പച്ചപ്പട്ടു ചാർത്തിയിരുന്ന മീവാരം ഇന്നു കാടുകളെക്കൊണ്ടു ദീക്ഷ വളർത്തിയിരിക്കയാണ്. മീവാരത്തിന്നു ജനങ്ങളില്ല, സിംഹാസനമില്ല, മഹാറാണയില്ല. കുംഭറാണയുടെ ജയസ്തംഭത്തിന്റെ മുകളിൽ മുകിലന്റെ വിജയക്കൊടി പാറിപ്പറക്കുന്നതുകണ്ടു താന്തഹൃദയയായ വനാസാനദിയുടെ വിലാപസ്വരം മാത്രമാണു മീവാരത്തിന്നു കേൾക്കാവുന്ന ഒരേ ഒരു സ്വരം. രാജ്യഭ്രഷ്ടനായ മഹാറാണാ പ്രതാപസിംഹൻ തന്റെ സാന്നിദ്ധ്യംകൊണ്ട് അരാവലി മലയിടുക്കിലെ ഓരോ കല്ലിനേയും ഓരോ പുല്ലിനേയും പൂജ്യവും ചരിത്രപ്രധാനവുമാക്കുന്ന ആ കാലമാണ്. ചിത്തോർ ദുർഗ്ഗത്തിന്റെ കന്മതിലുകൾക്കും രക്ഷിക്കുവാൻ സാധിക്കാത്ത സ്വാതന്ത്ര്യത്തെ അരാവലിയിലെ മലയിടുക്കുകളിൽ അഭേദ്യമായ തന്റെ ഹൃദയത്തിൽ വെച്ചു പൂജിച്ചു രക്ഷിച്ചുവരികയാണ് ആ വീരകേസരി. തന്റെ പിതാക്കന്മാരുടെ കേളീരംഗമായിരുന്ന ചിത്തോരിൽ പ്രതാപസിംഹനു സ്ഥലം അക്ബർ ചക്രവർത്തി അനുവദിച്ചില്ലത്രെ! മഹാറാണയും കുടുംബവും ഇന്നു കാട്ടുജന്തുക്കളെപ്പോലെ വേട്ടയാടപ്പെട്ടിരിക്കുന്നു. നാടില്ല, വീടില്ല, കഴിപ്പാൻ ഭക്ഷണംപോലുമില്ല. എന്നിട്ടും പ്രതാപൻ സ്വാതന്ത്ര്യത്തെ രക്ഷിക്കുകതന്നെ ചെയ്യുന്നു. ബന്ധുജനങ്ങളാൽ പതിത്യക്തനായ അദ്ദേഹത്തെ ഉപചരിപ്പാനും സഹായിപ്പാനും രജപുത്രന്മാരുടെ കണ്ണുകളിൽ നികൃഷ്ടന്മാരായ ബീലന്മാരാണ്. മുകിലചക്രവർത്തിയുടെ മോഹറകൾക്കു ആ സാധുക്കളുടെ കണ്ണുകൾ മഞ്ഞളിപ്പിക്കുവാനോ, അദ്ദേഹത്തിന്റെ വാൾത്തലക്ക് അവരുടെ രാജഭക്തിയെ ചുരണ്ടുവാനോ, മുഗളാംഗനകളുടെ പൂമേനികൾക്ക് അവരുടെ ഹൃദയത്തെ കവരുവാനോ, ഇന്നുവരെയും സാധിച്ചിട്ടില്ല. ഇന്നലെവരെ അവർ രജപുത്രന്മാരാൽ മർദ്ദിതരായിരുന്നു അവർ. ഇന്നോ! ഏററവും ഉൽകൃഷ്ടനായ രജപുത്രൻ അവരുടെ രാജ്യഭക്തിയുടെ—ദയയുടെ, നിങ്ങൾക്കി

ഷ്ടമെങ്കിൽ—തണലത്താണു വസിക്കുന്നതു്. പ്രതാപന്റെ കുടുംബത്തിനെ മുകിലന്മാരുടെ കൈപ്പിടികളിൽനിന്നും വിടുവിക്കുവാനും, പട്ടിണികൂടാതെ കഴിക്കുവാനും മരത്തിന്റെ മുകളിൽ മാളിക പണിയുവാനും ഇന്നു ഭീലന്മാർ വേണം.

* * * *

അരാവലി പർവ്വതത്തിന്റെ ഉന്നതമായ ഒരു ശിഖരത്തിൽനിന്നും ചിത്തോർകോട്ടയുടെ മുകളിൽ പറക്കുന്ന മുകിലന്റെ കൊടിയെ നോക്കിക്കൊണ്ടു പ്രതാപസിംഹൻ അക്ഷമനായി നടക്കുകയാണു്. അദ്ദേഹത്തിന്റെ ഹൃദയം കിടന്നുതുടിക്കുന്നുണ്ടു്, വിസ്തൃതമായ ഫാലദേശങ്ങളിൽ ചില ഞരമ്പുകൾ കിടന്നു പിടയ്ക്കുന്നുണ്ടു്. ഉജ്ജ്വലമായ നേത്രങ്ങളിൽനിന്നും തീപ്പൊരികൾ പാറുന്നുണ്ടു്. ഊരിയ തന്റെ ഉടവാളൊന്നു ഞെരുക്കിക്കൊണ്ടു് അദ്ദേഹം പറഞ്ഞു—"അക്ബർ, നോക്കിക്കോ!"—ആ പല്ലുകൾ കൂട്ടിയുരയുന്നതുകണ്ടാൽ ഇടിമിന്നലിനു മൂർച്ച കൂട്ടുന്നതു് അവിടെയാണൊ എന്നു തോന്നും. "അച്ഛാ!" ഒരു കിളിക്കൊഞ്ചൽ! അദ്ദേഹം തിരിഞ്ഞുനോക്കി. കോപം പാറിയിരുന്ന കണ്ണുകളിൽനിന്നു പ്രേമം പ്രവഹിച്ചുതുടങ്ങി. അഞ്ചു വയസ്സുമാത്രം പ്രായമായ തന്റെ ഇളയമകൻ, രാജസിംഹൻ കണ്ണുകൾ തിളങ്ങിക്കൊണ്ടുനില്ക്കുന്നതാണു അദ്ദേഹം കണ്ടതു്. ലക്ഷണയുക്തനായ ആ കുമാരനെക്കണ്ടപ്പോൾ പ്രതാപന്റെ ഹൃദയം അഭിമാനവിജൃംഭിതമായി.

"രാജ! നീ എന്തിനാണിങ്ങോട്ടു വന്നതു്?"—അദ്ദേഹം ഗൗരവം അഭിനയിച്ചുകൊണ്ടു ചോദിച്ചു, "ഞാൻ നിന്നോടു എത്രകുറി പറഞ്ഞിട്ടുണ്ടു്, ഈ ചെങ്കുത്തായ മലയിടുക്കിൽ വരരുതെന്നു്?"

കുട്ടിയും ഗൗരവം കുറച്ചില്ല. "അച്ഛാ, പറഞ്ഞേയ്ക്കാം. അമ്മ പറഞ്ഞിട്ടുള്ളതു് ഞാൻ അനുസരിക്കും." ദിവംഗതയായ തന്റെ പ്രാണപ്രേയസിയുടെ നാമമാത്രയിൽ പ്രതാപന്റെ നയനങ്ങളിൽ നിന്നും രണ്ടു കണ്ണീർ കണങ്ങൾ പുറപ്പെട്ടു, കുട്ടിയുടെ കണ്ണുകളിൽ നിന്നും മറയ്ക്കുവാനായിരിക്കാം, അദ്ദേഹം തന്റെ മുഖം തിരിച്ചു. അല്പം കഴിഞ്ഞു അദ്ദേഹം ചോദിച്ചു; "ഉണ്ണി, എന്താണു നിന്നോടു അമ്മ പറഞ്ഞതു്. മാനത്തിരിക്കുന്ന അമ്മ നിന്നോടു എന്താണു പറഞ്ഞതു്?"

കുട്ടി:—"അപ്പോഴെ അഛാ, അച്ഛൻ ഒരു നുണ പറഞ്ഞുവല്ലോ?"

പ്രതാപസിംഹന്റെ വളഞ്ഞ പുരികക്കൊടികൾ ഒന്നു കൂടി വളഞ്ഞു. "എന്തുപറഞ്ഞു കുഞ്ഞേ, നിന്റെയച്ഛൻ നുണയനാണെന്നു പറയുവാൻ നീചനായ ആ മ്ലേച്ഛൻ കൂടി ധൈര്യപ്പെട്ടിട്ടില്ല. എന്തു നുണ, പറയ്."

കുട്ടി:—"അച്ഛൻ പറഞ്ഞില്ലേ, അമ്മ മാനത്തേയ്ക്കു കുളിയ്ക്കാൻ പോയിരിക്കയാണെന്നും വേഗം വരുമെന്നും മററും. വീരു ഇന്നു പറഞ്ഞുവല്ലോ, അമ്മേ ഈ മുകിലപ്പട്ടികൾ......... അച്ഛാ! എന്നാണു ആ അക്ബരിനെ ഒന്നു കാണുവാൻ സാധിയ്ക്കു, അവന്റെ കൊമ്പൻ മീശയൊന്നു പിടിച്ചു പറിയ്ക്കാൻ?"

പ്രതാപൻ അസ്വാസ്ഥ്യത്തോടുകൂടി പറഞ്ഞു.

"രാജ, എന്തൊക്കെയാണു വിണക്കു വീരു പറഞ്ഞുതന്നിട്ടുള്ളതു്? കേൾക്കട്ടെ, വേഗം പറയ്."

കുട്ടി അലക്ഷ്യമായി മറുപടി പറഞ്ഞു.

"എന്തൊക്കെയാണെന്നോ, അച്ഛ, ഒക്കെ പറഞ്ഞുതന്നിട്ടുണ്ടു്. അച്ഛൻ ഇല്ലാത്തപ്പോൾ അമ്മയെ ഈ മുകിലപ്പട്ടികൾ കൊന്നുവെന്നും (അച്ഛനും മകനും ഒപ്പം കൈകൾ ചുരുട്ടി) ഉറങ്ങിക്കിടന്നിരുന്ന എന്നേയും.... അച്ഛാ ഞാൻ വീരുവിനോടു ശണ്ഠയാണു് ഇനി മിണ്ടില്ല. അല്ലെങ്കിൽ എന്തുകൊണ്ടു അവൻ എന്നെയന്നു ഉണർത്തിയില്ല. എന്നാൽ ഈ മ്ലേഛകള്ളന്മാരെ ഞാൻ ചവുട്ടിത്തേയ്ക്കുമായിരുന്നില്ലേ, എന്റെ അമ്മയെ അവർ കൊല്ലുമായിരുന്നുവൊ. അച്ഛാ! അമ്മ മരിക്കുമ്പോൾ വീരുവിനോടു പറഞ്ഞിട്ടുണ്ടത്രേ, ഞാൻ ഈ അക്ബരിനോടു പകരം വീട്ടണമെന്നു്. പിന്നെ അച്ഛൻ പോകുന്നിടത്തൊക്കെ പോവുകയും അച്ഛൻ ചെയ്യുന്നതൊക്കെ ചെയ്യുകയും ചെയ്യണമെന്നും അതാണു ഞാൻ പറഞ്ഞതു്, അച്ഛൻ ഇവിടെ വന്നാൽ ഞാനും ഇവിടെ വരും.

കുറച്ചു നേരം ആലോചനാനിരതനായിരുന്നശേഷം പ്രതാപൻ വീണ്ടും തലയുയർത്തി— "രാജ, നീ ഇനി ഇവിടെ വരരുതു്."

കുട്ടി കൂസിയില്ല. "അച്ഛാ, ഞാൻ വരും.

പ്രതാപ:—എന്തു്, അനുസരണമില്ലാത്തവനെ, മിവാർ റാണയുടെ കല്പനയാണു്. നീ ഇനി ഇവിടെ വന്നാൽ .....

കുട്ടി കയറിപ്പറഞ്ഞു. "എന്തച്ഛാ, പേടിപ്പിക്കുന്നുവോ! രജപുത്രന്മാർക്കു പേടി അറിഞ്ഞുകൂടെന്നു അവരുടെ റാണയ്ക്കറിഞ്ഞുകൂടെ, ബാലനായ വീരുവിനും കൂടി അറിയാമല്ലൊ."

ഒരു വെളുത്ത നിറം റാണയുടെ ചെമ്പിച്ച മീശയുടെയിടയിൽ മറയുന്നതു സൂക്ഷിച്ചുനോക്കിയാൽ കാണാമായിരുന്നു. "നോക്കു, അച്ഛാ! എന്തുതന്നെവന്നാലും, എന്റെ അമ്മ പറഞ്ഞതു ഞാനനുസരിയ്ക്കും.'

പ്രതാപൻ സ്വരമൊന്നു മാററി "മകനെ, ഈ ചെങ്കുത്തായ പാറകളിൽ കുഞ്ഞിക്കാലുകൾ വഴുക്കാനാണെളുപ്പം."

കുട്ടിയുടെ പുരികമൊന്നു വളഞ്ഞു, "അമ്മേ, എന്നാൽ നോക്കി

ക്കോളൂ, നാളെ അരാവലിപൎവ്വതം മുഴവൻ ഞാൻ ഇടിച്ചു നികത്തുന്നുണ്ട്. കാട്ടിത്തരാം" പ്രതാപസിംഹന്റെ തഴമ്പിച്ച കൈകൾ ആ വീരബാലനെ ആശ്ലേഷിച്ചു കൃതാൎത്ഥങ്ങളായി. കുട്ടി അച്ഛന്റെ ഉരുക്കുപോലുള്ള കൈത്തണ്ടുകളെ തലോടിക്കൊണ്ടും അവയിൽ പൊങ്ങിനിന്നിരുന്ന ചില ഞരമ്പുതടികളുടെ കനം പരിശോധിച്ചുകൊണ്ടും കുറച്ചുനേരം നിന്നു. കുട്ടി അത്ഭുതത്തോടുകൂടി പറകയാണ്, "അച്ഛാ! എന്തൊരുശക്തിയാണച്ഛന്! അമ്മയ്ക്കും ഇതുശക്തിയുണ്ടായിരുന്നോ?"

"ഉവ്വ് മകനെ, അച്ഛനേക്കാൾ എത്രയൊ കൂടുതൽ."

കുട്ടി:— "അച്ഛാ, ആ മ്ലേഛചക്രവൎത്തിക്കു അച്ഛന്റേയത്ര നീണ്ട കൈകളും വിരിഞ്ഞ മാറുമുണ്ടോ.

പ്രതാ.—"അക്ബർ ചക്രവൎത്തി ഒരൊന്നാന്തരം യോദ്ധാവാണ് ഉണ്ണി.

കുട്ടി തന്റെ വിടൎന്നകണ്ണുകൾ ഒന്നുകൂടി വിടൎത്തിക്കൊണ്ടു പറഞ്ഞു. "അച്ഛ, അച്ഛന്റേയും അമ്മയുടേയും ശക്തികൂടിയാൽ അവനെ തോല്പിച്ചുകൂടെ. അച്ഛൻ കണ്ടുകൊള്ളൂ. എനിക്കു മീശമുളയ്ക്കട്ടെ, മ്ലേഛ ചക്രവൎത്തിയെക്കൊണ്ടു അച്ഛന്റെ ചെരിപ്പു ചുമപ്പിച്ചേയ്ക്കാം."

പ്രതാപസിംഹൻ ഒന്നുകൂടി ആ ബാലനെ ആലിംഗനം ചെയ്തു. അദ്ദേഹത്തിന്റെ മുഖത്തെ പരശ്ശതം ചുളിവുകളിലും അഭിമാനം തെളിഞ്ഞു കാണായി.

"അച്ഛ! ഞാൻ വന്ന കാൎയ്യം പറഞ്ഞില്ലല്ലോ, വീരുപറഞ്ഞു ഇന്നാണു അഹേറിയാ എന്ന്. രാജപുത്രന്മാർ എല്ലാവരും ഒന്നിച്ചുകൂടി കാട്ടുമൃഗങ്ങളെ വേട്ടയാടുക ഇന്നാണു എന്നാണല്ലോ വീരു പറഞ്ഞത്.

"അതെ, ഉണ്ണി" പ്രതാപസിംഹൻ ദീൎഘശ്വാസത്തോടുകൂടി പറഞ്ഞു.

"അച്ഛാ, ആ മ്ലേച്ഛന്റെ കാലു നക്കുന്ന മാനസിംഹനും കൂട്ടരും ഈ കാട്ടിൽ കയറുവാൻ ഞാൻ സമ്മതിക്കയില്ല. ജയപുരം പ്രഭുവും സാലമ്പൂർ പ്രഭുവും ആരും ഇനിയും വന്നു കാണുന്നില്ലല്ലോ. നിങ്ങളുടെയൊക്കെ ഭാവം കണ്ടാൽ നിങ്ങൾ രജപുത്രരല്ലയെന്നൊ, ഇന്നു അഹേറിയയല്ലയെന്നൊ തോന്നിപ്പോകും."

പ്രതാപസിംഹൻ ഒന്നും മിണ്ടിയില്ല. "മാനത്തിരുന്നു അമ്മ നിങ്ങളെനോക്കി പരിഹസിക്കയില്ലേ." പ്രതാപസിംഹൻ പെട്ടെന്നു തലയുയൎത്തി കുട്ടിയുടെ നേൎക്കു തുറിച്ചു നോക്കിക്കൊണ്ടു നിന്നു. കുട്ടി അദ്ദേഹത്തിന്റെ സമാധാനത്തിനു കാത്തു നിന്നില്ല. "സാലമ്പൂർ പ്രഭുവില്ലെങ്കിലും കൊള്ളാം മിവാർ റാണയില്ലെങ്കിലും കൊള്ളാം രാജസിംഹൻ ഇന്നു നായാട്ടിന്നു പോകുന്നുണ്ട്. അച്ഛൻ കണ്ടുകൊള്ളൂ. ഞാനിന്നൊരു

സിംഹത്തിന്റെ പല്ലു പറിച്ചുകൊണ്ടു വരുന്നുണ്ട്. കുട്ടി അവിടെ നിന്നും തുള്ളിച്ചാടിപ്പോകുകയും ചെയ്യു.

പ്രതാപസിംഹന്റെ ഇടതുന്ന ഇമകളെ ഭേദിച്ച് ഒരു ചോര ത്തുള്ളി അടന്നു വീണു. ചിത്തോർകോട്ടയുടെ മുകളിൽ പറക്കുന്ന മുകലന്റെ കൊടിയെ നോക്കി അദ്ദേഹം ഒന്നു നെടുവീർപ്പിട്ടു. മുകിലസാമ്രാജ്യം ആ നെടുവീർപ്പിൽ പറന്നു പോയില്ലത്രെ!

വീരു ഒരു പാവപ്പെട്ട ബീലനാണ്. അവന്റെ ചാളയിൽ മീവാർ മഹാറാണിയും കുട്ടികളും പള്ളിക്കുറപ്പു കൊള്ളുമ്പോഴാണ് ഒരു മുകില സൈന്യം അവരെ വളഞ്ഞതും രാജ്ഞിയെ കൊലചെയ്യുതും. പ്രതാപ്സിംഹന്റെ രാജ്ഞി വീരന്റെ പത്നിതന്നെയാണെന്നു മുകിലന്മാരേയും ലോകത്തേയും ബോദ്ധ്യപ്പെടുത്തിയതിനു ശേഷം മാത്രമാണ് ആ വീരാംഗന വീരസ്വർഗ്ഗം പ്രാപിച്ചതു്. അന്നു ആണ്ടെത്താത്ത ഒരു ശിശു മാത്രമായിരുന്ന രാജസിംഹനെ മാറത്തുനിന്നുമടത്തി വീരുവിനെ ഭാരമേല്പിച്ചാണു ആ ശ്രീമതി കണ്ണടച്ചതു്. ഇങ്ങിനെ യാണത്രെ അവരുടെ ചുണ്ടുകൾ അവസാനമായി പതറിയതു്; "വീരു, രാജൻ, മീവാരത്തിന്റെ ഭാവി—അവന്റെ രക്ഷ, സ്വാതന്ത്ര്യം, നിന്റെ കയ്യിൽ.നിന്റെ ചോരകൊണ്ടും രക്ഷിക്കു." ആകുലാംഗനയുടെ വിശ്വാസം അസ്ഥാനത്തിലായില്ല. വീരുവിന്റെ സർവ്വസ്വവുമാണു രാജൻ. ആ കുഞ്ഞവായയിൽ ഒരു പല്ലു കണ്ടപ്പോൾ എന്തൊരു അത്ഭുതമാണു വീരുവിന്നു തോന്നിയതു്! 'വീയു' എന്നു് ആ പവിഴപ്പൊളി ആദ്യമായി കൊഞ്ചിയപ്പോൾ എന്തൊരു സന്തോഷമാണു വീരുവിന്നുണ്ടായതു്! കുഞ്ഞിച്ചുട്ടകൾ ധരിച്ച് ആ രാജകുമാരൻ തന്റെ മുരമ്പിച്ച കൈവിരലും പിടിച്ചു പിച്ച നടക്കുമ്പോൾ എന്തൊരഭിമാനമാണു വീരുവിന്നുണ്ടായതു്. രാജകുമാരനു 'ചാഃച്ചാറ' കൊട്ടുകയും കഥകൾ പറഞ്ഞു ഉറക്കുകയും വീരുവിന്റെ സന്തോഷാവഹമായ ഭാരമാണ്. ഉറങ്ങിക്കിടക്കുന്ന കുമാരൻ ഉണരുന്നതുവരെ, വേനൽക്കാലങ്ങളിൽ തേക്കിലകൊണ്ടവനെ വീശിക്കൊണ്ടിരിക്കുമ്പോഴും, വർഷക്കാലങ്ങളിൽ അവനെ പുതപ്പിച്ചിരുന്ന ആട്ടിൻതോലിന്റെ ചുളിവു നിവർത്തിക്കൊണ്ടിരിക്കുമ്പോഴും വീരുവിനു വല്ലതും കേൾക്കുവാൻ ചെവിയോ കാണുവാൻ കണ്ണോ ഇല്ല. വീരചരിതങ്ങൾ വർണ്ണ്യവേഷത്തിൽ പറഞ്ഞുകൊടുത്തു ആ രാജകുമാരനിൽ വീരത്വം ആരോപിക്കുവാൻ വീരു പ്രത്യേകമായി ശ്രദ്ധിക്കാറുണ്ട്. കുംഭറാണൻ മ്ലേച്ഛന്മാരെയൊക്കെ ജയിച്ചു ചിത്തോർ വിജയദുർഗ്ഗം നിർമ്മിക്കുന്നതും, എഴുപത്തിരണ്ടു മുറികൾ വട്ടുകെട്ടിയ ഒററക്കണ്ണനായ സംഗ്രാമസിംഹൻ തന്റെ ഒടിഞ്ഞ ഒററക്കാലുകൊണ്ടു മ്ലേച്ഛന്റെ കൊടിക്കൂറ ചവുട്ടിത്തേച്ചുകൊണ്ടു നിൽക്കുന്നതും വർണ്ണിച്ചുകേൾക്കുമ്പോൾ

ആ വീരകുമാരൻ കോൾമയിർ കൊള്ളുന്നതു കണ്ടിട്ടു വീരു കൃതകൃത്യനാവാറുണ്ടു്. അച്ഛന്റെ സമീപത്തുനിന്നും വീരവാദം പറഞ്ഞുവന്ന കുമാരൻ വീരുവിന്റെ കയ്യുപിടിച്ചുവലിച്ചു പറയുകയാണു്, "വരൂ, വീരു, എന്റെ പടവാളും പടച്ചട്ടയും തരൂ" അനവധി നേരമായി വേർവിട്ടുപോയ കററക്കിടാവിന്റെ പുനസ്സംഗമത്തിൽ ഗോമാതാവിന്നുണ്ടാവുന്ന ആനന്ദാതിരേകമാണു വീരുവിന്നുണ്ടായതു്. "അയ്യോ ഉണ്ണി, എന്തൊരദ്ധ്വാനമാണിതു്. കുഞ്ഞിക്കവിളുകൾ തുടുതുടുത്തിരിക്കുന്നുവല്ലോ" എന്നു പറഞ്ഞു കുമാരനെ വാരിയെടുത്തു തുടരെത്തുടരെ ഉമ്മവെച്ചു. കുട്ടി കുതറി വിടുവിച്ചു. കുട്ടിക്കു വളരെ ശുണ്ഠി വന്നിട്ടുണ്ടു്: "വീരു കളികളയൂ, യുവറാണയുടെ കല്പനയാണു, പടച്ചട്ടയും വാളും കൊണ്ടുവരൂ, വേഗമാവട്ടെ" വീരുവൊന്നു ചിരിച്ചുകൊണ്ടു "എന്താണു മ്ലേച്ഛ ചക്രവത്തിയുടെ മിശകരിക്കുവാൻ ഭാവമുണ്ടോ."

കുട്ടി ഉന്മേഷത്തോടുകൂടി പറഞ്ഞു. "അതു നാളെയാണു്. വീരുവും വരണം. നമുക്കു നാളെ ദില്ലിപട്ടണംതന്നെ ചുട്ടുപൊട്ടിക്കണം. ഇന്നു് അഹേറിയയല്ലേ, വീരു, ദുഷ്ടമൃഗങ്ങളുടെ ചോരകുടിച്ചു മിവാരത്തിന്റെ ദാഹം ശമിപ്പിക്കുവാൻ നമുക്കുപോകുക. അമ്മ കണ്ടുസന്തോഷിച്ചു എനിക്കു ഉമ്മതരുമെന്നു വീരുപറഞ്ഞില്ലേ, ഇന്നു അതു മേടിക്കാൻ ഞാൻ ഭാവമുണ്ടു്."

വീരു ഒരു ചെറിയ പടച്ചട്ട ആ കുഞ്ഞിമാറത്തണിയിച്ചു. കുട്ടിക്കു തൃപ്തിയായില്ല, പോര, ദ്വേഷ്യം കൂടിവന്നു. "എന്തു ധിക്കാരമാണിതു്. വീരു, ഞാനെന്താ കൊച്ചുകുട്ടിയൊ മററൊ ആണൊ ഈ പടച്ചട്ട കൊണ്ടു കളിക്കാൻ. ഈ കനമില്ലാത്തതു എനിക്കുവേണ്ട." വീരു ഓരോന്നായി മാറിമാറികൊടുത്തു, ഓരോന്നും മാറിമാറി ഉപേക്ഷിക്കപ്പെട്ടു. ഒടുവിൽ വീരു തന്റെ പതിവുപോലുള്ള സൂത്രംതന്നെ പ്രയോഗിച്ചു. "കൊച്ചുറാണ ഈ പടച്ചട്ട, സംഗ്രാമസിംഹന്റെ വിരിമാറത്തു കിടന്നു ബേബറിന്റെ പീരങ്കിയുണ്ടകളെനോക്കി ചിരിച്ചിരുന്നതാണു്. നോക്കൂ, ഉണ്ണിക്കിതു പാകമാണു്." അതു ഫലിക്കുകതന്നെചെയ്തു. ആ കുഞ്ഞിച്ചട്ടധരിച്ചു കുട്ടിതന്റെ മാറൊന്നു വിരിച്ചു കൃതാർത്ഥനായി. "ഈ വാളു്, ഏതാണു വീരു ഈ വാളു്" കൊച്ചുറാണയെ നല്ലവണ്ണം പഠിച്ചിരുന്ന വീരു സമാധാനം പറഞ്ഞു:—

"മ്ലേച്ഛന്മാരുടെ തലയറുത്തു മിവാർ ലക്ഷ്മിയെ പൂജിച്ചതു ബാപ്പരായൻ ഈ പള്ളിവാളുകൊണ്ടാണു്." കുട്ടി ആ വാളൊന്നു വീശിക്കൊണ്ടു പറയുകയാണു്, "വീരു, ഈ കാട്ടിലെ സിംഹങ്ങളുടെ തലവനെ കാട്ടിത്തരൂ. അവന്റെ പല്ലു പറിച്ചുകൊണ്ടു വരാമെന്നു അച്ഛനോടു സത്യം ചെയ്തിട്ടുണ്ടു്."

കൊച്ചുറാണയും ഭൃത്യനുംകൂടി സിംഹത്തിൻെറ പല്ലു പറിക്കുവാനുള്ള യാത്രയാണ്! വീരുവിനറിയാമായിരുന്നു, ആവീരബാലൻ 'സത്യം' നിർവ്വഹിക്കാതെ മടങ്ങുക ദുസ്സാദ്ധ്യമാണെന്നും, അങ്ങിനെ മടക്കേണമെങ്കിൽ ഒരേ ഒരു ഉപായമെ ഉള്ളുവെന്നും. ആ ഉപായം തന്നെ പ്രയോഗിച്ചു.

"ആകഥ, കൊച്ചുറാണ."

"ആ", ആനന്ദം തിളക്കിയ കണ്ണുകളോടുകൂടി കുട്ടിചോദിച്ചു,

"ആ കഥ, എന്നിട്ട്."

വീരു—"എന്നിട്ടു കുംഭറാണൻ മാൾവയിൽ ചെന്ന് അവിടത്തെ മ്ലേഛരാജാവിൻെറ കോവിലകത്തിനു തീ വെച്ചു.

"ഹാ!" കുട്ടി ചാടിത്തുള്ളി. "എന്നിട്ട്?"

എന്നിട്ടു പിന്നെ ഗുജറാത്തിലേയ്ക്കു പോയി. അവിടത്തെ മ്ലേഛരാജാവിനേയും രാജദ്രോഹികളായ രജപുത്രന്മാരേയും കോടിക്കോടികണക്കിനു, അരിഞ്ഞരിഞ്ഞു വീഴ്ത്തി."

"ഹാ! ഹാ! എന്നിട്ട് . . . ?"

"എന്നിട്ടു ദില്ലിയിലേയ്ക്കു പോയി."

'ഹായ്!' സന്തോഷത്തിൻെറ ചെഞ്ചായം കുട്ടിയുടെ കവിളുകളിലെ ചോപ്പിരട്ടിച്ചു. 'എന്നിട്ട് അക്ബറിനെക്കൊണ്ടു റാണയുടെ ചെരിപ്പെടുപ്പിച്ചു അല്ലെ. ഹാ ഹാ!'

'ഇല്ല, ഉണ്ണി, അതു സാധിച്ചില്ല."

'എന്ത്!' കുട്ടി ഇടിവെട്ടുകൊണ്ടപോലെ നിന്നു.

സാധിച്ചില്ല, ഉണ്ണി, അന്നു അക്ബർ ജനിച്ചിരുന്നില്ല, അവൻെറ മുത്തച്ഛനെക്കൊണ്ടാണു ചെരിപ്പു ചുമപ്പിച്ചതു്.

കുട്ടിയുടെ മുഖം വാടി. "വീരു, കുംഭറാണൻ അച്ഛൻെറ ആരാണ്."

'മുത്തച്ഛനാവും'

കുട്ടിക്കു ഒരു സംശയം. 'മുത്തച്ഛൻ ചെയ്യുതു് എന്താണു, വീരു, അച്ഛൻ ചെയ്യാത്തതു്. അക്ബറിൻെറ മുത്തച്ഛനെക്കൊണ്ടു ചെരിപ്പെടുപ്പിച്ചു, കുംഭറാണ. അക്ബറിനെക്കൊണ്ട് എൻെറ അച്ഛൻ ചെരുപ്പെടുപ്പിക്കുന്നില്ലല്ലൊ.

വീരു—"കൊച്ചുറാണ, അച്ഛൻ ഒററയല്ലെ, ആരുമില്ലല്ലൊ സഹായിക്കാൻ—സൈന്യങ്ങളോ, പ്രഭുക്കളോ ആരുമില്ലല്ലൊ. ചക്രവത്തിയ്ക്കു എത്ര കോടി സൈന്യങ്ങളുണ്ട്.

രാജ—'കുംഭറാണയ്ക്കും സൈന്യങ്ങളുണ്ടായിരുന്നില്ലല്ലൊ.'

4

'ഉണ്ടായിരുന്നു, ഉണ്ണി.'

'എന്ത്, അപ്പോൾ ഒററയ്ക്കല്ലേ അദ്ദേഹം മ്ലേഛരന്മാരെ മട്ടിച്ചത്?".

"അല്ല, രാജൻ, അതു സാദ്ധ്യമല്ലല്ലോ"

"എന്തു പറഞ്ഞു, ബീല. രജപുത്രനു സാദ്ധ്യമല്ലാത്തതു യാതൊന്നുമില്ലെന്നു, പറഞ്ഞതന്നതു നീ തന്നെയല്ലേ." കുട്ടിയുടെ കണ്ണൊന്നു കലങ്ങി.

"കൊച്ചുറാണ, ഇതു രജപുത്രനും, ഈശ്വരനും സാദ്ധ്യമല്ല—ഒററയ്ക്കു ചെന്നു കോടാനുകോടി ശത്രുക്കളെ വധിച്ചു വിജയിയാവുക."

കുട്ടി തന്റെ പാടവാളൊന്നു മിന്നിച്ചുകൊണ്ടു പറഞ്ഞു. "ഈശ്വരനു സാധിച്ചാലും സാധിച്ചില്ലെങ്കിലും, ഞാൻ ഒററയ്ക്കുപോയി ദെല്ലി മുഴുവനും തകൎക്കുന്നുണ്ട്. ആ മുകിലപ്പട്ടിയെക്കൊണ്ടു വീരുവിന്റെ വൃഷല വൃത്തിയെടുപ്പിച്ചേയ്ക്കാം. കണ്ടുകൊള്ളൂ; അമ്മയുടെ ഉമ്മയും അന്നു ഞാൻ വാങ്ങുന്നുണ്ട്." ഇങ്ങിനെ അനവധി നേരം നീണ്ടുനിന്നു അവരുടെ സംസാരം. നേരം സന്ധ്യയായി. കുട്ടി നായാട്ടും മറന്നു; വീരുവിന്റെ കാൎയ്യവും സാധിച്ചു.

* * * * * * * * *

കരുത്ത കരുത്ത ദിവസങ്ങൾ വന്നു വന്നു പോയി.

* * * * * * * * *

മഹാറാണാ പ്രതാപസിംഹൻ അക്ബർ ചക്രവൎത്തിയ്ക്കു കീഴടങ്ങിയെന്ന വാൎത്ത്ഹിന്ദുസ്ഥാനത്തെ മുഴുവൻ തരിപ്പിക്കുക തന്നെ ചെയ്തു. മുകിലസാമ്രാജ്യം മുഴുവൻ ഇന്നുസന്തോഷം കൊണ്ടു കോൾമയിർക്കൊണ്ടിട്ടുണ്ട്. അക്ബർ ചക്രവൎത്തിയെ ഇന്നത്തെപ്പോലെ ഉത്സാഹ ഭരിതനായിട്ടോ ഉദാരഹൃദയനായിട്ടോ ഇതിനു മുമ്പോ പിമ്പോ ആരുംകണ്ടിട്ടില്ലെന്നാണ അബ്ബുൽ ഫാസൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ മംഗളവാൎത്തകൊണ്ടു വന്ന പ്രതാപസിംഹന്റെ ദൂതനായ ഒരു ബീലനു പാദുഷയുടെ ഉദാരത ബങ്കാളിലെ സുബേദാർ സ്ഥാനം കല്പിച്ചുകൊടുത്തതിനേയും ആ സാധു അതിനെ നന്ദിയോടുകൂടി ഉപേക്ഷിച്ചതിനേയും അധികരിച്ചു പൃത്ഥ്വിരാജൻ ഒരു മഹാകാവ്യ മെഴുതിയിട്ടുണ്ട്. ഇങ്ങിനെ മുകിലസാമ്രാജ്യം മുഴുവൻ പൊട്ടിച്ചിരിക്കുമ്പോൾ അരാവലി മലയിടുക്കിൽ മനുഷ്യൻ ചവുട്ടിയിട്ടില്ലാത്ത ഒരു പാറയുടെ മേൽ ഉണങ്ങിയ ഒരു കടംബ വൃക്ഷത്തിന്റെ ചുവട്ടിൽ ഒരു മനുഷ്യനിരിക്കുന്നുണ്ട്. വിഹീന പാദുകങ്ങളും അസ്ഥികൾ പൊന്തിയ വൎമ്മായ രണ്ടു നീണ്ട കാലുകൾ കീഴ്പോട്ടു നീണ്ടു കിടക്കുന്നതു കണ്ടാൽ തങ്ങളെ അകഗേത്തയ്ക്കു വലിക്കണമേ

എന്നു ഭൂദേവിയോടു അവ കനിഞ്ഞപേക്ഷിക്കുകയല്ലേ എന്നു തോന്നും. ലജ്ജാവിവശമായ ആ ചുളുങ്ങിയ മുഖം ലോകം കാണേണ്ട എന്നു വിചാരിച്ചാണോ ആവോ ജടപിടിച്ച തലമുടി അതിന്റെ മേൽ ഒരു തിരസ്കരിണിയിട്ടുന്നുണ്ട്. കിരീടം വെച്ചു തഴമ്പിച്ച ആ തല ലജ്ജാഭാരത്താൽ ഇടിഞ്ഞു വീഴരുതെന്നു വിചാരിച്ചാണോ ആവോ നഖങ്ങൾ വളൎന്ന ഒരു നീണ്ട ഞരമ്പിച്ച കയ്യ് അതിനെ താങ്ങുന്നുണ്ട്. തന്റെ അധോഗതിയുടെ ആഴം അളന്നു നോക്കുകയാണോ ആവോ കുഴിഞ്ഞു ജീവനില്ലാത്ത അദ്ദേഹത്തിന്റെ കണ്ണുകൾ കീപ്പോട്ടുനോക്കി വൎത്തിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ദീൎഘശ്വാസങ്ങളുടെ അസഹ്യമായ ഉഷ്ണാധിക്യം കൊണ്ടാണോ ആ കദംബകതരു ഉണങ്ങിപ്പോയതെന്നു സംശയം തോന്നുന്നുണ്ട്. അദ്ദേഹമാരാണെന്നോ? അദ്ദേഹമാണു സാക്ഷാൽ പ്രതാപസിംഹൻ. ആരുടെ നാമശ്രവണമാത്രയിൽ രാജസ്ഥാനത്തിലെ പുൽക്കൊടികൾ കൂടി കോൾമയിർകൊള്ളുകയും അക്ബർ ചക്രവൎത്തിയുടെ ചെങ്കോൽ പിടി തളരുകയും ചെയ്യുന്നുവോ, ആ പ്രതാപസിംഹൻ; അദ്ദേഹമാണിതു്. ചക്രവൎത്തിക്കു താൻ കീഴടങ്ങിയെന്നു തന്റെ ഹൃദ്രക്തത്തിൽ എഴുതി അയച്ചിട്ടു മണിക്കൂറുകൾ ചിലതു കഴിഞ്ഞിരിക്കുന്നു. ലോകത്തിന്റെ കണ്ണിൽ നിന്നും തന്റെ മുഖം മറയ്ക്കുവാൻ അദ്ദേഹം മനുഷ്യൻ മലിനമാക്കിയിട്ടില്ലാത്ത ഈ പ്രദേശത്തേയ്ക്കു വന്നിരിക്കയാണ്. അപ്പോളുണ്ടിതാ ഒരു പാദപാതം കേൾക്കുന്നു; തുടൎന്നു ഒരു മനുഷ്യന്റെ കിതപ്പും. അദ്ദേഹം തിരിഞ്ഞു നോക്കിയില്ല. എന്തിനു തിരിഞ്ഞു നോക്കണം? അതു് ഏതു ചെകുത്താനായിരുന്നാലെന്താണ്, എന്നായിരിക്കാം അദ്ദേഹത്തിന്റെ മനോഭാവം. അദ്ദേഹത്തിനു ഇനിയെന്താപത്തുണ്ടു വരുവാൻ.

"മഹാറാണാ"

ഇടിമുടക്കം പോലുള്ള ഒരു ശബ്ദം കേട്ടു. അദ്ദേഹത്തിന്റെ നമ്രശിരസ്സ് ഉയൎന്നില്ല. ചുണ്ടുകൾ അനങ്ങുന്നതു കണ്ടില്ലെങ്കിലും "എന്തു്, ആരു്" എന്നു നേൎത്ത ഒരു പ്രതിവചനം അദ്ദേഹം ഗതജീവനല്ലെന്നു ബോദ്ധ്യപ്പെടുത്തി.

"അടിയൻ, വീരു."

"വീരു", റാണയൎത്ഥമില്ലാതെ ആവൎത്തിച്ചു.

"ഇതു വാസ്തവമാണോ തിരുമേനി", ഒരധികാര സ്വരമായിരുന്നു അതു്.

"അതെ" റാണ അലക്ഷ്യമായ് പറഞ്ഞു. "എന്തു്, എന്തെന്നാണു തിരുമേനി വിചാരിക്കുന്നതു്."

"എന്തുമാവട്ടെ; വീരു."

"എന്തു്, അങ്ങയെക്കുറിച്ചു് എന്തുതന്നെ അപവാദങ്ങൾ പറഞ്ഞാലും വാസ്തവമാണെന്നോ?

"അതെ."

വീരുവിൻെറ ഭ്രൂകുടി കടിഞ്ഞാൺ വിട്ടു. "മേവാഡിലെ മഹാറാണാ മ്ലേഛനു കീഴടങ്ങിയെന്നു പറഞ്ഞാൽ അതും വാസ്തവമാണോ."

"അതും" പ്രതാപൻ തല ഉയൎത്താതെ തന്നെ പറഞ്ഞു. അദ്ദേഹത്തിൻെറ അലക്ഷ്യത വീരുവിനെ വിറങ്ങലിപ്പിച്ചു. ഒരു വിഷനേരം അവൻ ആ കുനിഞ്ഞ മുഖത്തേയ്ക്കു തുറിച്ചു നോക്കിക്കൊണ്ടു നിന്നു. ഒടുവിൽ അവൻ ശാന്തസ്വരത്തിൽ പറഞ്ഞു. "തിരുമേനി, അടിയൻെറ അപരാധം പൊറുക്കണം. അടിയൻ പട്ടണത്തിൽ പോയപ്പോൾ തിരുമേനി ചക്രവൎത്തിക്കു കീഴടങ്ങിയെന്നു ഒരു മൊട്ടത്തലയൻ കൊട്ടിയറിയിക്കുന്നതു കേട്ടു ഭ്രാന്തു പിടിച്ചു് ഓടിപ്പോന്നതാണു്. പ്രഭോ, അറിവില്ലാത്തടിയനു മാപ്പുതരണം."

പ്രതാപൻ ഒരു ദീൎഘശ്വാസത്തോടുകൂടിപ്പറഞ്ഞു. "വീരു, ആ സാധു പറഞ്ഞതു കളവാവേണമെന്നില്ല.

"എന്തു്?" വീരുവൊന്നുകൂടി തുറിച്ചു നോക്കി.

പ്ര— "അതെ."

വീ— "അങ്ങു് അൿബർ ചക്രവൎത്തിക്കു കീഴടങ്ങിയെന്നോ?

"ഉം"

വീ— മഹാറാണാ പ്രതാപസിംഹൻ മ്ലേഛനു കീഴടങ്ങിയെന്നോ?

"ഉം."

"വിശ്വസിക്കുവാൻ മനസ്സു വരുന്നില്ല."

"വീരു, മനസ്സിനു വിരുദ്ധമായും വിശ്വസിക്കേണ്ടിയിരിക്കുന്നു."

അപ്പോൾ, പ്രഭോ, ഒടുവിൽ ഇതും കാണിക്കേണ്ടിവന്നോ."

"ഉം." ഒരു നെടുവീൎപ്പു്!

"നോക്കു, മഹാറാണാ, അങ്ങറിയുന്നില്ല, അങ്ങെന്താണു ചെയ്യുന്നതെന്നു."

അറിയുന്നുണ്ടു, വീരു നല്ലവണ്ണമറിയുന്നുണ്ടു്."

"ഛീ", വീരുവിൻെറ തഴമ്പിച്ച കൈകൾ കൂട്ടിയുരഞ്ഞു. "അങ്ങെന്തറിയുന്നുണ്ടു്, മാതൃഭൂമിയുടെ സ്വാതന്ത്ര്യം വിററു കളിക്കുന്ന അങ്ങു് എന്തറിയുന്നുണ്ടു്."

"വിധിവിഹിതം പോലെയൊക്കെ വരുമെന്നും, മനുഷ്യൻ അവൻെറ തല യെത്രതന്നെ ഉയൎത്തിപ്പിടിച്ചാലും, വിധിയുടെ മുമ്പിൽ അവൻെറ തല താഴ്ത്തേണ്ടിവരുമെന്നും, വീരു, ഞാനറിയുന്നുണ്ടു്."

"ഹാ, ഹാ,!" വീരുവിൻെറ മുഖത്തു ഒരഭിനയിച്ച പരിഹാസം കാണായി, "എന്നു തൊട്ടാണങ്ങുന്നെ മ്ലേഛൻ സനാതനമതക്കാരൻെറ 'വിധി'യായതും, മ്ലേഛൻെറ മുമ്പിൽ കുമ്പിടുക രജപുത്രൻെറ 'വിധിവിഹിത' മായതും.

പ്ര—"വീരു, മേവാഡിൻെറ സ്വാതന്ത്ര്യം ഇന്നത്തോടുകൂടി അവസാനിക്കണമെന്നാണു ഈശ്വരകല്പിതം. അതു സാധിക്കട്ടെ; അക്ബരുടെ മോഹം സാധിക്കട്ടെ." അക്ബർ ചക്രവർത്തിയുടെ അജയ്യമായ സേനകളെ തടുത്തു നിർത്തിയ കൈകൾ മാറത്തമർത്തിപ്പിടിച്ചിട്ടും, ഒരു ദീർഘശ്വാസം കടന്നേപോയി.

"അങ്ങുന്നേ, അവനവൻെറ അപരാധങ്ങൾക്കു വിധിയെ പഴിക്കുന്ന ഒരു കുലമല്ല അവിടുത്തേതു്. രജപുത്രൻെറ ഭാഗ്യം അവൻെറ വാളുകൾ വെട്ടിയുണ്ടാക്കുന്നതാണു്. അരികളുടെ ചുടുചോരയിൽ അവൻെറ വാൾത്തലകൊണ്ടു എഴുതപ്പെടുന്നതാണു്, രജപുത്രൻെറ ജാതകം.

"വീരു, ഇതൊക്കെ നമ്മെ പഠിപ്പിച്ചവർ ഇതിൽ കൂടുതലൊന്നും അറിഞ്ഞിരുന്നില്ല."

"പ്രഭോ, ഒരു രജപുത്രൻ അവൻെറ പിതാക്കളെ അപലപിക്കുകയോ"

"പിതാക്കളെ അപലപിക്കുകയല്ല, വീരു, എൻെറ സങ്കടം പറയുകമാത്രമാണു്."

"ഓ! ശരിതന്നെ, മുകിലൻെറ മുമ്പിൽ വായ്പൊത്തി സങ്കടം ബോധിപ്പിക്കുവാൻ ശിശോദിയവംശജനു പരിശീലനംതന്നെ വേണമല്ലോ." തൻെറ നെഞ്ചത്തു് ഒരു കഠാരിയിറക്കിയപോലെ തോന്നി റാണക്കു്—ഒരു ഞെട്ടല്, ഒരു നീറല്. അദ്ദേഹം ഒന്നും പറഞ്ഞില്ല.

വീരു—"മഹാറാണാ, അപ്പോളതു തീർച്ചയായോ?"

പ്ര—"തീർച്ചയായി."

വീ—"നോക്കു, അങ്ങു ബാപ്പരായൻെറ പ്രതിനിധിയാണു്."

'ആയിരിക്കാം.'

"കുംഭറാണൻെറ ചോരയാണു് അങ്ങയുടെ നാഡികളിൽ"

"ആയിരിക്കാം."

"സംഗ്രാമസിംഹൻെറ പ്രൌത്രനാണങ്ങുന്നു്."

"ആയിരിക്കാം."

"പ്രതാപസിംഹാ, അങ്ങക്കു ലജ്ജയില്ലേ."

"ലജ്ജയോ, ആരുടെ മുഖത്തുനോക്കുവാൻ ലജ്ജിക്കണം, വീരു!

"ലോകത്തിൻെറ മുഖത്തു നോക്കുവാൻ; അങ്ങെങ്ങിനെ നോക്കും ലോകത്തിൻെറ മുഖത്ത്?"

ലോകം, വീരു എന്താണു ലോകം? ഏതുലോകത്തിൻെറ മുഖത്തു നോക്കുവാൻ ഞാൻ ലജ്ജിക്കണം? ലോകത്തിലെ ഏററവും സുദീഘ്വും സുന്ദരവുമായ ഭൂഭാഗത്താൽ ഒരു മുറുമുറുക്കലും കൂടാതെ അനുസരിക്കപ്പെടുന്ന ഒരു സാവ്ഭൌമനു അവിവാരമെന്നായപ്പോൾ കീഴടങ്ങുന്നതിനു ഞാനെന്തിനു ലജ്ജിക്കണം?"

"പ്രതാപസിംഹാ; അങ്ങയുടെ നാക്കിൽനിന്നോ ഇതു്. അങ്ങു രജപുത്രരുടെ മുഖത്തു് എങ്ങിനെ നോക്കും."

"രജപുത്രർ!"— ഇപ്പോൾ മാത്രമാണു പ്രതാപൻ തലയുയർത്തിയതു്. അദ്ദേഹത്തിൻെറ കണ്ണുകളുടെ ഭയാനകത കണ്ടു വീരുവൊന്നു ഞെട്ടി. "ലോകത്തിലേയ്ക്കു വെച്ചു് ഏററവും നികൃഷ്ടമായ ഈ ജാതിയുടെ തലയിൽ ഇടിത്തീ വിഴട്ടെ! അവരുടെ മുഖത്തുനോക്കുവാൻ പ്രതാപസിംഹൻ ലജ്ജിക്കുകയോ? സമരം കൂടാതെതന്നെ മുകിലനു കീഴടങ്ങി കീഴടങ്ങാത്ത ഒരേ ഒരു സ്വവംശജനെ കീഴടക്കുവാൻ അതിശ്രമം പരിശ്രമിച്ചു തങ്ങളുടെ അംഗനകളെ മുകിലനു കാണിക്കവെച്ച പട്ടികൾ! അവരുടെ മുഖത്തുനോക്കുവാൻ പ്രതാപസിംഹൻ ലജ്ജിക്കണമെന്നോ? നന്ദികെട്ട ഈ വഗ്ഗത്തിൻെറ ഉന്മൂലനാശനത്തിനു അക്ബരെ ഞാൻ സഹായിക്കുമെന്നായിരിക്കും ഡെല്ലിയുമായുള്ള സന്ധിയിലെ ഒന്നാമത്തെ ഖരാറ്. അവർ കണ്ടുകൊള്ളട്ടെ" നിരാശയുടെ ഈ വെളിവാടുകണ്ടു വീരുവൊന്നു വിറകൊണ്ടു.

"പ്രതാപസിംഹ! ഞങ്ങളുടെ— നികൃഷ്ടന്മാരായ ബീലിന്മാരുടെ—മുഖത്തു നോക്കുവാൻ അങ്ങേയ്ക്കു ലജ്ജയില്ലേ?" അദ്ദേഹം ഒരുനിമിഷം അവളുടെ മുഖത്തേയ്ക്കു നോക്കി. ആ കണ്ണുകൾ ക്രമേണ ക്രമേണ താന്നു താന്നുപോയി.

വീരു—"ബാപ്പരായൻെറ കിരീടം ധരിച്ച ഉത്തമാംഗം മ്ലേഛൻെറ പാദങ്ങളിൽ കുനിക്കുവാൻ അങ്ങേയ്ക്കു ലജ്ജയില്ലേ? കുംഭറാണയുടെ കൊടിക്കൂറയുടെ കീഴിൽ വിരിഞ്ഞു വിലസിയിരുന്ന അങ്ങേയ്ക്കു മ്ലേഛൻെറ സിംഹാസനത്തിൻെറ വിഴലിൽ ചുളുങ്ങിനില്ക്കുവാൻ ലജ്ജയല്ലേ? സംഗ്രാമസിംഹൻെറ പള്ളിപ്പടവാൾ പിടിച്ചുതഴമ്പിച്ച കൈകൾകൊണ്ടു മ്ലേഛൻെറ കാലു തലോടുവാൻ അങ്ങേയ്ക്കു ലജ്ജയില്ലേ?"

"വീരു!"

"തങ്ങളുടെ സ്വാതന്ത്ര്യത്തിനും ആത്മാഭിമാനത്തിനും വേണ്ടി എരിതിയിൽ വീണു എരിഞ്ഞുചാവാൻ മടിക്കാത്ത നൂറായിരം "പത്മി

നി"കളെ 'നവറോജ്' ചന്തയിൽ വിററ പണം വാങ്ങുമ്പോൾ ചിത്തോരിന്റെ ചെങ്കോൽപ്പാട്ടുള്ള കൈകൾ ലജ്ജകൊണ്ടലിയുകയില്ലേ?"

"വീരു!"

"പ്രേയസിയുടേയും മക്കളുടേയും ചാരിത്രം വിററ സമ്പാദിച്ച മോഹറകളും കൊണ്ട്, മുകിലന്റെ കൊടിക്കൂറയുടെ കീഴിൽ ജയഭേരിയോടുകൂടി ചിത്തോരിലേക്കു വരുമ്പോൾ ആ വീരനഗരിയുടെ കന്മതിലുകളിന്മേൽ മുകിലന്റെ മോഹറകളെക്കാൾ മിന്നിത്തിളങ്ങുന്ന ചോരപ്പാട്ടുകൾ—ജയമല്ലന്റേയും പുത്തന്റേയും ചോരപ്പാട്ടുകൾ—ലക്ഷോപലക്ഷം രജപുത്രന്മാരുടെ ദേശാഭിമാനത്തിന്റെ മായാമുദ്രകൾ—ഒരു രാജപുത്രി ചുംബിച്ച മുഖത്തു യാതൊരു ഭാവവിശേഷവുമുണ്ടാക്കുകയില്ലെന്നോ! പ്രതാപസിംഹാ! അങ്ങേക്കു ഭയമില്ലേ?"

അദ്ദേഹത്തിന്റെ മനസ്സറിയാതെ ചുണ്ടുകളെന്തോ പതറി— "ആരെ ഭയപ്പെടണം വീരു.........."

"......തുലുക്കച്ചക്രവർത്തിയുടെ വിശ്വസ്തദാസൻ, അല്ലേ!" വീരു പൂർത്തിയാക്കി. "പ്രതാപസിംഹാ! അങ്ങു ആരെ ഭയപ്പെടേണ്ടു? മ്ലേച്ഛന്റെ പദധൂളി ശിരസ്സിലേററി വിജയഭേരിയോടുകൂടി വരുന്ന അങ്ങയെ കാണുമ്പോൾ ബാപ്പരായന്റെ ആത്മാവ് അടക്കം ചെയ്യപ്പെട്ട കുടീരം താനേ പൊളിയുകയില്ലെന്ന് അങ്ങു വിചാരിക്കുന്നുണ്ടോ? മുകിലപ്പെണ്ണിന്റെ മധുരഹാസം കണ്ടു കൂമ്പുന്ന കണ്ണുകൾ, അനതിദൂരത്തുതന്നെ രജപുത്രസതികൾ ചാടിയെരിഞ്ഞ അഗ്നികുണ്ഡലങ്ങളിലെ എരിയുന്ന കനൽക്കട്ടകൾ കണ്ടാൽ തുറിക്കുകയില്ലെന്നു അങ്ങു വിചാരിക്കുന്നുണ്ടോ? തുലുക്കന്റെ വിയർപ്പുപൊടികൾകൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ള കുംഭറാണന്റെ വിജയസ്തംഭത്തിന്റെ മുകളിൽ, മിവാർലക്ഷ്മിയെ ആവാസിച്ചിരുത്താറുള്ള മണിപീഠത്തിൽ, തുലുക്കച്ചിയുടെ അങ്കതലത്തിലിരുന്നു അങ്ങു സുഖിക്കുമ്പോൾ ആ സ്തംഭം അങ്ങയുടെ പാപപൂരിതമായ തലയിൽ ഇടിഞ്ഞുവീഴുകയില്ലെന്ന്, അങ്ങാശിക്കുന്നുണ്ടോ? ഹമീരന്റേയും സമരസിംഹന്റേയും പള്ളിവാള് മലീമസമായ അങ്ങയുടെ ഉറയിൽനിന്നും ചാടിപ്പോരില്ലെന്ന്, അങ്ങു വിശ്വസിക്കുന്നുണ്ടോ? ആത്മാഭിമാനിയായ അങ്ങയുടെ പുത്രൻ ചിത്തോരിലെ സ്വർണ്ണസിംഹാസനത്തിൽനിന്ന് അങ്ങയേയും തുലുക്കച്ചിയേയും ചവുട്ടിയിറക്കി അങ്ങയുടെ ചോരകൊണ്ട് ആ പടവാളിന്റെ ദാഹം തീർക്കുകയില്ലെന്നോ, മിവാരത്തിന്റെ മാലിന്യം കഴുകിക്കളയുകയില്ലെന്നോ, പ്രതാപസിംഹാ! അങ്ങു വിചാരിക്കുന്നുണ്ടോ.........?"

റാണയുടെ കണ്ണുകൾ ഒന്നുയർന്നപ്പോൾ വീരുവിനു തുടരുവാൻ സാ

ധിച്ചില്ല. യാതൊരു കണ്ണുകളുടെ തിളക്കത്തിൽ മുകിലസൈന്യം മുഴുവൻ വിറകൊണ്ടുവോ, ആ കണ്ണുകളുടെ പരവശത അത്രമാത്രമുണ്ടായിരുന്നു. പ്രതാപനാണു മൌനം ഭഞ്ജിച്ചതു്. "വീരു ! ശവത്തിനെ എന്തിനാണു കുത്തുന്നതു് ! അതു സ്വൈരമായി പുഴുത്തുകൊള്ളട്ടെ."

വീരു അല്പനേരം റാണയുടെ മുഖത്തേയ്ക്കു നോക്കിക്കൊണ്ടു നിന്നു. പൊടുന്നനെ അദ്ദേഹത്തിന്റെ കാൽക്കൽ വീണു തേങ്ങിത്തേങ്ങിക്കരഞ്ഞുതുടങ്ങി. ഇതുവരെ അടങ്ങിനിന്നിരുന്ന കണ്ണീരു പ്രതാപന്റെ ഇമകളുടെ അണ ഭേദിച്ചു കുത്തിയൊലിച്ചുതുടങ്ങി. അനവധി നേരമങ്ങിനെ കഴിച്ചു. പക്ഷികൾ കരച്ചിൽ നിൎത്തി; ചന്ദ്രനുദിച്ചുയൎന്നു. എന്നിട്ടും അവരുടെ കണ്ണുനീരു ഒഴുകിക്കൊണ്ടേ ഇരുന്നു. വീരുവാണു് ആദ്യം വിക്കിയതു്.

"മഹാറാണാ."

"വീരു."

"കഷ്ടം, അങ്ങെന്തിനാണു് ഇതു ചെയ്യുതു്."

"അല്ലാതെ ഞാൻ എന്തുചെയ്യാം വീരു, പറയൂ."

"പടവെട്ടുക, ഒടുങ്ങുന്നവരെ പടവെട്ടുക."

"പടവെട്ടുകയൊ, വീരു? എന്തൊരു പടവെട്ടലാണിതു്! ഒററയ്ക്കുനിന്നു ലോകത്തിലെ ഒന്നാമത്തെ ശക്തിയോടു് ഇരുപത്തിയഞ്ചു നീണ്ട നീണ്ട സംവത്സരങ്ങളായി ഞാൻ പടവെട്ടി നില്ക്കുന്നു. വീരു, ഇന്നെന്നെ സഹായിക്കാനാരുമില്ല, നിങ്ങൾ സ്വാമിഭക്തരായ കുറെ ഭിലരല്ലാതെ. ആൎക്കുവേണ്ടി ഞാൻ യുദ്ധം ചെയ്യേണമോ, ആ രജപുത്രർ മുഴുവൻ ഇന്നു് അക്ബറിന്റെ കൊടിക്കൂറയുടെ കീഴിൽ നില്ക്കുവാൻ അഭിമാനിക്കുകയാണു ചെയ്യുന്നതു്. ബാപ്പരായന്റേയും സംഗ്രാമസിംഹന്റേയും അപദാനങ്ങൾ പാടിപ്പോന്ന ശക്തസിംഹന്റേയും സാഗരസിംഹന്റേയും നാവുകളുടെ ജീവിതവൃത്തി, ഇന്നു മ്ലേച്ഛന്റെ കാലു നക്കുകയാണു്. അക്ബറിന്റെ പിരങ്കിയുണ്ടകളുടെ നേക്കു നില്ക്കുവാൻ നമുക്കു് എന്തുണ്ടു ?—അസ്ഥികൾ പൊന്തിയ മാൎത്തടങ്ങളോ! സ്വജനങ്ങളാലും സഹോദരന്മാരാലും ഉപേക്ഷിക്കപ്പെട്ടിട്ടും അപ്രതിഹതമായ ഒരു ശക്തിയെ തടഞ്ഞു നിൎത്തി മാതൃഭൂമിയുടെ ഐശ്വൎയ്യത്തെ നശിപ്പിച്ചതിനുള്ള പുണ്യം കൂടുതലാൎജ്ജിക്കണമെന്നു വിചാരിക്കുന്നില്ല. ഇല്ല, വീരു, ഞാനിനി പടവെട്ടുകയില്ല."

"മഹാറാണാ, ഇങ്ങിനെയുള്ള സന്നിഗ്ദ്ധവേള മിവാരത്തിന്നു് ആദ്യത്തേതല്ല. എന്നാൽ അതിനെ മ്ലേഛനു വില്ക്കുന്നതു് ഇതു് ആദ്യമായാണു്. വിജയിയായ അലാവുദ്ദീന്റെ കാലത്തങ്ങളുടെ ക

ണ്ണുനീരുകൊണ്ടല്ല, ചുടുചോര കൊണ്ടാണു ഭീമസിംഹനും ലക്ഷ്മണസിംഹനും കഴുകിച്ചതു്. 72 മുറികളിൽകൂടി സ്വരാജ്യസ്നേഹത്തെയൊലിപ്പിച്ച അങ്ങയുടെ പിതാമഹൻ അങ്ങിനെയുള്ള ഒരു സന്ദർഭത്തിൽ പടവെട്ടി വീരസ്വർഗ്ഗം പ്രാപിക്കയാണു ചെയ്തതു്. പ്രതാപസിംഹാ! അവരുടെയൊക്കെ അനന്തിരവനാണു് അങ്ങുന്നു്.

'വീരു! മതഭ്രാന്തനായ ഒരു പഠാണിയോ, ഉപജീവനത്തിനുവേണ്ടി യുദ്ധം ചെയ്യുന്ന ഒരു മുകിലഭടനോ അല്ല ഇന്നു ഡെല്ലി സിംഹാസനത്തെ അലങ്കരിക്കുന്നതു്'. വീരു പൂരുപ്പിച്ചു, 'മിവാരത്തിനുവേണ്ടി മരിക്കുവാൻ ഇന്നൊരു ഭീമസിംഹനോ ലക്ഷ്മണസിംഹനോ അല്ലയല്ലോ, ചിത്തോർ സിംഹാസനത്തെ അലങ്കോലപ്പെടുത്തുന്നതു്!

'അലാവുദ്ദീനും, ബേബറും എവിടെ കിടക്കുന്നു! അൿബർ ചക്രവർത്തി എവിടെ കിടക്കുന്നു!'

'ഹാ! ഹാ! മുകിലന്റെ അപദാനങ്ങൾ പാടുവാൻ ഇത്രക്ഷണം പഠിച്ചു കഴിഞ്ഞോ!' പ്രതാപൻ തല താഴ്ത്തി. "മഹാറാണാ ഞാൻ പറയുന്നതു കേൾക്കു. ഇന്നത്തെ മ്ലേച്ഛൻ അവന്റെ പിതാക്കളെക്കാൾ പ്രബലനാണെങ്കിൽ മിവാരിലെ പ്രതാപൻ അദ്ദേഹത്തിന്റെ പിതാക്കളെക്കൂടി അതിശയിക്കുന്ന ധീരഹൃദയനാണെന്നാണു ഞങ്ങളുടെ വിശ്വാസം. അങ്ങയുടെ ധീരകൃത്യങ്ങളെ പാടിപ്പാടി ലോകോത്തരന്മാരായ നിരവധി കവികൾ യശശ്ശരീരികളായിത്തീർന്നിട്ടുണ്ടു്. അങ്ങയുടെ കൊടിക്കൂറയുടെ കീഴിൽ നിന്നടരാടി അനവധി ധീരന്മാർ ഇന്നു മരിച്ചു ജീവിക്കുന്നുണ്ടു്. അവരുടെ പിതാക്കന്മാരുടെ ചോരയൊഴുകുന്ന അനവധി രജപുത്രന്മാർ ഇന്നു ഈ രാജസ്ഥാനത്തുണ്ടു്, നോക്കു, അങ്ങാണു സാക്ഷാൽ പ്രതാപസിംഹൻ! അങ്ങയുടെ നാമശ്രവണമാത്രയിൽ അവർ കോൾമയിർ കൊള്ളുകയും അവരുടെ ചോര തിളയ്ക്കുകയും ചെയ്യും. അങ്ങയുടെ ഉറയൂരിയ ഉടവാളൊന്നു ചുഴററിക്കൊണ്ടു ഡെല്ലിയിലെ സിംഹാസനത്തിൽനിന്നും മ്ലേച്ഛനെ വലിച്ചിഴയ്ക്കുവാൻ അങ്ങു നടകൊള്ളു. ഡെല്ലിയുടെ കോട്ടവാതുക്കൽ ചെന്നു് അങ്ങൊന്നു തിരിഞ്ഞുനോക്കു, ഈ വീരകുലം മുഴുവനും അങ്ങയെ പിൻതുടരുമോ എന്നങ്ങു് അപ്പോൾ നോക്കു . . . ."

"അപ്പോൾ കാണാം എന്റെ കയ്ക്കിടുവാനുള്ള ചങ്ങലയുംകൊണ്ടു മാനസിംഹനും അവന്റെ 'വീരകുല'രായ രജപുത്ര പരിവാരങ്ങളും വരുന്നതു്". വീരു തല താഴ്ത്തി.

"വീര, ലോകത്തിലെ കനിഷ്ഠികാധിഷ്ഠിതമായ ശക്തിയോടു മുഷ്ടിമിതമായ സൈന്യങ്ങളെക്കൊണ്ടു കാൽശതാബ്ദകാലം പടവെട്ടിനി

ന്നതു വീരത്വമല്ലെങ്കിൽ, സംഗ്രാമസിംഹനായ്ക്കട്ടെ ശിശോദിയാവംശത്തിലെ ഒടുക്കത്തെ ധീരൻ. എവിടെയ്ക്ക് വിരോധമില്ല. രാജസ്ഥാനത്തിന്റെ വീര്യം ഒട്ടുമുക്കാലും ജയമല്ലനും പുത്തനും കൂടി ചിത്തോർകോട്ടവാതുൽക്കൽ ചൊരിഞ്ഞു കഴിഞ്ഞു. ഹൽദിഘാട്ടിയിൽ വീണ രാജപുത്രരോടൊന്നിച്ച രാജസ്ഥാനത്തിലെ അവശേഷിച്ച വീരത്വവും വീണുകഴിഞ്ഞു. ഇനി, അതിനെ ഉയർത്തുവാനുള്ള പാഴ്പ്പണിയിൽ എന്റെ ചുങ്ങിച്ചുളുങ്ങിയ നെറ്റിയെ എന്തിനു വിയർപ്പിക്കണം? ഇരിക്കുവാൻ പുരയിടമില്ലാതെ, കഴിക്കുവാൻ ഭക്ഷണമില്ലാതെ; കുടിക്കുവാൻ ശുദ്ധജലമില്ലാതെ, അരുമക്കുഞ്ഞുങ്ങളുടെ പൂങ്കവിളുകളും കുഞ്ഞുവയറുകളും ഒട്ടിപ്പിടിക്കുന്നതു കണ്ടു ഹിന്ദുസ്ഥാന ചക്രവർത്തിയോടു പടവെട്ടുവാൻ ഞാൻ പോകേണമോ? ആർക്കുവേണ്ടി? വീര, ആർക്കുവേണ്ടി? ഈ രജപുത്രന്മാർക്കുവേണ്ടിയോ, ഈ വിചവിചമായ (അദ്ദേഹം ചവുട്ടിയ പാറക്കല്ലു പൊളിഞ്ഞുവീണ ശബ്ദംകൊണ്ടു അത്യുച്ചത്തിലായിരുന്നെങ്കിലും അദ്ദേഹം രജപുത്രന്മാർക്കിട്ട ഓമനപ്പേരു വീരവിനു വ്യക്തമായി മനസ്സിലായില്ല). ഇല്ല, വീര, ചിത്തോറിലെ പള്ളിവാളിനെ അപമാനിക്കുവാൻ ഞാൻ ഭാവമില്ല."

പ്രഭോ! ജീവിച്ചിരിപ്പുള്ളവരോടില്ലെങ്കിൽ മരിച്ചുപോയവരോടു അങ്ങേക്കു യാതൊരു കടമയുമില്ലേ. രാജസ്ഥാനത്തിന്റെ അഭിമാനമായ ജയമല്ലൻ തന്റെ സർവസ്വവും ചിത്തോർകോട്ടയുടെ പടിക്കൽ, മുകിലന്റെ പീരങ്കിയുടെ മുമ്പിൽ, ഹോമിച്ചതു് എന്തിനു്? ആർക്കുവേണ്ടി? അന്നത്തിന്നു യൌവനനായിരുന്ന പുത്തൻ നവോഢയായ തന്റെ പ്രാണപ്രേയസിയുടെ ആദ്യാലിംഗനം പട്ടടയിലേക്കു നീട്ടിവെച്ചതു് എന്തിനു്? ആർക്കുവേണ്ടി? ഇരുപതിനായിരത്തിൽപരം രജപുത്രന്മാർ ഹൽദിഘാട്ടിയിലെ രണാങ്കണത്തിൽ തങ്ങളുടെ രക്തത്തുടുപ്പുള്ള തലകൾ മുറിച്ചിട്ടും മ്ലേച്ഛന്റെ പുരോഗതിയെ തടഞ്ഞതു്, എന്തിനു്? ആർക്കുവേണ്ടി? ആയിരമായിരം രജപുത്രികൾ — അങ്ങയുടെ വീരമാതാവു, സഹോദരികൾ, പ്രജകൾ — എരിതീയിൽ ചാടി ജോഹർ അനുഷ്ഠിച്ചതു എന്തിനു്? ആർക്കുവേണ്ടി? മീവാർ മഹാറാണ മറന്നുപോയെങ്കിൽ നികൃഷ്ടനായ ഭീമൻ ഓർമ്മപ്പെടുത്താം. മീവാറിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി, അങ്ങേക്കുവേണ്ടി — ഇതിതാണു അവരെല്ലാം നശിച്ചതു്."

അങ്ങയുടെ ഭോഗതല്പരയുടെ കൃത്രിമക്കാലുകൾക്കല്ല, സ്വാതന്ത്ര്യദേവിയുടെ പൂജ്യപാദങ്ങൾക്കു — ആ വസ്ലലക്തകമിടുവാനാണു അവരുടെ തുടുതുടുത്ത ചോര അവർ ചൊരിഞ്ഞതു്. ആത്മത്യാഗികളായ ആ വീരാത്മാക്കളുടെ ശ്മശാനതലത്തിൽ ക്രീഡാമണ്ഡപം പണിയുവാ

ൻ, പ്രതാപസിംഹാ, അങ്ങേയ്ക്കു ലജ്ജയില്ലേ! ഭയമില്ലേ! അവർ പണിത പണിയെല്ലാം പാഴ്പ്പണിയാക്കുവാൻ, അവർ ചൊരിഞ്ഞചോരയെല്ലാം പാഴ്ചോരയാക്കുവാൻ, പ്രതാപസിംഹാ! അങ്ങേയ്ക്കു ലജ്ജയില്ലേ! ഭയമില്ലേ!!

റാണ തല ഉയർത്തിയില്ല. കുറെനേരം വീരു കാത്തുനിന്നു, അദ്ദേഹത്തിന്റെ ചുണ്ടനങ്ങുകയോ തല ഉയരുകയോ ചെയ്തില്ല.

"മഹാറാണാ, പറയൂ, അങ്ങു മ്ലേച്ഛനു കീഴടങ്ങിയില്ലെന്നു പറയൂ; അങ്ങേക്കുവേണ്ടി മരിച്ചവരോടു അങ്ങു കൃതഘ്നനായില്ലെന്നു, അവരെ അപമാനിക്കയില്ലെന്നു പറയൂ."

ഇനിയും റാണ തല ഉയർത്തിയില്ല. "പറയൂ മഹാറാണാ എന്തെങ്കിലും പറയൂ"

"വീരു!" അദ്ദേഹം പതുക്കെ തലപൊക്കി. "വീരു ഞാൻ ഇനി ഈ ജന്മത്തു യുദ്ധം ചെയ്യുകയില്ല. എന്തിനു യുദ്ധം ചെയ്യണം? അടിക്കടി തോല്ക്കുവാനോ? ഇല്ലെങ്കിൽ മരിച്ചവരുടെ ശാപമുണ്ടാവുമെന്നു വീരു പറയുന്നു. ഉണ്ടായിക്കൊള്ളട്ടെ. യുദ്ധം ചെയ്താൽ, തോല്മ, ജീവിച്ചിരുപ്പുള്ളവരുടെ ശാപവും! വീരു ആദ്യത്തേതു സഹിക്കാം രണ്ടാമത്തേതു അസഹനീയമായിരിക്കുന്നു.

പ്രഭോ, ഒരു രജപുത്രിയുടെ മുലപ്പാലു കുടിച്ച ചുണ്ടുകളിൽ നിന്നോ ഇതു്.

വീരു, രജപുത്രിയുടെ മുലപ്പാലു കുടിച്ച പുരുഷരായ മാനസിംഹനും ശക്തസിംഹനും മററനേകായിരം രജപുത്രന്മാരും സാഭിമാനം ചെയ്യാത്ത ഒന്നും ഞാൻ പറഞ്ഞിട്ടില്ല.

"മാനസിംഹൻ! ശക്തസിംഹൻ!......ഉം" വീരു നിർത്തിനിർത്തിപ്പറഞ്ഞു ഒരു ദീർഘശ്വാസമിട്ടു. പെട്ടെന്നവൾ എന്തോ ആലോചിച്ചെന്നപോലെ, "പ്രതാപസിംഹാ അങ്ങെന്തിനാണു മുകിലചക്രവർത്തിക്കു കീഴടങ്ങുന്നതു് പറയൂ, യുദ്ധം ചെയ്വാൻ ഭയപ്പെട്ടിട്ടാണോ.?

"ഭയമൊ! വീരു! രണ്ടായിരം നിരായുധരും അസ്ഥിമാത്രന്മാരുമായ ഭടന്മാരൊന്നിച്ചു ഇരുപതിനായിരത്തിൽ പരം പുളച്ചു നില്ക്കുന്ന മുകില ഭടന്മാരെ ഒന്നിലധികം കുറി പറപ്പിച്ചതിനു ഭയമെന്നാണു പേരെങ്കിൽ, പീരങ്കിയുണ്ടകളെ നോക്കി പുഞ്ചിരിപൊടിച്ചതിനു ഭയമെന്നാണു പേരെങ്കിൽ പ്രതാപസിംഹൻ യുദ്ധം ചെയ്വാൻ മടിക്കുന്നതു ഭയം കൊണ്ടാവട്ടെ!"

"പ്രതാപസിംഹാ! അങ്ങ് മാനസിംഹനെപ്പോലെയും മററു രജപുത്രന്മാരേപ്പോലെയും സുഖാസക്തികൊണ്ടാണോ?"

"സുഖാസക്തിയോ വീരു, പള്ളിമെത്തയുപേക്ഷിച്ചു പാറപ്പുറം സ്വീകരിച്ചതിനു സുഖാസക്തിയെന്നാണു പേരെങ്കിൽ, മിനുമിനുത്തപട്ടുവസ്ത്രം വലിച്ചെറിഞ്ഞു പരുപരുത്ത മരവുരിയെടുത്തുടുത്തതിനു സുഖാസക്തിയെന്നാണു പേരെങ്കിൽ ചിത്തോരിലെ മണിമേടകളുപേക്ഷിച്ചു അരാവലിയുടെ മലയിടുക്കുകളെ വരിച്ചതിനു സുഖാസക്തിയെന്നാണു പേരെങ്കിൽ, തരുതോപമമായ മീവാരത്തിനെ ചുടുകാടുപോലെയാക്കിയതിനു സുഖാസക്തിയെന്നാണു് പേരെങ്കിൽ മീവാരത്തിലെ പ്രതാപൻ പടവെട്ടുവാൻ മടിക്കുന്നതു സുഖാസക്തികൊണ്ടാവട്ടെ!"

വീരു ആശ്വാസസൂചകമായി ഒരു ദീർഘശ്വാസം വിട്ടു. "പറയൂ മഹാറാണാ, പിന്നെയെന്തിനാണു അങ്ങുയുദ്ധം ചെയ്യാൻ മടിക്കുന്നതു്."

"എന്തിനാണെന്നോ വീരു, ഞാൻ പറഞ്ഞുതരേണമോ എന്തിനാണെന്നു്. എൻെറ കുഞ്ഞുങ്ങളുടെ വിശപ്പുമാററാൻ!" വീരു പൊട്ടിക്കരഞ്ഞു; മഹാറാണയും. കുറച്ചു നേരം കഴിഞ്ഞു അദ്ദേഹം കണ്ണു തുടച്ചു, "അതെ, എൻെറ കുഞ്ഞുങ്ങളുടെ വിശപ്പു മാററാൻ! ആയിരത്തിൽപരം വത്സരങ്ങളായി അരമനസ്സുഖങ്ങൾ അനുഭവിച്ചുവരുന്ന ശിശോദിയാ വംശത്തിൻെറ ഓമനസ്സന്താനങ്ങൾ പട്ടിണികിടന്നു മരിക്കുന്നതു കാണുവാൻ വീരു—മാപ്പു്!—എനിക്കു വയ്യാതായിരിക്കുന്നു!" രണ്ടുപേരും വീണ്ടും പൊട്ടിക്കരഞ്ഞു. വീരുവാണു ആദ്യം സംസാരിച്ചതു്. വളരെ പതുക്കെ, "ലജ്ജാവഹം, ലോകം അങ്ങെ പുഛിക്കും!"

പ്രതാപൻ കണ്ണീർ തുടച്ചു. "മൂത്ത ആരവപുത്രന്മാരും അനേകായിരം സ്വാമിഭക്തന്മാരായ രജപുത്രന്മാരും അടർക്കളത്തിൽ ഒടിഞ്ഞൊടിഞ്ഞു വീഴുന്നതു കണ്ടിട്ടു കുലുങ്ങിയിട്ടില്ലാത്ത പ്രതാപസിംഹൻ തൻെറ അവശേഷിച്ച കുഞ്ഞുങ്ങൾക്കു ഒരു പിടി ചോറുകൊടുക്കുവാൻ വേണ്ടി അക്ബർ ചക്രവർത്തിക്കു കീഴടങ്ങിയെന്നു കേട്ടിട്ടു ലോകം പുഛിക്കുന്നെങ്കിൽ, ഞാനതും സഹിച്ചു കൊള്ളാം."

വീരു—മഹാറാണാ, എന്നോടു, ഒരു ബില്ലനോടു അങ്ങു പറയുന്നുവോ? നോക്കൂ, ഞങ്ങൾക്കും കുഡുംബമില്ലെന്നോ കുഡുംബിനികളില്ലെന്നോ അങ്ങു വിചാരിക്കുന്നുണ്ടോ? ഞങ്ങൾക്കും കൊഞ്ചുന്ന കുഞ്ഞുങ്ങളില്ലെന്നോ ഞങ്ങളുടെ കറുകറുത്ത ചുണ്ടുകൾ അവരുടെ കുഞ്ഞിക്കവിളുകളിലെ കറുത്ത നുണക്കുഴികളെ ഉമ്മവെച്ചുവെച്ചു മൂടുവാൻ വെമ്പാറില്ലെന്നോ അങ്ങു വിചാരിക്കുന്നുണ്ടോ? മഹാറാണാ! അങ്ങേക്കുവേണ്ടിയാണു, ഞങ്ങളുടെ, ബില്ലന്മാരുടെ, സർവ്വസ്വവും. അങ്ങേക്കുവേണ്ടി മറിക്കുവാൻ പാടില്ലാത്ത ഒരു ബന്ധമോ, ത്യജിപ്പാൻ പാടില്ലാത്ത ഒരു

സുഖമോ ഞങ്ങൾക്കില്ല. പാവപ്പെട്ട വീരു അവന്റെ ഒരേ ഒരു പെൺപിള്ള ജീവിച്ചിരിക്കുന്നുവോ മരിച്ചുവോ എന്നറിയുന്നില്ല. ബിലന്മാരെല്ലാം അവരുടെ കുഡുംബത്തെ ഈശ്വരനെ ഏല്പിച്ചാണു വന്നിരിക്കുന്നത്. അവരുടെ ഓമനകളുടെ ഒട്ടിയ വയറുകൾ അവരെ കൃത്യനിർവ്വഹണത്തിൽനിന്നു പിൻവലിപ്പിക്കുന്നില്ല. പ്രഭോ! അങ്ങു മീവാർ റാണയല്ലേ എന്നു ഞാൻ ചോദിക്കുന്നില്ല, അങ്ങു രജപുത്രനല്ലേയെന്നു ചോദിക്കുന്നില്ല. അങ്ങു മനുഷ്യനല്ലേ, എന്നേ ഞാൻ ചോദിക്കുന്നുള്ളു. അങ്ങേയ്ക്കുവേണ്ടി എന്തും ത്യജിച്ചിരിക്കുന്ന ഞങ്ങൾക്കു വേണ്ടിയെങ്കിലും അങ്ങു യുദ്ധം ചെയ്യു." പ്രതാപസിംഹൻ ഒരു ദീർഘശ്വാസം വിട്ടു. "വീരു, ഞാൻ ലോകത്തിലേക്കുംവെച്ചു ഏററവും വലിയ കൃതഘ്നനും സ്വാർത്ഥിയുമായ്ക്കൊള്ളട്ടെ. എന്നാലും എനിക്കിനി വയ്യ, യുദ്ധം ചെയ്വാൻ എനിക്കുവയ്യ, കണ്ണീരു തുടക്കുന്ന കയ്യിൽ കരവാളെടുക്കുവാൻ വയ്യ. വീരു, മതി, ഇനി ഒന്നും പറയേണ്ട, പൊയ്ക്കോളു. സ്വതന്ത്രനായ ഒരുത്തനെ സേവിച്ചുകൊള്ളു."

"പ്രഭോ! ദിവംഗതയായ അങ്ങയുടെ വീരനായിക, അവൾക്കുവേണ്ടിയെങ്കിലും അങ്ങു യുദ്ധം ചെയ്യു. മുകിലനോടുള്ള പ്രതിക്രിയ അങ്ങയെ ഭാരമേല്പിച്ചാണല്ലോ ആ പൂജ്യ അന്ത്യശ്വാസം വെടിഞ്ഞതു്."

'ഹായ്' പ്രതാപസിംഹൻ തന്റെ തലയ്ക്കുതന്നെ ഒന്നടിച്ചു. "വീരു മതി, മിണ്ടാതിരിക്കൂ."

'പ്രതാ......' റാണ തടഞ്ഞു. വീരു, മിണ്ടരുത്, കല്പനയാണ്.' വീരുവിന്റെ സ്വരം മാറി. 'കല്പനയോ! ആരുണ്ടിവിടെ അങ്ങയുടെ കല്പനയനുസരിപ്പാൻ? സ്വതന്ത്രനും ആത്മാഭിമാനിയുമായ മീവാർറാണയുടെ ആജ്ഞ ബീലന്മാർക്കു് ഈശ്വരാജ്ഞയെക്കാൾ മഹത്തരമാണ്. എന്നാലങ്ങുന്നേ, തുലുക്കദാസന്റെ കല്പനയോ അപേക്ഷയോ വിലവെയ്ക്കുവാൻ ബീലന്മാർ ഇനിയും പഠിച്ചിട്ടില്ല.'

റാണ സാവകാശം പറഞ്ഞു. 'ഞാൻ പറയുന്നതു കേൾക്കു, വീരു.'

വീരു അക്ഷമനായി 'എന്തു കേൾക്കുവാൻ, കേട്ടതെല്ലാം മതി. എനിക്കങ്ങയോടു് ഒരു ചോദ്യമുണ്ടു്. അങ്ങുറച്ചുവോ, മ്ലേച്ഛനു കീഴടങ്ങുവാൻ ?'

പതുക്കെ, പതുക്കെ, ഒരു സ്വരം കേട്ടു. 'ഉം.' കാററത്തുവന്ന ഒരു സ്വരമാണോ അതെന്നു തോന്നി.

'ഛീ പാ' ഇടിവെട്ടാണെന്നു തെററിദ്ധരിച്ചിട്ടാണോ അയോ, ഒരിററപ്പാമ്പു പകച്ചോടിയത് അവരുടെ കണ്ണുകളിൽപെട്ടില്ല. 'നീ മാതൃഭൂമിയെ വിൽക്കുന്നുവല്ലേ ? നിന്റെ തലയിൽ ഇടിത്തീ വീഴട്ടെ. ആയി

468

രത്തിരുന്നൂറു സംവത്സരങ്ങളായി ഉന്നതശിരസ്കയായ മീവാരത്തിന്റെ മുകിലന്റെ മുമ്പിൽ കുനിയിച്ച നിന്റെ തലയിൽ ഇടിത്തീ വീഴട്ടെ!'

'ഛീ...ഛീ...ശ്' പ്രതാപൻ കിതച്ചുകൊണ്ടു വിക്കി.

'ദ്രോഹി! ശിശോദിയാ വംശത്തിന്റെ കളങ്കമേ! നിന്റെ നാമം നികൃഷ്ടതയുടെ പര്യായമാവും. ഹൽദിഘാട്ടിയിലെ ചോരവറ്റുകൾ നിന്റെ രാത്രികളെ, കാളരാത്രികളാക്കും. ഭീരുകളുടെ ചാരിത്രത്തെ തുലുക്കനു കാണിക്കവെച്ച നിന്റെ നാമശ്രവണമാത്രയിൽ ഭാവിജനപരമ്പര ലജ്ജിച്ചു തലതാഴ്ത്തും. നോക്കിക്കോ.'

പ്രതാപന്റെ വിറയ്ക്കുന്ന കൈകൾ വളരെയദ്ധ്വാനിച്ചു വാളൂരി. 'വീര, ഇതാ വാള്, എന്നെ കൊന്നുകൊള്ളൂ.'

വീരു ആ വാളും പിടിച്ചുപറിച്ചു വലിച്ചെറിഞ്ഞു. "ഛീ, നികൃഷ്ടാ! ആ പള്ളിവാളിനെ നീയിനി അപമാനിക്കരുത്. സ്വാതന്ത്ര്യനായ ഒരു ബീലന്റെ കയ്യ്, പാവനമായ ആരാവലിതലത്തെ, നികൃഷ്ടമായ നിന്റെ ചോരകൊണ്ടു മലിനപ്പെടുത്തുന്നില്ല." അപ്പോൾ രാജസിംഹൻ കവിളുകൾ ചോപ്പിച്ചുകൊണ്ടു വരുന്നതു കണ്ടു. ആ വീരകുമാരന്റെ മുഖദർശനത്തിൽ എന്തെന്നില്ലാത്ത ഒരാശാശകലം റാണയുടെ നിരാശാവിവശമായ മുഖത്തു മിന്നൽപിണർപോലെ പ്രകാശിച്ചു. 'ഹാ! രാജാ!,'

വീരു കടന്നുപറഞ്ഞു. "ഛീ! നീച! മലിനമലിനമായ നിന്റെ രസനാഗ്രം ആ വീരകുമാരന്റെ നാമധേയത്തെ അപമാനിക്കരുത്." പ്രതാപസിംഹൻ തലതാഴ്ത്തി.

കുട്ടി തന്റെ കുറുനിരയൊന്നു ഒതുക്കിപ്പിടിച്ചു രണ്ടുപേരേയും മാറി മാറി നോക്കി. പ്രതാപൻ തല ഉയർത്തിയില്ല. വീരുവിന്റെയും കുമാരന്റേയും കണ്ണുകൾ കൂട്ടിമുട്ടി.

'രാജാ! എന്താണുണ്ണിയുടെ അമ്മ പറഞ്ഞിരിക്കുന്നത്? മ്ലേച്ഛനു കീഴടങ്ങുന്നതിൽ ഭേദം......' 'മരണം!' കുട്ടി ചാടിപ്പറഞ്ഞു.

"എന്നാൽ വരൂ!" വീരു നടന്നു, കുട്ടി പിൻതുടർന്നു.

അപ്പോൾ താഴ്ത്തിയ തല റാണ ഉയർത്തുമ്പോഴേക്കും എന്തെല്ലാം കഴിഞ്ഞു പോയി!—എത്ര യാമങ്ങൾ! എത്ര......ജീവിതങ്ങൾ!!

* * * * * * * *

ആരാവലി പർവ്വതത്തിന്റെ പശ്ചിമ ഭാഗത്ത്, വനസാനദി കാലു തലോടുന്ന ഒരു മണൽത്തിട്ടിൽ, പടർന്നു നില്ക്കുന്ന ഒരു ദേവദാരു വൃക്ഷത്തിന്റെ ചുവട്ടിൽ, മീവാർ റാണിയുടേതെന്നു വിശ്വസിച്ചുവരുന്ന ഒരു ശവക്കല്ലറയുടെ മുകളിൽ, രണ്ടു ശവശരീരങ്ങൾ നമസ്കരിച്ചു കിടക്കുന്നുവെന്നു രാജസ്ഥാനമെങ്ങും മുഴങ്ങി. കഴുകൻ വികൃതപ്പെടുത്തിയ ആ

ശവശരീരങ്ങൾ ആരുടേതാണെന്നു അറിയുന്നില്ല. എന്നാൽ ഒടുക്കത്തിറക്കിയിട്ടുള്ള കാരിയുടെ പിടിവിട്ടിട്ടില്ലാത്ത കയ്യുകൾ ഒന്നു ഞരമ്പിച്ച തഴമ്പിച്ച ഒന്നാണെന്നും, മററതു ഒരു കിളിന്തു കയ്യാണെന്നും. ചുങ്ങുനത്തുകൊണ്ടു ഒന്നു ഒരു പുരുഷനും ഒന്നു ഒരു കുട്ടിയാണെന്നും ഊഹിക്കപ്പെട്ടിരിക്കുന്നു. അവിടെയുടഞ്ഞ ഹൃദയങ്ങളാണു പ്രതാപസിംഹൻെറ ഹൃദയഗതിയെ മാററിയതെന്നോ, അവിടെ ചൊരിഞ്ഞ ചോരയാണു രാജസ്ഥാനത്തിൻെറ ചരിത്രത്തെ തിരുത്തിത്തെളിയിച്ചെഴുതിയതെന്നോ ചരിത്രകാരൻ ഇനിയും അറിയുന്നില്ല. എന്നാൽ അവിടെ നശിച്ച ആത്മാക്കൾ ദിവ്യങ്ങളാണെന്നു ഊഹിക്കപ്പെടുന്നുണ്ടത്രെ! എന്താണെന്നോ, രണ്ടു ദിനത്തിളങ്ങുന്ന താരങ്ങൾ ആ ശവകുടീരത്തിൻെറ മുകളിൽ ഇന്നും, പകൽ സമയത്തുപോലും പടന്നു നില്ക്കാറുണ്ടത്രെ!!

യു. എസ്സ്.

മഹാമഹോപാദ്ധ്യായ ഹരപ്രസാദശാസ്ത്രി.

വംഗരാജ്യത്തിലെ വന്ദ്യവയോധികനായ പണ്ഡിതാഗ്രസരനും സംസ്കൃതഭാഷാഗവേഷണവിചക്ഷണനും ആയ മഹാമഹോപാദ്ധ്യായ ഹരപ്രസാദശാസ്ത്രി ഇക്കഴിഞ്ഞ നവംബർ 17-ാംനു- ദിവംഗതനായിരിക്കുന്നു. അദ്ദേഹം കുലീനമായ ഒരു ബ്രാഹ്മണപണ്ഡിത കുടുംബത്തിലാണു ജനിച്ചതു്. ആ കുടുംബത്തിലെ അംഗങ്ങൾക്കു വംഗരാജ്യത്തിലെ സാംസ്കാരിക ചരിത്രത്തിൽ അതിപ്രധാനമായൊരു സ്ഥാനമുണ്ടു്. രാജാ രാമമോഹനറോയിയുടെ പുത്രനും കൽക്കത്താ ഹൈക്കോടതിയിലെ ജസ്റ്റിയും ആയിരുന്ന രാമപ്രസാദ്റോയി ഒരവസരത്തിൽ, "സംസ്കൃതഭാഷയുടെ യഥാർത്ഥപുരസ്കർത്താക്കന്മാരിൽ പകുതിയും ആ കുടുംബത്തിലെ ശിഷ്യന്മാരാകുന്നു" എന്നെഴുതിയിരിക്കുന്നു. അദ്ദേഹത്തിൻെറ ബാല്യകാലം ദാരിദ്ര്യപീഡിതമായിരുന്നതിനാൽ വിദ്യാഭ്യാസം നടത്തുന്നതിന്നു സാധിക്കാതെ വന്നു. എന്നാൽ സാധുക്കളുടെ ഉററബന്ധുവായിരുന്ന ഈശ്വരചന്ദ്രവിദ്യാസാഗരൻ ഹരപ്രസാദിന്നു താമസസ്ഥലവും ഭക്ഷണസൌകര്യവും ഏർപ്പാടു ചെയ്തുകൊടുക്കയാൽ പഠനം തുടരുന്നതിനു സാധിച്ചു. അനന്തരകാലത്തു് അവരിരുവരും തമ്മിൽ ഒരു ലഘുവായ തെററിദ്ധാരണയുണ്ടായിരുന്നുവെങ്കിലും, വിദ്യാസാഗരനിൽനിന്നു തനിക്കു സിദ്ധിച്ച വിലമതിയാത്തതും സമയോചിതവും ആയ സഹായത്തെ ഹരപ്രസാദ് നന്ദിപൂർവ്വം സ്മരിക്കുകയും വാഗ്വിലാസത്തോടെ വിവരിക്കുകയും ചെയ്യാറുണ്ടായിരുന്നു.

ഹരപ്രസാദിൻെറ ജീവിതത്തിലെ ഒരു കാൽ ശതാബ്ദകാല

ത്തോളം സംസ്കൃതഗവേഷണത്തിൽ സമർപ്പിതമായിരുന്നു. രാജേന്ദ്രലാലമിത്രന്റെ അപേക്ഷപ്രകാരം അദ്ദേഹം 'ഗോപാലതപനി' ഉപനിഷത്തു ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്കയും രാജേന്ദ്രലാലന്റെ ബുദ്ധമതസാഹിത്യത്തെക്കുറിച്ചുള്ള വിശിഷ്ടഗ്രന്ഥത്തിന്റെ നിർമ്മിതിയിൽ അദ്ദേഹത്തെ സഹായിക്കുകയും ചെയ്തു. ഒരു അദ്ധ്യാപകന്റെ ജീവിതവൃത്തിയാണദ്ദേഹം ആദ്യമായി സ്വീകരിച്ചതു്. വളരെ വിഷമമായ നിലയിലാണു അദ്ധ്യാപകവൃത്തിയിലുദ്യുക്തനാകേണ്ടിവന്നതെന്നു അദ്ദേഹം പറയാറുണ്ടു്. ജീവകാലമത്രയും അദ്ദേഹം അക്ഷീണപരിശ്രമശീലനായിരുന്നു. ആരോഗ്യം നിശ്ശേഷം നഷ്ടപ്രായമായി അന്ത്യദശ അത്യാസന്നമായിരുന്നപ്പോഴും അദ്ദേഹം ശ്രദ്ധാലുക്കളായ ശിഷ്യന്മാർക്കു ജ്ഞാനോപദേശം ചെയ്കയും ഗ്രന്ഥപാരായണത്തിൽ വ്യാപൃതനായിരിക്കയും ചെയ്തിരുന്നു. സ്വഭാവത്തിൽ അദ്ദേഹം ഒരു മാതൃകാബ്രാഹ്മണപണ്ഡിതനായിരുന്നു. സൌശീല്യം, സൽഭാവം, അനുകമ്പ, നിഷ്കപടത ഇത്യാദിവിശിഷ്ടഗുണസമ്പന്നമായിരുന്നു അദ്ദേഹത്തിന്റെ സ്വഭാവം. അദ്ദേഹത്തിന്റെ വാക്കർമ്മങ്ങളിൽ വക്രതയോ ഗോപനമോ ഉണ്ടായിരുന്നില്ല. ചില സമയങ്ങളിൽ അദ്ദേഹം പരുഷശീലനായി കാണപ്പെടാറുണ്ടു്. തന്നിമിത്തം അദ്ദേഹം ചിലരുടെ ഇടയിൽ തീരെ ജനരഞ്ജനയില്ലാത്തവനായിതീർന്നു. എന്നാലും അദ്ദേഹവുമായി വളരെ അടുത്തു പെരുമാറീട്ടുള്ളവർക്കു അദ്ദേഹത്തിന്റെ പരുഷഭാവം ബാഹ്യമാത്രമായിരുന്നുവെന്നും ആന്തരികമായി അദ്ദേഹത്തിന്റെ ഹൃദയം ദയാർദ്രവും സ്നേഹമസൃണവുമായിരുന്നുവെന്നു മറിയാവുന്നതാണു്.

ഹരപ്രസാദ് ഒരു അവഗാഹപണ്ഡിതനായിരുന്നു. മുദ്രിതഗ്രന്ഥങ്ങളെ മാത്രം അവലംബിച്ചതായിരുന്നില്ല അദ്ദേഹത്തിന്റെ ജ്ഞാനം. അമുദ്രിതങ്ങളായ നിരവധി ഹസ്തലിഖിതങ്ങളും അദ്ദേഹത്തിന്റെ ജ്ഞാനത്തിന്നു നിദാനങ്ങളാണു്. അപൂർവ്വം ചില വിദ്വാന്മാർക്കേ ഇത്ര വളരെ ഹസ്തലിഖിതങ്ങൾ വായിക്കുവാൻ സംഗതിയായിട്ടുള്ളു. 1891 ൽ ഡോക്ടർ രാജേന്ദ്രലാൽ മിത്രന്റെ നിര്യാണത്തിനുശേഷം, ഇന്ത്യാഗവർമ്മേണ്ടിന്റെ ആവശ്യാർത്ഥം അദ്ദേഹം സംസ്കൃതലിഖിതങ്ങൾ അന്വേഷിക്കുവാൻ ആരംഭിച്ചു. ഈ സന്ദർഭത്തിൽ അദ്ദേഹം ബങ്കാൾ, ബീഹാർ ഒറിസ്സ എന്നീ രാജ്യങ്ങളിലെ താളിയോലഗ്രന്ഥശേഖരങ്ങൾ സനിഷ്കർഷം പരിശോധിച്ചു. ഈ താളിയോലഗ്രന്ഥശേഖരങ്ങൾ ഡോക്ടർ രാജേന്ദ്രലാലിന്റെ പരിശോധനയിൽ ഉൾപ്പെട്ടിട്ടുണ്ടായിരുന്നില്ല. ഇന്ത്യാഗഗവർമ്മേണ്ടിനുവേണ്ടി അദ്ദേഹം അനേകായിരം ഹസ്തലിഖിതങ്ങൾ സമ്പാദിച്ചിട്ടുണ്ടു്. നീപ്പാൾ ഡർബാർ ഗ്രന്ഥശാല (Nepal Durbar

Library) യിലെ താളിയോല ഗ്രന്ഥശേഖരത്തിലെ അതിപ്രധാനമായ ഹസ്തലിഖിതങ്ങളെ പരിശോധിക്കുവാൻ അദ്ദേഹം ഇന്ത്യാഗവർമ്മേണ്ടിനാൽ നിയുക്തനായി. അവിടെ അദ്ദേഹം പരിശോധിച്ച ലിഖിതങ്ങളെ രണ്ടു വിപുലഖണ്ഡങ്ങളിൽ വിഭജിച്ചു. സംസ്കൃതസാഹിത്യത്തിന്റെ പുരാവൃത്തവിവരണത്തിന്ന് അത്യധികം ഉപയുക്തമായ അനേകം ലിഖിതങ്ങൾ അദ്ദേഹത്തിന്നു കണ്ടെത്തുവാൻ കഴിഞ്ഞു. 1908-ൽ അദ്ദേഹം പ്രൊഫസർ മാക്ഡൊണാലിനെ (Prof. Mac Donnel) അദ്ദേഹത്തിന്റെ ഉത്തരേന്ത്യാസഞ്ചാരത്തിൽ അനുഗമിക്കുകയും, ഓക്സ്ഫോർഡിലെ മാക്സ്മുള്ളർ സ്മാരകസ്ഥാപനത്തിലേയ്ക്കു ഒട്ടനേകം അപൂർവ്വലിഖിതങ്ങൾ ശേഖരിക്കുകയും ചെയ്തു. കുറച്ചു കാലത്തിന്നുശേഷം ഹരപ്രസാദ് ഏകദേശം 7000 സംസ്കൃത താളിയോലഗ്രന്ഥങ്ങളെ തരംതിരിക്കുക, വിവരണപ്പട്ടിക തയ്യാറാക്കുക, അവയെ ഇംഗ്ലണ്ടിലേയ്ക്കു അയയ്ക്കുക എന്നിങ്ങിനെയുള്ള പ്രവൃത്തിയിലേർപ്പെട്ടു. പ്രസ്തുത താളിയോല ഗ്രന്ഥാവലി, നിപ്പാൾ മഹാരാജാവായിരുന്ന സർ. ചന്ദ്രഷംഷേർജങ്ങ് ബഹദൂർ ഓക്സ്ഫോർഡിലെ (Bod'ean Library)ക്കു സാദരം സംഭാവനചെയ്തതായിരുന്നു. ബങ്കാളിലെ ഏഷ്യാററിക്ക് സൊസൈററിയിൽനിന്നും, വംഗീയ സാഹിത്യമണ്ഡലത്തിൽനിന്നും, അദ്ദേഹം കണ്ടെത്തിയ ലിഖിതങ്ങളിൽ അതിപ്രധാനമായവ അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരണം ചെയ്തു. അവയിൽ പ്രാധാന്യമർഹിക്കുന്നതു "രാമചരിത"വും ഒരു ബുദ്ധമതഗ്രന്ഥവുമാണു്.

വിദ്വാന്മാർക്കു ഹരപ്രസാദിന്റെ സംസ്കൃത സാഹിത്യത്തിലുള്ള വിശാലജ്ഞാനം വലിയൊരനുഗ്രഹമായിരുന്നു. അദ്ദേഹത്താൽ പ്രസിദ്ധീകൃതങ്ങളായ ഗ്രന്ഥങ്ങളിലെ ആമുഖോപന്യാസങ്ങൾ അതാതു ഗ്രന്ഥഭാഷയുടെ സാഹിത്യത്തെ സവിസ്തരം പ്രതിപാദിച്ചിരുന്നതിനാൽ ആവക പ്രസിദ്ധീകരണങ്ങൾ അത്യധികം ഗുണഭൂയിഷ്ഠങ്ങളായിരുന്നു. ചില സാഹിത്യപ്രണയികളുടെ അപേക്ഷപ്രകാരം ചില ആമുഖലേഖനങ്ങൾ പ്രത്യേക പുസ്തകമായി പ്രസിദ്ധപ്പെടുത്തിട്ടുണ്ടു്. എന്നാൽ ഗ്രന്ഥപരിഗണനവും ആമുഖോപന്യാസങ്ങളും സമാർജ്ജിക്കുവാനും തദ്വാരാ സംസ്കൃതസാഹിത്യത്തിന്റെ വിസ്തൃതവും അമൂല്യവുമായ ചരിത്രത്തെ പൂർത്തീകരിക്കുന്നതിന്നും അദ്ദേഹത്തിന്നു സാധിക്കാതെ പോയതു സംസ്കൃതഭാഷാഭിജ്ഞന്മാരുടെ ദൗർഭാഗ്യം തന്നെ!

മഹാമഹോപാദ്ധ്യായ ഹരപ്രസാദ ശാസ്ത്രിയുടെ സാഹിത്യപരിശ്രമങ്ങളെ പരിമിതമായി പരിഗണിക്കാവുന്നതല്ല. അവ ബഹുമുഖങ്ങളായിരുന്നു. അദ്ദേഹം പരിശ്രമിച്ചുനോക്കാതെ സംസ്കൃതസാഹിത്യ

ത്തിന്റെ ഒരു ശാഖയുമില്ല. ഒരു സംസ്കൃത വിദ്വാനായിട്ടു മാത്രമായിരിക്കാം അദ്ദേഹം സാധാരണ ജനങ്ങളാൽ അറിയപ്പെടുന്നതു്. എന്നാൽ സംസ്കൃതസാഹിത്യചരിത്രം മാത്രമല്ല അദ്ദേഹം പരിശ്രമരംഗമാക്കിട്ടുള്ളതെന്നും, മതം, മനുഷ്യശാസ്ത്രം, ശിലാലേഖനശാസ്ത്രം എന്നിവയിലും അദ്ദേഹം സ്ഥിരപരിശ്രമം ചെയ്തിട്ടുണ്ടെന്നും പൌരസ്ത്യ ഭാഷാഭിജ്ഞന്മാർക്കു സുവിദിതമാകുന്നു.

അദ്ദേഹം ജ്ഞാനത്തിന്റെ ഒരു ഖനിയാണ്. അതിതീക്ഷ്ണമായിരുന്നു അദ്ദേഹത്തിന്റെ ധാരണാശക്തി ഒരു വിഷയത്തെക്കുറിച്ചു് അദ്ദേഹവുമായി ഒരു മണിക്കൂറു നേരം സംഭാഷണം ചെയ്താൽ ആ വിഷയത്തിലടങ്ങിയ പല പുതിയ തത്വങ്ങളും ഗ്രഹിക്കാവുന്നതാണ്. പുസ്തകങ്ങൾ വായിക്കുമ്പോൾ 'നോട്ട്' കുറിച്ചെടുക്കുന്ന സമ്പ്രദായം അദ്ദേഹത്തിനുണ്ടായിരുന്നില്ല. എന്നാൽ പുസ്തകങ്ങളിൽ പലേടത്തും അടങ്ങിയിട്ടുള്ള തത്വശകലങ്ങളെ പുസ്തകങ്ങൾ തുറന്നു നോക്കാതെതന്നെ ഉദ്ധരിക്കുവാൻ അദ്ദേഹത്തിനു നിഷ്പ്രയാസം സാധിച്ചിരുന്നു. നിരവധി അമൂല്യലിഖിതങ്ങൾ സമാഹരിക്കുവാനും സംസ്കൃത ഭാഷാപ്രവീണന്മാരുടെ നിരന്തരശ്രദ്ധയെ അവയിലേക്കു ആകർഷിക്കുവാനും അദ്ദേഹത്തിനു മാത്രമേ സാധിച്ചിട്ടുള്ളു. അത്തരം ലിഖിതങ്ങളിൽനിന്നു അദ്ദേഹം അവതരിപ്പിച്ച ഉപപത്തികളും ന്യായവാദങ്ങളും പണ്ഡിതന്മാരുടേയും പൊതുജനങ്ങളുടേയും ഉൽക്കണ്ഠയെ പ്രവൃദ്ധമാക്കി. അവയിലൊന്നു ബങ്കാളത്തിലെ ബഹിഷ്കൃത ജനങ്ങൾ (പരിതന്മാർ) പ്രച്ഛന്നവേഷന്മാരായ ബുദ്ധമതാനുസാരികളായിരുന്നുവെന്നും ബുദ്ധമതത്തിന്റെ ക്രമേണയുള്ള അന്തർദ്ധാനത്തോടു കൂടിയാണ് അവർക്കു അവരുടെ സമുദായിക (സാമൂഹ്യ) സ്ഥിതി നഷ്ടപ്പെട്ടതെന്നുമുള്ളൊരു വാദമായിരുന്നു. ഇതു് അദ്ദേഹത്തിന്റെ ആദ്യകാലത്തിലെ പ്രസിദ്ധീകരണമായ Discovery of Living Buddhism in Bengal എന്ന പുസ്തകത്തിൽ യുക്തിപൂർവ്വം സ്ഥാപിച്ചിട്ടുണ്ടു്.

ഹരപ്രസാദിന്റെ ഗവേഷണങ്ങളിൽ ബങ്കാളത്തിന്റെ പൂർവ്വമഹിമകളുടെ സ്മരണയുടെ ഫലമായി 1919ൽ, ബിഹാർ ഒറീസ്സാ റിസർച്ച് സൊസൈറ്റിയുടെ മാസികാപത്രത്തിൽ Contributions of Benga' to Hindu civilisation: "Literary H story of the Pala period'I എന്ന രണ്ടു ദീർഘോപന്യാസങ്ങൾ പ്രസിദ്ധീകരിച്ചു. അദ്ധ്യാപനത്താലും സാഹിത്യകൃതികളാലും, ബങ്കാളത്തിലെ ജനസമുദായത്തിൽ ഉന്നതസ്ഥാനത്തെ പ്രാപിച്ചിരുന്ന പണ്ഡിതന്മാരുടെ ജീവചരിത്രമെഴുതുവാനും അദ്ദേഹം പ്രേരിതനായി 'വംഗീയസാഹിത്യപരിഷത്ത്' മാസികയിലേക്കു അവരുടെ ജീവചരിത്രങ്ങൾ പ്രതിമാസം അയച്ചു കൊണ്ടിരുന്നു.

ബംഗാളിനു പുറമേയുള്ള പണ്ഡിതന്മാർ ഇംഗ്ലീഷിലുള്ള അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ പ്രത്യേകിച്ചും പരിജ്ഞാനമുള്ളവരാണ്. എന്നാൽ ബംഗാളിഭാഷയിൽ അദ്ദേഹം എഴുതീട്ടുള്ള ഗ്രന്ഥങ്ങളും ഒട്ടും അപ്രധാനങ്ങളല്ല. അദ്ദേഹം ബംഗാളിയിലെഴുതിട്ടുള്ള പലകൃതികളും ആകർഷകവും സ്പൃഹണീയവുമായ രീതിയെ ആവിഷ്കരിച്ചിരുന്നു. ബംഗാളിക്കൃതികളിൽ സംസ്കൃതത്വം അദ്ദേഹം സശ്രദ്ധം വർജ്ജിച്ചിരുന്നു. ചരിത്രസംബന്ധമായ അദ്ദേഹത്തിന്റെ ബംഗാളിഗ്രന്ഥങ്ങളും ഉപന്യാസങ്ങളും അതീതകാലത്തെ സംഭവങ്ങളെ വായനക്കാരുടെ മുമ്പിൽ സുസ്പഷ്ടമായി ചിത്രീകരിച്ചുകാണിക്കുവാൻ പര്യാപ്തങ്ങളായിരുന്നു. സാമുദായികസ്ഥിതികളെ ആഖ്യായികാരൂപത്തിൽ ചിത്രീകരിച്ചു കാണിക്കുവാനും അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. 'ബെനർമെയ്' (Bener May) 'കങ്കണമാല (Kancanamala) എന്നീ രണ്ടു ബംഗാളിനോവലുകളുടെ നിർമ്മാണത്തിൽ അദ്ദേഹം ആഖ്യായികോദ്ദേശം സവിശേഷം സാധിച്ചിട്ടുണ്ടെന്നു പറയാം. കാളിദാസാദി സംസ്കൃതമഹാകവികളുടെ കൃതികളെ സ്സംബന്ധിച്ചു അദ്ദേഹം എഴുതിട്ടുള്ള സാഹിത്യനിരൂപണങ്ങൾ സർവ്വസമ്മതങ്ങളും പൌരാണികകവികളുടെ കാവ്യസമ്പത്തി പ്രചുരപ്രചാരമാകുവാൻ പര്യാപ്തങ്ങളുമാണ്.

ഹരപ്രസാദിന്റെ ബംഗാളിക്കൃതികളിൽ അത്യുത്തമമായിട്ടുള്ളതു 'വാത്മികിർജേ' (Triumph of Valmiki) എന്ന ഗദ്യകാവ്യമാകുന്നു. ദേഹശക്തിയുടേയും ബുദ്ധിശക്തിയുടേയും മേൽ സാഹിത്യത്തിനുള്ള വിജയമാണു പ്രസ്തുതകൃതിയിലെ പ്രധാനഭാവനാവിഷയം. ബങ്കിമചന്ദ്രചാററർജി, പ്രൊഫസർ ഡൌഡൻ, (Prof. Dowden, the great Shakespeare an critic) ഡോക്ടർ വ്രജേന്ദ്രനാഥസീൽ തുടങ്ങിയ പ്രസിദ്ധസാഹിത്യപ്രവീണന്മാരുടെ മുക്തകണ്ഠപ്രശംസകൾക്കു പാത്രീഭവിച്ചതാണു ആ കൃതി. അതു മിക്കഭാഷകളിലും തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. ബംഗാളത്തിലെ സാഹിത്യരംഗത്തിൽ അദ്ദേഹം സമുജ്ജ്വലവേഷനായ ഒരു പ്രധാനനടനാണ്. ബംഗാളിസാഹിത്യത്തിൽ നിക്ഷിപ്തമായിക്കിടക്കുന്ന അമൂല്യനിധിയിലേക്കു വിദ്വജ്ജനങ്ങളുടെ സശ്രദ്ധമായ അഭിനിവേശത്തെ ആകർഷിച്ച പല മഹാന്മാരിൽ പ്രഥമഗണനീയനാണ് അദ്ദേഹം.

ആയുഷ്കാലമത്രയും അവിശ്രമമായ സാഹിത്യയത്നങ്ങളാൽ സംസ്കൃതഭാഷയ്ക്കും ബംഗാളിസാഹിത്യത്തിനും അദ്ദേഹം ചെയ്തിട്ടുള്ള അളവററ സഹായങ്ങളുടെ പാരിതോഷികമായി സി. ഐ. ഇ, മഹാമഹോപാദ്ധ്യായ എന്നീ ഉന്നതസ്ഥാനമാനങ്ങൾ ഗവർമ്മേണ്ടു അദ്ദേഹ

ത്തിന്നു കല്പിച്ചുകൊടുത്തു. ഇതുകൂടാതെ ഇംഗ്ലണ്ടിലെ റോയൽ ഏഷ്യാററിക്ക് സൊസൈററി അദ്ദേഹത്തെ ഒരു മാന്യസാമാജികനായും, ബംഗാളത്തിലെ ഏഷ്യാററിക്ക് സൊസൈററി അതിന്റെ അദ്ധ്യക്ഷനായും നിയമിച്ചിട്ടുണ്ട്. വിദ്യാദേവിയുടെ യജ്ഞവേദിമേൽ തന്റെ ജീവകാലത്തെ അർപ്പിച്ച മഹാമനസ്കനാണു ഹരപ്രസാദശാസ്ത്രി എന്നു നിസ്സംശയം പറയാം.

(എം. എം. കൌന്തേയൻ.)

രഞ്ജനയും ഞാനും. *

രഞ്ജന പുലർവേളയിൽ പാടുന്ന
മഞ്ജുമോഹന രാഗം ശ്രവിപ്പു ഞാൻ;
തുള്ളിച്ചാടുകെൻ ചിത്തമേ! സമ്മോദ-
ത്തള്ളലാലെതാൻ താളമൊപ്പിച്ചു നീ:
താമസം ഞങ്ങൾ രണ്ടാളുമിന്നൊരേ
ഗ്രാമത്തിൽത്തന്നെ, യെത്ര സുഖപ്രദം!
തെല്ലൊരു വയലല്ലാതെ മറെറാന്നു-
മില്ലിവരിലകൽച്ച കല്പിക്കുവാൻ.
ഇക്കരയിലരയാൽ തണൽ പററി
നില്ക്കും വന്നവൾക്കുള്ള കുഞ്ഞാടുകൾ,
ഒന്നും മേയാതെ വെയ്ലത്തലയുകിൽ
ചെന്നെടുത്തു തലോടുമവയെ ഞാൻ!
എന്റെ തോപ്പിൽ മുരളുന്ന ഭൃംഗങ്ങൾ
തേൻ തിരഞ്ഞെത്തുമങ്ങേ മലർക്കാവിൽ;
അങ്ങുതിർത്ത സുമങ്ങളിന്നിമ്നഗ
ഞാൻ കുളിക്കും കടവിലൊഴുക്കുന്നു;
എന്നുമല്ല സുഗന്ധമന്ദാനില
നെന്നുമിങ്ങോട്ടു മന്ത്രിച്ചടുക്കുന്നു;
ആ വസതിയിൽ ചെല്ലുമിടവഴി
മാവിൻപൂവണിഞ്ഞുള്ള വിരിപ്പുയാം,

---

* മഹാകവി ടാഗോറിന്റെ കവിതയുടെ ഒരു നേരിയ ഛായ.
('ഗാർഡനർ' 17-ാം പദ്യം കൈ. പ.)

താരകങ്ങളവിടെ സ്മിതം തൂകി
വാരിയിട്ടു മിനുക്കമിവിടെയും;
ആകുലം നിറച്ചീടുന്ന വർഷത്താ-
ലിക്കടമ്പു വനവും തളിർത്തുപോയ്!
താമസമൊരേഗ്രാമത്തിൽ തന്നെയാ-
ണോമന മനോരഞ്ജനയും ഞാനും!!

തെക്കാട്ടു ചന്ദ്രശേഖരൻനായർ.

സ്ത്രീ.

മോറിസ് ഡിക്കോബ്രാ.

ഭൂതലസ്വർഗ്ഗമായ 'ഈഡനി'ൽവെച്ചു 'ഈവ്' എന്ന ഒരാൾ 'ആഡം' എന്ന ഒരു പുരുഷനെ തന്റെ വരുതിക്കു വിധേയനാക്കി ഒരു സ്ത്രീയുടെ ജീവിതം അംഗീകരിച്ചതു മുതൽക്കാണു് മനുഷ്യസമുദായത്തിന്നുമേൽ സ്ത്രീയുടെ നിയന്ത്രണശക്തി ആരംഭിക്കുന്നതു്. ഏകാന്തകളും യൌവനയുക്തകളുമായ സ്ത്രീകൾക്കു സർപ്പങ്ങൾ മധുരഫലങ്ങൾ നൽകിയിരുന്ന ആ സുഭഗങ്ങളായ കാലങ്ങളിൽ നമ്മുടെ ആ സുന്ദരിയായ ആദിമമാതാവു പ്രദർശിപ്പിച്ച നിദർശനത്തെത്തന്നെ തുടൎന്നു, അതെവർഗ്ഗത്തിൽത്തന്നെ ജനിച്ച നിരവധി സ്ത്രീകൾ പരശ്ശതം വർഷങ്ങളോളമായി, സർപ്പങ്ങൾ ഉണ്ടെങ്കിലും ഇല്ലെങ്കിലും, തങ്ങൾക്കു അടിമപ്പെട്ടുതന്ന പുരുഷനു പൂർവ്വകഥാസൂചകമായ ആ മധുരഫലംതന്നെ കൊടുത്തുപോരുന്നു.

ക്ലിയോപാട്രാ, മാഡംവില്ലിയേഴ്സ് എന്നിവരുടെ നാമങ്ങൾ ഇവിടെ സവിശേഷം സ്മരണീയമാണു്.

സ്ത്രീത്വം അടിക്കടി മുൻപോട്ടുപോയിക്കൊണ്ടുതന്നെയിരിക്കുന്നു. മനുഷ്യപരിശ്രമത്തിന്റെ ഓരോചില്ലയിലും സ്ത്രീയുടെ കൈ അനുഭവവേദ്യമായ്ത്തുടങ്ങിയിരിക്കുന്നു. സ്ത്രീകളിൽ ക്രമേണ സ്ത്രീത്വം കുറഞ്ഞുവരുന്നുവെന്നുള്ളതു മാത്രമേ ഇതിൽ ഭയപ്പെടുവാനുള്ളു.

സ്ത്രീക്കു പുരുഷനോടുള്ള സാമ്യം വർദ്ധിക്കുംതോറും പുരുഷന്റെമേൽ അവൾക്കുള്ള നിസ്സീമമായ ആകർഷണശക്തി പ്രക്ഷീയമാണമാകുവാനെ തരമുള്ളു. ഒരു സ്ത്രീ സ്ത്രീയാകണമെങ്കിൽ അംഗുലികളുടെ അററത്തോളവും അവൾ ഒരു സ്ത്രീതന്നെയായിരിക്കണം.

പുരുഷനെ അനുകരിക്കുവാൻ തുടങ്ങുന്നതുതന്റെ കൈവശമുള്ള "തുരുപ്പുശീട്ടു"കളെ അവയുടെ ഉപയോഗം മനസ്സിലാക്കാതെ, വലിച്ചെ

റിയുകയാണെന്നു ബുദ്ധിമതിയായ ഏതൊരു സ്ത്രീക്കും അറിയാം. എന്തുകൊണ്ടാണെന്നോ? മുഷ്ടിപ്രയോഗംകൊണ്ടു ഒരു ഹൃദയത്തെ പിളക്കുന്നതിനേക്കാൾ ഒരു മന്ദസ്മിതംകൊണ്ടു് അതിനെ വശത്താക്കുക അധികം എളുപ്പമാണു്.

പുരുഷഹൃദയത്തിനു് സ്ത്രീ വിലോഭനീയയാകുന്നതു അവളുടെ സൌന്ദര്യംകൊണ്ടാണോ? അതോ, അവളുടെ ഹൃദയമാധുര്യംകൊണ്ടോ? കമനീയതയോ വിനയകത്വമോ, ഏതാണു് അവൾക്കു അത്യന്താപേക്ഷിതം?

വികാരതരളിതവും വിശ്വാസയോഗ്യവുമായ ഒരു ഹൃദയത്തോടും പുഞ്ചിരിതൂകി കൊഞ്ചിക്കുഴയുന്ന ഒരു സുകുമാരകളേബരത്തോടും കൂടിയ സ്ത്രീയാണു് പുരുഷന്മാരെ വിലോഭിപ്പിക്കുന്നതു്.

ആദർശരൂപിണിയാകണമെങ്കിൽ സ്ത്രീ എന്തെല്ലാം പഠിക്കണം, എന്തെല്ലാം മറക്കണം? അവൾ എന്തുതന്നെയും ത്യജിച്ചുകൊള്ളട്ടെ. ഗൃഹത്തിനു പുറത്തുള്ള വ്യായാമപരങ്ങളായ മത്സരക്കളികളിൽ പങ്കുകൊള്ളുവാൻ അവൾക്കു സ്വാഭാവികമായി ഉണ്ടായേക്കാവുന്ന വാസനയേയും ഔത്സുക്യത്തേയും ത്യാജ്യകോടിയിൽ തള്ളാതിരിക്കട്ടെ. വികാരവാതത്താൽ ഉലയുന്ന സ്ത്രീഹൃദയത്തെ അന്യഭാവങ്ങളിൽനിന്നും വിഭ്രമങ്ങളിൽനിന്നും നിവൃത്തമാക്കുന്നതിനു്, അവരെ സന്മാർഗ്ഗചാരിണികളാക്കുന്നതിനു വ്യായാമപരമായ മത്സരക്കളികൾ അത്യധികം സഹായകമാണെന്നിരിക്കെ അവരെ അതിൽനിന്നു പിൻതിരിക്കുവാൻ സന്മാർഗ്ഗികാചാര്യന്മാർ പരിശ്രമിക്കുന്നതിന്റെ അർത്ഥം എന്റെ ബുദ്ധിക്കു തീരെ അജ്ഞാതമാണു്. ഇത്തരം വിനോദവ്യായാമങ്ങളിൽ പങ്കുകൊള്ളുന്ന സ്ത്രീകളുടെ ഇടയിൽ വിശ്വാസയോഗ്യകളായ അധികം ഭാര്യമാരെ കാണാമെന്നുള്ളതു നിർവിവാദമാണു്. പ്രേമത്തിൽ സാധാരണയായി ആചരിച്ചുവരാറില്ലാത്ത ചില ധാർമ്മികതത്വങ്ങൾ ഇത്തരം വിനോദങ്ങൾ ഇവരെ പഠിപ്പിക്കുന്നതാണു് ഇതിനു നിദാനം. ഇത്രയും പറഞ്ഞതുകൊണ്ടു സ്ത്രീകൾ വിനോദവ്യായാമനിരതകളായിരിക്കേണമെന്നല്ല ഞാൻ സമർത്ഥിക്കുന്നതു്. പകൽസമയത്തെ ജോലികഴിഞ്ഞു ക്ഷീണിച്ചു ശാന്തമധുരമായ ഒരു സായഹ്നം ആസ്വദിക്കുന്നതിനു ഗൃഹത്തിൽ വരുന്ന ഭർത്താവിന്റെ മുൻപിൽ തന്റെ കായികാഭ്യാസവൈദഗ്ദ്ധ്യം പ്രദർശിപ്പിക്കുന്ന ചില സ്ത്രീകളേയും സ്വശരീരത്തിലെ മാംസപേശികളെ പോഷിപ്പിക്കുന്നതിൽ, തന്റെ അഭിമാനസ്ഥാനങ്ങളെ വളർത്തുന്നതിനേക്കാൾ കൂടുതൽ നിഷ്കർഷ പതിപ്പിക്കുന്ന ചില സ്ത്രീകളേയും എനിക്കു അറിയായ്കയുമല്ല. ഞാൻ അവരെ തീരെ പ്രോത്സാഹിപ്പിക്കുന്നുമില്ല. സ്ത്രീകൾ ദ്വന്ദ്വയുദ്ധം

പരിശീലിക്കുന്നതിൽ വലിയ കൌതുകമോ ബഹുമാനമൊ എനിക്കു ഇതുവരെ തോന്നിയിട്ടില്ല. അവർ "അതിശയനീയമാംവണ്ണം പ്രബലയായിരിക്കാം. എങ്കിലും സ്ത്രീത്വത്തിൻെറ മാധുൎയ്യവും മാൎദ്ദവവും അവൎക്കു തീരെ വിനഷ്ടമായിരിക്കുന്നു.

പരശ്ശതം വൎഷങ്ങളോളമായി തച്ചിപ്പുരുണ്ടു് ആയസമായ ദേഹത്തോടുകൂടിയ ഒരു വൎഗ്ഗത്തിൻെറ പിറകെയല്ല പുരുഷന്മാർ വിഭ്രാമിതരായി ഓടി നടന്നിരുന്നതു്. ഭാഗ്യവശാൽ ഇത്തരം സ്ത്രീകളെ നമുക്കു കൈവിരലുകളുടെ അററത്തു കണക്കാക്കാം. എങ്ങിനെയായാലും പ്രേമത്തിൻെറ പരിപാവനമായ പേരും പറഞ്ഞു വെറും വിഷയസുഖോപഭോഗത്തിനായി അലഞ്ഞു തിരിഞ്ഞു ജീവിതത്തെ വ്യൎത്ഥമാക്കുന്ന സ്ത്രീകളേക്കാൾ മുൻപറഞ്ഞവർ എത്രയോ ഭേദമാണു്. വ്യായാമത്തിനു മാത്രം ഒരു മാതൃകാസ്ത്രീയെ സൃഷ്ടിക്കുവാൻ സാധിക്കുകയില്ല. എതദുദ്യമത്തിൽ ശാസ്ത്രത്തിൻെറ അപാരതയും പരാജയം സമ്മതിച്ചു കഴിഞ്ഞിരിക്കുന്നു. ഇക്കാൎയ്യത്തിൽ ഒരു ശുഭപ്രതീക്ഷകനാകുവാൻ എനിക്കു മനസ്സു വരുന്നില്ല. കുതിരയെപ്പോലെ വെള്ളവും മുതിരയും നല്ല ഒരു കടിഞ്ഞാണും കൊണ്ടു മനുഷ്യസമുദായത്തെ പരിഷ്ക്കരിക്കുവാൻ സാധിക്കുകയില്ല. ശാസ്ത്രസംബന്ധമായ ഗവേഷണങ്ങൾക്കും കണ്ടുപിടുത്തങ്ങൾക്കും മനുഷ്യസ്വഭാവത്തെ പരിഷ്ക്കരിക്കുവാൻ സാധിച്ചിട്ടില്ലെങ്കിലും അത്ഭുതാവഹങ്ങളായ പരിവൎത്തനങ്ങൾ മനുഷ്യജീവിതത്തിൽ വരുത്തിക്കൂട്ടുവാൻ അതിന്നു കഴിഞ്ഞിട്ടുണ്ടു്. ഇന്നത്തെ സാൎവ്വത്രികവും സാൎവ്വജനീനവുമായ പരിവൎത്തനഘട്ടം ശാസ്ത്രത്തിനോടു കടപ്പെട്ടിരിക്കുന്നതു്. ശാസ്ത്രീയമായ നമ്മുടെ പുരോഗമനത്തെ ഓൎത്തു പലപ്പോഴും നാം — പാശ്ചാത്യന്മാർ — അഭിമാനവിജൃംഭിതരാകാറുണ്ടു്. സംസ്കാരപരമായി നാം അതനുസരിച്ചു പിൻപോട്ടു പോയിട്ടില്ലെന്നു നാം വിസ്മരിച്ചു പോകുന്നു.

കുട്ടികൾ കളിപ്പാവകളെക്കൊണ്ടെന്നപോലെ നാം യന്ത്രങ്ങളെക്കൊണ്ടു കളിക്കുന്നു. യന്ത്രവുമായി ഇടപെടുന്ന മനുഷ്യനല്ല എൻെറ ആദൎശം എന്നു സമ്മതിച്ചേതീരു. സൊവിയററ വിദ്യാഭ്യാസരീതി ആദരാൎഹമാണെന്നു ഞാൻ വിചാരിക്കുന്നില്ല. എനിക്കഭിപ്രായമില്ല, പ്രേമം മനുഷ്യഹൃദയത്തിൽനിന്നു തീരെ ബഹിഷ്ക്കരിക്കേണ്ട ഒരു വികാരവിശേഷമാണെന്നു്. പ്രേമത്തിൻെറ പേരു കേട്ടാൽ ദയനീയമായി പുഞ്ചിരിയിടുകയും പഞ്ചവത്സരപദ്ധതിയിൽ ചേൎന്നു രാവും പകലും ഒരു പോലെ പരിസരങ്ങളെ മറന്നു പണിയെടുക്കുകയും ചെയ്യുന്ന റഷ്യൻ സ്ത്രീ റഷ്യൻ പുരുഷന്മാരുടെ ഹൃദയത്തിനു് ആകൎഷണീയയായി തോന്നിയേക്കാം. നമ്മുടെ വീക്ഷണകോണത്തിൽ അവൾ മാതൃകാസ്ത്രീയല്ലതന്നെ.

ഭാവിയിൽ ലോകത്തെ ഭരിക്കുവാനിരിക്കുന്ന മാതൃകാസ്ത്രീയെപ്പററി ഒന്നു നിൎവ്വചനം ചെയ്യുവാൻ ശ്രമിക്കുന്നതു് അസ്ഥാനത്തിലാകയില്ലെന്നു വിശ്വസിക്കുന്നു. അവൾ വെളുത്ത വൎഗ്ഗത്തിൽപ്പെട്ടതായിരിക്കുമോ, കറുത്തവൎഗ്ഗത്തിൽപ്പെട്ടതായിരിക്കുമോ, അതോ മഞ്ഞവൎഗ്ഗത്തിൽപ്പെട്ടതോ? അവൾ അതിലോലയായിരിക്കുമോ, പ്രതനുശരീരയായിരിക്കുമോ? അതോ പരിപുഷ്ടമായ മാംസപേശികളോടുകൂടിയ ഒരു കായികാഭ്യാസവിദഗ്ദ്ധയായിരിക്കുമോ? അവൾ യന്ത്രങ്ങളെ നിയന്ത്രിക്കുകയോ ഗവേഷണങ്ങൾ നടത്തുകയോ സന്താനങ്ങളെ വളൎത്തുകയോ എന്തായിരിക്കും ചെയ്യുക? ഇന്നത്തെ സ്ത്രീകളെക്കാൾ സുന്ദരിയായിരിക്കുമോ അവൾ? അതോ അതിലും വിലക്ഷണയായിരിക്കുമോ? ഇവയ്ക്കുള്ള ഉത്തരം തീരെ അജ്ഞാതവും അവയെ ഊഹിക്കുവാനുള്ള പരിശ്രമം തീരെ വ്യൎത്ഥവുമാണു്. ഇതാ എന്റെ നിൎവ്വചനം.

പതിനഞ്ചു വയസ്സായിരിക്കുമ്പോൾ അടുത്തഭാവിൽ നമ്മുടെ ജീവിതത്തെ മധുരമധുരമാക്കാനിരിക്കുന്ന ഒരു മാതൃകാസ്ത്രീയെപ്പററി നമ്മുടെ ഹൃദയത്തിൽ എന്തൊരു ചിത്രമാണു് പതിഞ്ഞിരുന്നതു് അതായിരിക്കണം നമ്മുടെ ആദൎശരൂപിണിയായ സ്ത്രീ !

വി. ആർ.

ചിന്താശകലങ്ങൾ.

"നിങ്ങൾ ഒരു ഓടക്കഷണമെടുത്തു അതിന്റെ അററം മുറിച്ചുകളയുക, അതിൽപ്പിന്നെ എണ്ണയോ മററോ ഒഴിച്ചുവെക്കുവാൻ സാധിക്കയില്ല. ഒരു പാത്രമെന്ന നിലയിൽ അതു് ഉപയോഗശൂന്യമായ്പ്പോയി. അതിൽ വരിവരിയായി ദ്വാരങ്ങൾ തുളക്കുകയാണെന്നിരിക്കട്ടെ, യാതൊരു ചിലവും കൂടാതെ നിങ്ങൾക്കു അതിൽക്കൂടി സംഗീതവൎഷം ചെയ്യാം."

ടാഗോർ.

"സ്നേഹത്തിന്റെ അടിക്കല്ലിന്മേൽ അടിയുറപ്പിക്കാത്ത എല്ലാ പരിഷ്കാരങ്ങളും ഇന്നല്ലെങ്കിൽ നാളെ ഇടിഞ്ഞു വീഴാതിരിക്കയില്ല. സ്നേഹത്തിന്റെ നിയമമായിരിക്കണം നിയമം; സാഹോദരത്വത്തിന്റെ ഐക്യമായിരിക്കണം ഐക്യം. മനുഷ്യർ മനുഷ്യരോടു മത്സരിക്കുന്നിടത്തോളം യഥാൎത്ഥമായ പരിഷ്കാരം എത്തിനോക്കുകയില്ല".

വയോള റിച്ചാഡ്സൺ.

UNIVERSITY 18 AUG. 1932 MADRAS